# ബജറ്റ് പ്രസംഗം

## 2016 - 2017

**ശ്രീ. ടി.ജെ. വിനോദ്**

**ഡെപ്യൂട്ടി മേയർ**

**2016 ഫെബ്രുവരി 27**

**കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ**

# ഉള്ളടക്കം


| | | പേജ് നമ്പർ |
|---|---|---|
| 1. | ആമുഖം | 11 |
| 2. | 2015-2016 ലെ പുതുക്കിയ ബജറ്റും 2016-2017 ലെ ബജറ്റ് നിർദ്ദേശവും | 16 |
| 3. | കൊച്ചി സ്മാർട്ട് സിറ്റീസ് പദ്ധതി | 16 |
| 4. | സ്മാർട്ട് കൊച്ചി-കർമ്മപദ്ധതി | 17 |
| 5. | കൊച്ചിയുടെ വികസനത്തിന് 'സ്പെഷ്യൽ ഫണ്ട്' | 19 |
| 6. | ഗവേണൻസ് | 19 |
| 7. | ജിയോഗ്രഫിക്കൽ ഇൻഫോർമേഷൻ സിസ്റ്റം | 20 |
| 8. | ഇ-ഗവേണൻസ് | 21 |
| 9. | ടാക്സ് ഓൺലൈൻ | 21 |
| 10. | സിറ്റിസൺസ് ഡിജിറ്റൽ ഡയറക്ടറി | 22 |
| 11. | ഫ്രണ്ട് ഓഫീസ് | 22 |
| 12. | കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം | 23 |
| 13. | ഇ-ജാലകം | 23 |
| 14. | ധനസ്ഥിതി | 23 |
| 15. | ധനസ്ഥിതി-മാനേജ്മെന്റ് | 24 |
| 16. | വരുമാന വർദ്ധന | 25 |
| 17. | വേക്കന്റ് പ്ലോട്ട് സെസ്സ് | 25 |
| 18. | സ്പെഷൽ ഡെവലപ്മെന്റ് ചാർജ്ജ് | 25 |
| 19. | മൊബൈൽ ടവർ ടാക്സ് | 26 |
| 20. | ഹാളുകളുടെ നടത്തിപ്പ് | 26 |

| | | |
|---|---|---|
| 21. | അനധികൃത നിർമ്മാണം | 27 |
| 22. | റീ-അസ്സസ്മെന്റ് | 27 |
| 23. | റെവന്യൂ അദാലത്ത് | 27 |
| 24. | നികുതിച്ചോർച്ച ഒഴിവാക്കൽ | 28 |
| 25. | പരസ്യബോർഡ് | 28 |
| 26. | സ്വകാര്യ സ്ഥലങ്ങളിലെ പരസ്യ ബോർഡ് | 28 |
| 27. | കടമുറികൾക്ക് തറനിരക്ക് | 29 |
| 28. | കേബിൾ ടി.വി.ക്ക് വിനോദ നികുതി | 29 |
| 29. | കമ്പനികൾക്ക് വസ്തു നികുതി പുനർനിർണ്ണയിക്കൽ | 30 |
| 30. | സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ നികുതി കുടിശ്ശിക പിരിക്കൽ | 30 |
| 31. | ഡി & ഒ ലൈസൻസ് | 31 |
| 32. | പ്രൊഫഷണൽ ടാക്സ് | 31 |
| 33. | കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ | 32 |
| 34. | സി.എസ്.ആർ. പൂൾ | 32 |
| 35. | എന്റർട്ടെയിൻമെന്റ് ടാക്സ് | 33 |
| 36. | ആസ്തി തിട്ടപ്പെടുത്തൽ | 33 |
| 37. | എസ്റ്റേറ്റ് മാനേജർ | 34 |
| 38. | പൊതുജനാരോഗ്യം | 34 |
| 39. | വെയിസ്റ്റ് ടു എനർജി പ്ലാന്റ് | 34 |
| 40. | നിലവിലുള്ള പ്ലാന്റ് | 35 |
| 41. | മാലിന്യനീക്കം | 35 |
| 42. | റൂട്ടിംഗ് ആന്റ് ടൈമിംഗ് | 35 |
| 43. | ബ്രഹ്മപുരം-റോഡുകൾ | 36 |

| | | |
|---|---|---|
| 44. | ഇ-വേയ്സ്റ്റ് വിമുക്ത നഗരം | 36 |
| 45. | പ്ലാസ്റ്റിക് മാലിന്യ ശേഖരണം | 36 |
| 46. | ഡ്രോപ്പ് ഓഫ് കം റിക്കവറി സെന്റർ | 37 |
| 47. | ഉറവിട മാലിന്യ സംസ്ക്കരണം | 37 |
| 48. | മാലിന്യശേഖരണവും ശുചിത്വവും - പ്രത്യേക പദ്ധതി | 37 |
| 49. | തൊഴിലാളികൾക്ക് യൂണിഫോം | 38 |
| 50. | തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി | 38 |
| 51. | കൊതുക് നിവാരണം | 39 |
| 52. | ഇന്റഗ്രേറ്റഡ് മോസ്കിറ്റോ കൺട്രോൾ പ്രോഗ്രാം | 39 |
| 53. | ഡി.പി.ആർ. | 40 |
| 54. | സ്വന്തമായി ജൈവ ലായിനി | 40 |
| 55. | ഡ്രൈ ഡേ | 40 |
| 56. | സ്വീവേജ് പദ്ധതി | 41 |
| 57. | സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് | 42 |
| 58. | വികേന്ദ്രീകൃത സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് | 42 |
| 59. | സ്റ്റോം വാട്ടർ മാനേജ്മെന്റ് സിസ്റ്റം | 43 |
| 60. | ഡ്രെയിനേജ് മാസ്റ്റർപ്ലാൻ | 44 |
| 61. | കനാലുകൾ | 45 |
| 62. | കനാൽ നവീകരണം | 46 |
| 63. | പഷ്ണിത്തോട് പുനർനിർമ്മാണം | 46 |
| 64. | കുടിവെള്ളം | 46 |
| 65. | മഴവെള്ള സംഭരണി | 48 |
| 66. | കൊച്ചി വാട്ടർ ഇൻഫർമേഷൻ സിസ്റ്റം | 48 |
| 67. | വാട്ടർ പോളിസിയുടെ ആക്ഷൻ പ്ലാൻ | 49 |

| | | |
|---|---|---|
| 68. | പൊതുഗതാഗതം | 49 |
| 69. | പൊതുസ്വകാര്യ പങ്കാളിത്തത്തോടെ റോഡ് നിർമ്മാണവും പരിപാലനവും | 51 |
| 70. | എം.ജി. റോഡിന് പുതിയ മുഖം | 52 |
| 71. | രാജേന്ദ്ര മൈതാനം മുതൽ ഗോശ്രീ പാലം വരെയുള്ള റോഡിന്റെ ആധുനികവൽക്കരണം | 53 |
| 72. | കെ.പി. വള്ളോൻ റോഡ് - പണ്ഡിറ്റ് കറുപ്പൻ റോഡ് | 54 |
| 73. | മോഡൽ റോഡ് | 54 |
| 74. | പനമ്പള്ളിനഗർ അവന്യൂ റോഡ് | 54 |
| 75. | പി.ടി. ഉഷ റോഡ് | 55 |
| 76. | ഗോശ്രീ-മാമഗലം റോഡ് | 55 |
| 77. | ഇന്ദിരാഗാന്ധി റോഡ് | 55 |
| 78. | തമ്മനം-പുല്ലേപ്പടി റോഡ് | 55 |
| 79. | എസ്.എ. റോഡ് വെസ്റ്റ് എക്സ്റ്റെൻഷൻ | 56 |
| 80. | കെ.ജെ. ഹർഷൽ റോഡ് | 56 |
| 81. | മാന്ത്ര കനാൽ-സൈഡ് റോഡ് | 56 |
| 82. | ഫോർട്ട്കൊച്ചി വെളി റോഡ് | 56 |
| 83. | കസ്തൂർഭനഗർ-കോന്തുരുത്തി-തേവര റോഡ് | 57 |
| 84. | പുല്ലേപ്പടി ടോൾ നിർത്തലാക്കും | 57 |
| 85. | കേബിളുകൾ അണ്ടർ ഗ്രൗണ്ട് ഡക്ടിലൂടെ | 57 |
| 86. | സ്ട്രീറ്റ് ലൈറ്റിംഗ് | 58 |
| 87. | മേൽപ്പാലങ്ങൾ | 58 |
| 88. | അണ്ടർപാസ് | 59 |
| 89. | ഫൂട്ട് ഓവർ ബ്രിഡ്ജ് | 59 |
| 90. | കുഴികളില്ലാത്ത റോഡുകൾ | 60 |

| | | |
|---|---|---|
| 91. | ആധുനിക ജംഗ്ഷനുകൾ | 60 |
| 92. | അംഗ പരിമിതർക്ക് പരിഗണന | 60 |
| 93. | ഷെയർ ഓട്ടോ സംവിധാനം | 61 |
| 94. | ബസ്സ് സർവ്വീസ് രാത്രികാലങ്ങളിൽ | 61 |
| 95. | ഫോർട്ട്കൊച്ചി ബസ്സ് സ്റ്റാന്റ് | 61 |
| 96. | വാഹനങ്ങൾക്ക് 'ഫ്രീ ലെഫ്റ്റ്' സൗകര്യം | 62 |
| 97. | പെഡസ്ട്രിയൻ ഫസ്റ്റ് | 62 |
| 98. | പെഡസ്ട്രിയൻ ക്രോസിംഗുകൾ- ടൈമിംഗ് | 62 |
| 99. | ജോസ് ജംഗ്ഷൻ മുതൽ അറ്റ്ലാന്റിസ് വരെ നടപ്പാത നവീകരണം | 63 |
| 100. | മിനി മറൈൻ വാക്ക്വേ | 63 |
| 101. | സൈൻ ബോർഡുകൾക്കുള്ള നിയന്ത്രണം | 64 |
| 102. | പാർക്കിംഗ് പോളിസി | 64 |
| 103. | പാർക്കിംഗ് | 65 |
| 104. | ഓട്ടോമേറ്റഡ് റോബോട്ടിക് കാർപാർക്കിംഗ് സിസ്റ്റം | 66 |
| 105. | ജലഗതാഗതം | 66 |
| 106. | റോ-റോ | 67 |
| 107. | പുതിയ ബോട്ട് സർവ്വീസ് | 67 |
| 108. | റോ-റോ ടെർമിനൽ | 67 |
| 109. | കച്ചേരിപ്പടിയിലും ഇടപ്പള്ളിയിലും പുതിയ വാണിജ്യ സമുച്ചയങ്ങളും മൾട്ടിലെവൽ പാർക്കിംഗ് സംവിധാനവും | 67 |
| 110. | കലൂർ ഷോപ്പിംഗ് കോംപ്ലെക്സ് | 68 |
| 111. | പള്ളുരുത്തിയിൽ പുതിയ വാണിജ്യ സമുച്ചയം | 68 |
| 112. | മാർക്കറ്റുകളുടെ നവീകരണം | 68 |

| | | |
|---|---|---|
| 113. | പള്ളുരുത്തി വെളി മാർക്കറ്റ് | 68 |
| 114. | സോളാർ സിറ്റി പദ്ധതി | 69 |
| 115. | പാർക്കുകൾ | 69 |
| 116. | കൊച്ചി മാസ്റ്റർ പ്ലാൻ | 69 |
| 117. | പോസ്റ്ററുകളും ബാനറുകളും | 70 |
| 118. | സിറ്റി ഗ്യാസ് പദ്ധതി | 71 |
| 119. | റെസിഡൻസ് അസോസിയേഷനുകൾ | 71 |
| 120. | ഡിസാസ്റ്റർ മാനേജ്മെന്റ് | 72 |
| 121. | പുതിയ തസ്തികകൾ | 72 |
| 122. | കൊച്ചിയുടെ പാരിസ്ഥിതിക നിലവാര വിലയിരുത്തൽ | 73 |
| 123. | എയർ ക്വാളിറ്റി ടെസ്റ്റിംഗ് | 73 |
| 124. | ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ | 74 |
| 125. | മംഗളവനം | 74 |
| 126. | വിദ്യാഭ്യാസം | 75 |
| 127. | സ്കൂൾ മാനേജ്മെന്റ് സിസ്റ്റം | 75 |
| 128. | ബെഡ്സ് റീഹാബിലിറ്റേഷൻ | 76 |
| 129. | എസ്.സി.പി. പദ്ധതി | 76 |
| 130. | സാമൂഹ്യക്ഷേമം | 76 |
| 131. | പ്രകാശ ഗോപുരം | 77 |
| 132. | എല്ലാവർക്കും ഭക്ഷണം | 78 |
| 133. | എല്ലാവർക്കും ഭവനം | 78 |
| 134. | വയോജന സംരക്ഷണം | 78 |
| 135. | വയോജന സംഗമം | 79 |
| 136. | വിഭിന്നശേഷിക്കാർക്ക് ഇൻഷ്വറൻസ് | 79 |

| | | |
|---|---|---|
| 137. | സ്നേഹതീരം | 79 |
| 138. | സാന്ത്വന സഹായം | 80 |
| 139. | അംഗൻവാടികൾ | 80 |
| 140. | ഹൃദയപൂർവ്വം | 80 |
| 141. | ഇടക്കൊച്ചിയിൽ പുതിയ അഗതി മന്ദിരം | 80 |
| 142. | എല്ലാവർക്കും ശുചിമുറി | 81 |
| 143. | സി.ഡി.എസ്.-എ.ഡി.എസ്.-കുടുംബശ്രീ പ്രവർത്തനം | 81 |
| 144. | സ്വയംതൊഴിൽ സംരംഭങ്ങൾ | 82 |
| 145. | നഗര ഉപജീവന കേന്ദ്രം | 82 |
| 146. | തൊഴിൽ പരിശീലനം | 82 |
| 147. | തെരുവ് കച്ചവടക്കാരുടെ ക്ഷേമം | 83 |
| 148. | ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് & മാനേജ്മെന്റ് ഓഫ് ഹോസ്പിറ്റൽസ് | 83 |
| 149. | ഹോമിയോ ഡിസ്പെൻസറികൾ | 84 |
| 150. | ആയുർവേദം | 84 |
| 151. | എ.ബി.സി.ഡി. കൊച്ചി (എ.ബി.സി.-എ.ആർ.ബി.) പദ്ധതി | 84 |
| 152. | വളർത്ത് നായ്ക്കളിൽ മൈക്രോ ചിപ്പ് | 85 |
| 153. | അറവുശാലകൾക്ക് ആധുനിക മുഖം | 85 |
| 154. | ശ്മശാനം | 86 |
| 155. | ഹെൽത്ത് ഫോർ ഓൾ സ്പോർട്സ് ഫോർ ഓൾ | 86 |
| 156. | കൊച്ചി സിറ്റി കപ്പ് | 86 |
| 157. | പനമ്പള്ളി നഗർ സ്കൂൾ ഗ്രൗണ്ട് ഡെവലപ്മെന്റ് | 87 |
| 158. | കായിക അടിസ്ഥാന വികസനം | 87 |
| 159. | കായിക താരങ്ങൾക്ക് നികുതി ഇളവ് | 87 |

160. ‘കൊച്ചി സ്പോർട്സ് ഡേ’ 88
161. കാർഷിക മേഖല 88
162. മത്സ്യബന്ധനം 89
163. ഫിഷ് ലാന്റിംഗ് സെന്റർ 90
164. വില്ലിംഗ്ടൺ ഐലന്റിൽ കൾച്ചറൽ സെന്റർ 90
165. മട്ടാഞ്ചേരി ടൂറിസം ഹെറിറ്റേജ് സെന്റർ 91
166. പി.ജെ. ആന്റണി സ്മാരകം 91
167. ഭാഷാ-സാംസ്കാരിക വൈവിധ്യം 91
168. ഫോർട്ട് കൊച്ചി ബീച്ച് 92
169. ലൈബ്രറികൾ 92
170. ഡിവിഷൻ വികസനം 92
171. ഉപസംഹാരം 93

## ആമുഖം

ബഹുമാന്യരെ,

1. കൊച്ചിയുടെ എക്കാലത്തേയും വികസനചരിത്രത്തിൽ സമാനതകളില്ലാത്ത അധ്യായങ്ങളെഴുതിച്ചേർത്തുകൊണ്ടാണ് കഴിഞ്ഞ ഭരണസമിതി പടിയിറങ്ങിയത്. ആ വികസനമുന്നേറ്റത്തെ കൊച്ചിയിലെ ജനങ്ങൾ തിരിച്ചറിയുകയും നെഞ്ചിലേറ്റുകയും ചെയ്തു എന്ന സത്യം ഞങ്ങളെ കൂടുതൽ ഉത്തരവാദിത്വബോധമുള്ളവരാക്കുകയും പ്രവർത്തനോർജ്ജമുള്ളവരാക്കുകയും ചെയ്യുന്നു.

2. കഴിഞ്ഞ അഞ്ചുവർഷക്കാലയളവുകളിലെ വികസന മുന്നേറ്റത്തെ കൂടുതൽ ശക്തമായി മുന്നോട്ട് കൊണ്ടുപോകുക എന്നതാണ് ഈ ഭരണസമിതിയുടെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം. അതെ, കൊച്ചിയുടെ സർവ്വോന്മുഖമായ വികസനം എന്നത് മാത്രമായിരിക്കും നമ്മുടെ മുന്നിലുള്ള ഏക ലക്ഷ്യം. അതിനാൽ ഇതൊരു തുടർച്ചയാണ്, ഇടർച്ചകളില്ലാത്ത തുടർച്ച.

3. ഈ ഒരു വികസനത്തുടർച്ചയുടെ പ്രധാന ഭാഗമായി നിലനിന്നുകൊണ്ട് ഈ വർഷത്തെ ബജറ്റ് അവതരിപ്പിക്കാൻ കഴിഞ്ഞതിൽ ഞങ്ങൾ അങ്ങേയറ്റം കൃതാർത്ഥരാണ്. നിറഞ്ഞ മനസ്സോടെയും അകമഴിഞ്ഞ സന്തോഷത്തോടെയുമാണ് ഈ വർഷത്തെ ബജറ്റ് അവതരണത്തിനായി ഞാനിവിടെ നിൽക്കുന്നത്.

4. കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ നമ്മുടെ കൊച്ചി ഏറെ മാറിയിരിക്കുന്നു. നഗരഹൃദയത്തിൽ ഉയർന്ന് നിൽക്കുന്ന തൂണുകൾക്ക് മുകളിലൂടെ ട്രാഫിക് കുരുക്കുകൾക്ക് വിട നൽകിക്കൊണ്ട് മെട്രോയിലേറി നാം സഞ്ചരിക്കുമെന്നത് ഇന്നൊരു സ്വപ്നമല്ല. കേരളത്തിന്റെ സർവ്വാദരണീയനായ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി പച്ചക്കൊടി കാണിച്ചതോടെ കൊച്ചി മെട്രോ അതിന്റെ പരീക്ഷണ ഓട്ടം ആരംഭിച്ചു

കഴിഞ്ഞു. പൊട്ടിപ്പൊളിഞ്ഞ റോഡുകളൊക്കെ ഇന്ന് ആധുനികരീതിയിൽ മികവോടെ ഗതാഗതത്തിന് സജ്ജമായിരിക്കുന്നു. കൊച്ചിയിലെ ഇടറോഡുകൾ വരെ ബി.എം.& ബി.സി. നിലവാരത്തിൽ ടാർ ചെയ്ത് സജ്ജമാക്കി.

5. റെയിൽവേ ഗേറ്റുകളിൽ കുടുങ്ങി നഷ്ടപ്പെടുന്ന സമയം ചരിത്രമായി മാറിയിരിക്കുന്നു. എത്രയെത്ര റെയിൽവേ മേൽപ്പാലങ്ങളാണ് നമ്മുടെ നഗരത്തിന് ലഭിച്ചത്. നോർത്ത്-സൗത്ത് ഓവർബ്രിഡ്ജുകളെ മാത്രം കേന്ദ്രീകരിച്ചായിരുന്ന നഗരത്തിലേക്കുള്ള പ്രവേശനം പുതുവഴികളും മേൽപ്പാലങ്ങളും നിർമ്മിച്ച് കൂടുതൽ എളുപ്പമാക്കി. നോർത്ത് മേൽപ്പാലം പൂർണ്ണമായും പുനർനിർമ്മിച്ച് നാലുവരി ഗതാഗതത്തിന് സജ്ജമാക്കി. അറ്റ്ലാന്റിസ് മേൽപ്പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്.

6. മണിക്കൂറുകളോളം ഗതാഗത തടസ്സമുണ്ടാകുന്ന ദേശീയപാത ബൈപ്പാസ്സിലെ ഇടപ്പള്ളി, പാലാരിവട്ടം, ജംഗ്ഷനുകളിൽ ഫ്ളൈഓവറുകൾ യാഥാർത്ഥ്യത്തിലേക്കടുത്തുകൊണ്ടിരിക്കുന്നു. വൈറ്റില, കുണ്ടന്നൂർ ഫ്ളൈഓവറുകൾ ഈ വർഷത്തെ സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി അടിയന്തിരമായി നിർമ്മിക്കുവാനുള്ള പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ തുടക്കം കുറിക്കുകയും കെ.എം.ആർ.എൽ. ഏറ്റെടുക്കുകയും ചെയ്ത 645 കോടി രൂപയുടെ ജലഗതാഗത പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതോടെ കൊച്ചിയുടെ ജലഗതാഗത രംഗത്ത് വൻ മാറ്റങ്ങൾക്ക് ഇടവരും. ചെലവ് കുറഞ്ഞതും സമയലാഭവും ഗതാഗത തടസ്സങ്ങളില്ലാത്തതുമായ ജലഗതാഗത മാർഗ്ഗം ജനങ്ങൾക്ക് ഒരു അനുഗ്രഹമായിരിക്കും. കൊച്ചിൻ ഷിപ്പ്യാർഡിൽ പണി പൂർത്തിയാകുന്ന റോ-റോ ജങ്കാർ കൊച്ചിയുടെ വാട്ടർ മെട്രോയായി മാറുമെന്ന കാര്യത്തിൽ സംശയമില്ല. ഇങ്ങനെ ഗതാഗതരംഗത്താകമാനം ഇതുവരെ കാണാത്ത വികസനക്കുതിപ്പാണ് നഗരത്തിൽ നടന്നുകൊണ്ടിരിക്കുന്നത്.

7. ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയിലുൾപ്പെടുത്തിയ പാഴൂർ കുടിവെള്ള പദ്ധതിയിലൂടെ കൊച്ചിയുടെ ജലക്ഷാമത്തിന് ഒരു പരിധി വരെ പരിഹാരം കാണാൻ സാധിച്ചതിൽ അഭിമാനമുണ്ട്. ഇതിന്റെ ഭാഗമായുള്ള മരട് ട്രീറ്റ്മെന്റ് പ്ലാന്റ് ഇന്ന് പൂർണ്ണമായും പ്രവർത്തന സജ്ജമായിട്ടുണ്ട്.

8. വർഷങ്ങളായി മുടങ്ങിക്കിടന്നിരുന്ന കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ പുതിയ ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിച്ചു. 18 മാസത്തിനുള്ളിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കുമെന്ന ദൃഢനിശ്ചയത്തോടെ ഈ കൗൺസിൽ മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നു. സിറ്റി ബ്യൂട്ടിഫിക്കേഷൻ പദ്ധതിയിലൂടെ വൈറ്റില മുതൽ ഇടപ്പള്ളിവരെയുള്ള എൻ.എച്ച് ൽ അടക്കം വിവിധ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ട് കൊച്ചിയുടെ പൊതുഇടങ്ങൾ മനോഹരമാക്കി.

9. കൊച്ചിയുടെ നിരത്തുകളിൽ ഇന്ന് കെട്ടിക്കിടക്കുന്ന മാലിന്യമില്ല എന്നത് മാലിന്യസംസ്ക്കരണരംഗത്ത് നാം നേടിയ വിജയത്തിന്റെ ഫലമായാണ്. മാലിന്യത്തെ ശാസ്ത്രീയമായ രീതിയിൽ സംസ്ക്കരിക്കാനാവശ്യമായ സംവിധാനം ഇന്ന് നമുക്ക് സ്വന്തമായുണ്ട്.

10. ആധുനികരീതിയിൽ പുനർനിർമ്മിച്ച എറണാകുളം, മട്ടാഞ്ചേരി ടൗൺ ഹാളുകൾ കൊച്ചിയുടെ കലാ-സാംസ്കാരിക-സാമൂഹിക കൂട്ടായ്മകൾക്ക് മുതൽക്കൂട്ടായി. കൊച്ചിക്കായലിനോട് ചേർന്ന് കിടക്കുന്ന സുഭാഷ് ചന്ദ്രബോസ് പാർക്ക് ഇന്ന് ലോകത്തെ മറ്റേതൊരു പാർക്കിനോടും കിടപിടിക്കാൻ പര്യാപ്തമാണ്.

11. ഇത്തരത്തിൽ നിരവധി പദ്ധതികളുടെ പൂർത്തീകരണത്തിലൂടെ ജനങ്ങൾക്കുണ്ടായ നേട്ടങ്ങൾ നിരവധിയാണ് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സ്മാർട്ട് സിറ്റീസ്, അമൃത്, സോളാർ സിറ്റി അടക്കമുള്ള വിവിധ പദ്ധതികൾ കൃത്യമായി നേടിയെടുക്കാനും നടപ്പിലാക്കാനുമുള്ള ഇച്ഛാശക്തി കാണിച്ചതു

കൊണ്ടാണ് വിവിധങ്ങളായ വികസനമാതൃകകൾക്ക് കൊച്ചി വേദി യായത്.

12. കാലം കാത്തിരുന്ന വികസനം സാധ്യമാക്കിയതിന്റെ ഫലമായി ജന ങ്ങൾ നൽകിയ അംഗീകാരത്തെ മറ്റെന്തിനേക്കാളും ഉയരത്തിൽ കാണു വാൻ ഞങ്ങൾ പ്രതിജ്ഞാബന്ധരാണ്.

13. കൊച്ചി നഗരം വളർച്ചയുടെ പുതിയ പാതയിലാണ്. ഈ വളർച്ചക്ക് അനുകൂലമായ സാഹചര്യം ഒരുക്കുക എന്നത് കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ പ്രധാന ഉത്തരവാദിത്വമാണ്. അത്തരം ശ്രമങ്ങൾക്ക് കളമൊരുക്കുക എന്നതിനാണ് ഈ ബജറ്റ് കൂടുതൽ ഊന്നൽ നൽ കുന്നത്.

14. ജനങ്ങൾ ജീവിക്കാനിഷ്ടപ്പെടുന്ന ഇന്ത്യയിലെ പ്രധാന നഗരങ്ങളിൽ ഒന്നായി കൊച്ചിയെ മാറ്റിയെടുക്കുക എന്ന പ്രവർത്തനം ഈ ഭരണ സമിതി ഏറ്റെടുക്കും. അതിനായി അടി മുതൽ മുടി വരെ നമ്മുടെ നഗരത്തെ പാകപ്പെടുത്തേണ്ടതുണ്ട്. പ്രാഥമികമായ അടിസ്ഥാന സൗ കര്യം മുതൽ ആധുനികമായ പുതിയ സംവിധാനങ്ങൾ വരെ ആസൂ ത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്. കുടിവെള്ളം, എല്ലാവർക്കും വീട്-വിദ്യാഭ്യാസം-തൊഴിൽ എന്നിവ ഉറപ്പ് വരുത്തും. പുതിയ റോ ഡുകൾ, കൂടുതൽ ഇടറോഡുകൾ, മെച്ചപ്പെട്ട പൊതുഗതാഗത സംവി ധാനം, ബസ് റൂട്ടുകളുടെ റീറൂട്ടിംഗ് എന്നിങ്ങനെ വിവിധ മാർഗ്ഗങ്ങൾ അവലംബിച്ച് കണക്ടിവിറ്റി വിപുലപ്പെടുത്തും. ക്രമസമാധാനം, സ്ത്രീ കളുടേയും കുട്ടികളുടേയും സുരക്ഷ എന്നിവ ഉറപ്പ് വരുത്തും, സൗജന്യ വൈ-ഫൈയുള്ള ഡിജിറ്റൽ നഗരം എന്നിങ്ങനെ സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ നടപ്പിലാക്കും. വിവിധ കേന്ദ്ര-സംസ്ഥാന സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഇത്തരം പ്രവർത്തനങ്ങൾ നടത്തി നമ്മുടെ നഗരത്തിന്റെ മേന്മ ഉയർത്തും.

15. ഇന്ത്യയിലെ 100 നഗരങ്ങളെ സ്മാർട്ട് സിറ്റികളാക്കി വികസിപ്പിക്കുക എന്ന ബഹുമാനപ്പെട്ട കേന്ദ്രസർക്കാരിന്റെ പദ്ധതിയിൽ ആദ്യത്തെ 20 നഗരങ്ങളുടെ പട്ടികയിൽ 5-ാം റാങ്കോടെ കൊച്ചി നഗരത്തെ തിരഞ്ഞെടുത്തത് അഭിമാനകരമായ നേട്ടമാണ്. ഇതോടെ മെട്രോ നഗരമായി മാറിക്കൊണ്ടിരിക്കുന്ന കൊച്ചി കൂടുതൽ 'സ്മാർട്ട്' ആകാനുള്ള അവസരമാണ് കൈവന്നിരിക്കുന്നത്. കൊച്ചിയുടെ വികസനത്തിന് ഏറ്റവും ശ്രദ്ധചെലുത്തേണ്ട മേഖല ഗതാഗത മേഖലയാണ്. പരമാവധി നഗരത്തിലെ ഗതാഗതക്കുരുക്കുകൾ കുറക്കാനുള്ള വിവിധ പദ്ധതികൾ ഈ ബജറ്റ് വിഭാവനം ചെയ്യുന്നുണ്ട്.

16. ഈ കൗൺസിൽ ചുമതലയേറ്റതിനു ശേഷമുള്ള ചെറിയ കാലയളവിനുള്ളിൽ തന്നെ പദ്ധതി നടത്തിപ്പിന് പുതിയൊരു ദിശാബോധം നൽകുന്നതിനു ലക്ഷ്യംവച്ചുകൊണ്ട് ഒരു '100 ദിന കർമ്മ പദ്ധതി'ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പരിമിതമായ സമയപരിധിക്കുള്ളിൽ തന്നെ 100 ദിന കർമ്മ പദ്ധതികളിൽ ഉൾപ്പെട്ട നല്ലൊരു ശതമാനം പദ്ധതികളും പ്രവർത്തന പഥത്തിലെത്തിക്കാൻ കഴിഞ്ഞതിന്റെ ചാരിതാർത്ഥ്യത്തിലാണ് ഈ കൗൺസിൽ. ഇ-വേസ്റ്റ് വിമുക്തനഗരം പദ്ധതി, ക്ലീൻ കൊച്ചി, ഫയൽ അദാലത്ത്, ബ്രഹ്മപുരത്ത് പ്ലാന്റ് നിർമ്മാണവുമായി ബന്ധപ്പെട്ട കരാർ ഒപ്പിടൽ എന്നിവ എടുത്തുപറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

17. കൊച്ചിയുടെ വികസനം ഒരർത്ഥത്തിൽ കേരളത്തിന്റെ തന്നെ വികസനമാണ്. കൊച്ചിയുടെ വികസനപ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കാനുള്ള ഭാരിച്ച ഉത്തരവാദിത്വമാണ് പ്രബുദ്ധരായ ജനത നമ്മളിലോരോരുത്തരിലും ചുമതലപ്പെടുത്തിയിരിക്കുന്നത്. ഓരോ ഡിവിഷനിലും നമുക്ക് മെച്ചപ്പെട്ട സൗകര്യങ്ങളും വികസനവും എത്തിക്കേണ്ടതുണ്ട്. അതിനായി കൂട്ടായ പ്രവർത്തനങ്ങളാണ് ആവശ്യം. ജാതി-മത-രാഷ്ട്രീയ-പ്രാദേശിക-കക്ഷി വ്യത്യാസങ്ങളില്ലാതെ നമുക്കെല്ലാവർക്കും ഒരുമിച്ച് പ്രവർത്തിക്കാം. ഒരുമയാണ് ശക്തി. ഒരുമിച്ച് നിന്നാൽ അസാധ്യമായത് ഒന്നുമില്ല.

18. നിശ്ചയദാർഢ്യത്തോടെ പുതിയൊരു കൊച്ചി പടുത്തുയർത്താൻ നമുക്ക് കൈകൾ കോർക്കാം. നമ്മുടെ നഗരത്തിനായി നമ്മളാൽ കഴിയുന്നതെല്ലാം പകർന്നു നൽകാം. അതിനായി നിങ്ങളോരോരുത്തരുടേയും സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ 2016-2017 വർഷത്തെ ബജറ്റ് ടാക്സേഷൻ ആന്റ് ഫിനാൻസ് കമ്മിറ്റിക്ക് വേണ്ടി കൗൺസിൽ മുൻപാകെ വിനയപൂർവ്വം അവതരിപ്പിക്കുന്നു.

## 2015-2016 ലെ പുതുക്കിയ ബജറ്റും 2016-2017 ലെ ബജറ്റ് നിർദ്ദേശവും

19. 2015-2016 ലെ 549,91,23,972 രൂപ വരവും 490,17,60,002 രൂപ ചെലവും 42,71,63,970 രൂപ നീക്കിബാക്കിയും പ്രതീക്ഷിക്കുന്ന പുതുക്കിയ ബജറ്റും.

20. 2016-2017 ലേക്ക് 883,55,98,970 രൂപ വരവും 840,95,02,339 രൂപ ചെലവും 24,57,96,631 രൂപ നീക്കിബാക്കിയും പ്രതീക്ഷിക്കുന്ന ബജറ്റ് എസ്റ്റിമേറ്റ് കൗൺസിലിന്റെ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

## കൊച്ചി സ്മാർട്ട് സിറ്റീസ് പദ്ധതി

21 കൊച്ചിയെ ലോക നഗരങ്ങളുടെ നിലവാരത്തിലേക്ക് ഉയർത്തുവാനുള്ള വലിയൊരു സാധ്യതയാണ് സ്മാർട്ട് സിറ്റീസ് പദ്ധതിയിലൂടെ നമുക്ക് കൈവന്നിരിക്കുന്നത്. അടിസ്ഥാന സൗകര്യ വികസനത്തിനോടൊപ്പം പൊതു സ്ഥലങ്ങളുടെ സംരക്ഷണത്തിനും ഗതാഗത സംവിധാനങ്ങൾ ആധുനികവൽക്കരിക്കുന്നതിനും സേവനങ്ങളുടെ കാര്യക്ഷമതയിലും ഏറെ ശ്രദ്ധപതിപ്പിച്ചുകൊണ്ടായിരിക്കും സ്മാർട്ട് സിറ്റിക്കായി തിരഞ്ഞെടുത്ത ഭൂപ്രദേശങ്ങളുടെ ഇനിയുള്ള വികസനം. ലോകത്തിലെ ഏത് വികസിത നഗരങ്ങളിലേയും പോലെ സ്മാർട്ട് കാർഡ് വഴി ഗതാഗത യാത്രാസൗകര്യവും സംവിധാനവും സർക്കാർ, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സേവനങ്ങളും ഇനി ജനങ്ങൾക്ക് ലഭ്യമാകും.

നാം കാത്തിരുന്ന വികസന സങ്കൽപ്പങ്ങളിലേക്കെത്താനുള്ള ആദ്യ ചുവട് പടിയാണ് സ്മാർട്ട് സിറ്റീസ്. പശ്ചിമ കൊച്ചിയിലെ ഫോർട്ട് കൊച്ചി, കൽവത്തി, ഈരവേലി, കരിപ്പാലം, മട്ടാഞ്ചേരി എന്നീ വാർഡുകളും എറണാകുളത്തെ സൗത്ത്, സെൻട്രൽ, നോർത്ത് എന്നീ വാർഡുകളുമാണ് ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ സിരാ കേന്ദ്രമാകുക.

22. അഞ്ചു വർഷത്തെ ശാസ്ത്രീയമായ ആസൂത്രണത്തിന്റേയും ദൂരക്കാഴ്ച്ചയുടേയും പിൻബലത്തോടെ വികസിപ്പിക്കുന്ന ഈ ഭാഗങ്ങൾ നമ്മുടെ നഗരത്തിന്റെ 'വികസന പരിപ്രേക്ഷ്യത്തിന്റെ' അടിത്തറയാകുകയാണ്. ഈ അടിത്തറയിലൂന്നി നഗരത്തിന്റെ എല്ലാ ഭാഗങ്ങളും ഒരുപോലെ 20 വർഷംകൊണ്ട് വികസിപ്പിച്ചെടുത്ത് നമ്മുടെ നഗരത്തെ ലോകനിലവാരത്തിലേക്കുയർത്താനുതകുന്ന സ്മാർട്ട് സിറ്റീസ് പദ്ധതിയുടെ നടത്തിപ്പിനായി ഈ നഗരത്തിലെ മുഴുവൻ ജനങ്ങളുടേയും പിന്തുണയും സഹകരണവും ഞാൻ ഈ വേളയിൽ അഭ്യർത്ഥിക്കുകയാണ്.

## സ്മാർട്ട് കൊച്ചി – കർമ്മപദ്ധതി

23. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തുവാനുദ്ദേശിക്കുന്ന വിവിധ കർമ്മപദ്ധതികളുടെ വിശദവിവരം ഇവിടെ ചേർക്കുന്നു.

24. 24x7 ശുദ്ധജല വിതരണം, ഇതിനാവശ്യമായ ജലവിതരണ ശൃംഖലയുടേയും പമ്പിംഗ് സ്റ്റേഷനുകളുടെയും പുനർനിർമ്മാണവും ആധുനികവൽക്കരണവും 100 ശതമാനം ഹൗസ്ഹോൾഡ് കണക്ഷൻ, മുഴുവൻ പ്രദേശത്തും ശാസ്ത്രീയമായ സ്വീവേജ് സംവിധാനം, വീടുകൾക്ക് കണക്ഷൻ, ശാസ്ത്രീയമായ ഡ്രൈനേജ് സംവിധാനം, മുഴുവൻ കനാലുകളുടേയും പുനരുദ്ധാരണം, ഗതാഗത സംവിധാനങ്ങളുടെ ആധുനികവൽക്കരണവും വിവിധ ഗതാഗത മാർഗ്ഗങ്ങളുടെ ഏകോപ

നവും യാത്രാ ആവശ്യത്തിനും സർക്കാർ മുനിസിപ്പൽ സേവനങ്ങൾക്കും ഉള്ള സ്മാർട്ട് കാർഡ്, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എല്ലാവർക്കും വീടുകൾ, വൈദ്യുതി സംവിധാനങ്ങളുടെ ആധുനികവൽക്കരണം, സ്മാർട്ട് മീറ്ററിംഗ് അടക്കമുള്ള സംവിധാനങ്ങൾ, ഫോർട്ട്കൊച്ചി-മട്ടാഞ്ചേരി പൈതൃക മേഖലയുടെ സംരക്ഷണം, പാർക്കുകളുടേയും പൊതുസ്ഥലങ്ങളുടേയും സംരക്ഷണവും സൗന്ദര്യവൽക്കരണവും ശാസ്ത്രീയമായി തയ്യാറാക്കിയ നടപ്പാതകളും സൈക്കിൾ ട്രാക്കുകളും കനാൽ തീരങ്ങളുടെ സൗന്ദര്യവൽക്കരണം, മെട്രോ റെയിൽ സ്റ്റേഷനും എറണാകുളം ബോട്ടുജെട്ടിയും ബന്ധിപ്പിച്ചുകൊണ്ടുള്ള ആധുനിക നടപ്പാത, പൊതു ശൗചാലയങ്ങളുടെ നിർമ്മാണം, വൈ-ഫൈയും സർവൈലൻസ് ക്യാമറകളും ഇലക്ട്രിക് വെഹിക്കിൾ ചാർജിംഗ് പോയിന്റും ഉൾപ്പടെയുള്ള എൽ.ഇ.ഡി. ലൈറ്റിംഗ് സൗകര്യം എന്നിവ സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി ഈ പ്രദേശത്ത് നിലവിൽ വരും.

25. അഞ്ചുവർഷം കൊണ്ട് 2000 കോടിയിലേറെ ചെലവഴിച്ചുകൊണ്ട് കൊച്ചി നഗരത്തിനെ സമൂലമായി മാറ്റി മറിക്കുന്ന ഈ പദ്ധതി വികസനത്തിന്റെ പുതിയൊരു ചരിത്രം സൃഷ്ടിക്കുകയാണ്, കൊച്ചിയുടേയും.

26. കേന്ദ്ര-സംസ്ഥാന സർക്കാരിന്റേയും കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റേയും പ്രതിനിധികളടങ്ങിയ ഒരു സ്പെഷൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയിരിക്കും സ്മാർട്ട് സിറ്റീസ് പദ്ധതിയുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കുക. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലിന്റെ തീരുമാനങ്ങളുമായി പൂർണ്ണമായും സഹകരിച്ചുകൊണ്ടായിരിക്കും ഈ എസ്.പി.വി. പ്രവർത്തിക്കുക.

27. ഈ പദ്ധതിക്കായി കേന്ദ്ര വിഹിതമായി ലഭിക്കുന്നത് 500 കോടി രൂപയായിരിക്കും. സംസ്ഥാന സർക്കാരിന്റേയും കൊച്ചി മുനിസിപ്പൽ

കോർപ്പറേഷന്റേയും വിഹിതമായ 577 കോടി രൂപയും കേന്ദ്ര-സംസ്ഥാനപദ്ധതികളുടെ സമന്വയം വഴി 505 കോടി രൂപയും മറ്റ് സാമ്പത്തിക സഹായമായി 494 കോടി രൂപയുമാണ് കൊച്ചിക്കായി ലഭിക്കുക.

28. നമ്മുടെ നഗരത്തിന്റെ ഭാവി ഭാഗധേയം തന്നെ മാറ്റിയെഴുതാൻ സാധിക്കുന്ന ഈ ബൃഹദ് പദ്ധതി നടപ്പിലാക്കേണ്ടത് നാം ഓരോരുത്തരുടേയും കടമയാണ്, കർത്തവ്യമാണ്. ഈ പദ്ധതിയുടെ നടത്തിപ്പിനായി കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഏറ്റെടുത്ത് നടപ്പിലാക്കേണ്ട എല്ലാ ചുമതലയും സമയബന്ധിതമായി തന്നെ പൂർത്തീകരിക്കുമെന്ന് കൗൺസിലിനുവേണ്ടി ഞാൻ ഈ അവസരത്തിൽ ഉറപ്പുനൽകുന്നു.

## കൊച്ചിയുടെ വികസനത്തിന് 'സ്പെഷ്യൽ ഫണ്ട്'

29. ഓരോ നിമിഷവും വളർന്നുകൊണ്ടിരിക്കുന്ന നഗരമാണ് കൊച്ചി. കേരളത്തിന്റെ വ്യവസായ തലസ്ഥാനമെന്ന നിലയിൽ സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ സിംഹഭാഗവും സംഭാവന നൽകുന്ന നഗരമാണ് കൊച്ചി. ആയതിനാൽ കൊച്ചിയുടെ വികസനത്തിനായി സംസ്ഥാന സർക്കാർ ഒരു 'സ്പെഷൽ ഫണ്ട്' രൂപീകരിക്കണമെന്ന നമ്മുടെ ആവശ്യത്തിന് പഴക്കമേറെയാണ്. ഈ ആവശ്യം നേടിയെടുക്കുന്നതിനായി എല്ലാ വിഭാഗം ജനങ്ങളുടേയും സഹകരണത്തോടെ ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തും.

## ഗവേണൻസ്

30. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ കർമ്മശേഷിയും ഭരണ നിർവ്വഹണവും കൂടുതൽ മെച്ചപ്പെടുത്തേണ്ടതും സേവനങ്ങൾ ജനങ്ങളിലേക്കെത്തിക്കേണ്ടതുമുണ്ട്. നമ്മുടെ സംവിധാനങ്ങൾ പൂർണ്ണമായും ആധുനികവൽ

ക്കരിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് ഈ ബജറ്റിലൂടെ തുടക്കം കുറിക്കുകയാണ്.

## ജിയോഗ്രഫിക്കൽ ഇൻഫോർമേഷൻ സിസ്റ്റം

31. വിവരസാങ്കേതിക വിദ്യ അതിവേഗം വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്ന നൂതനയുഗത്തിലാണ് നാമിന്ന് ജീവിക്കുന്നത്. ഓരോ പ്രദേശത്തിനും ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളും വികസനവും ഒരുക്കാൻ വിവരസാങ്കേതിക വിദ്യയെ ഇന്ന് ലോകം ഉപയോഗിക്കുന്നുണ്ട്. ഒരു പ്രദേശത്തെ വസ്തുവകകളുടെ വിവരങ്ങൾ, ഭൂവിനിയോഗ രീതി, ഭൂപ്രകൃതി എന്നിങ്ങനെ സകലമാന വിവരങ്ങളും ഇന്ന് സെക്കന്റുകൾക്കുള്ളിൽ ലഭ്യമാക്കാനുള്ള സാങ്കേതിക വിദ്യ ലഭ്യമാണ്. ജിയോഗ്രഫിക്കൽ ഇൻഫോർമേഷൻ സിസ്റ്റം അഥവാ ജി.ഐ.എസ്. സാങ്കേതിക വിദ്യയിലൂടെയാണ് ഇത് സാധ്യമാവുക.

32. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർക്കിടെക്ട്സ് കൊച്ചി ചാപ്റ്ററിന്റെ സഹകരണത്തോടെ ജി.ഐ.എസ്. സംവിധാനം ഏർപ്പെടുത്തുന്നതിന് ഒരു പ്രത്യേക സെൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കും. ഈ സെല്ലിന്റെ സഹായത്തോടെ ജി.ഐ.എസ്. മാപിംഗ് നടത്തി ഡിവിഷൻ തലത്തിൽ മാപ് തയ്യാറാക്കും. ഭരണനിർവ്വഹണത്തിന്റെ അടിസ്ഥാനത്തിൽ വിവിധ ലെയറുകളായി തിരിച്ച് ഇത് വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തും.

33. പബ്ലിക് യൂട്ടിലിറ്റി സർവ്വീസിന്റെ അവസ്ഥ, പ്രശ്നങ്ങൾ, പരാതി രജിസ്റ്റർ ചെയ്യൽ മുതൽ ബില്ലടയ്ക്കുന്നതും റവന്യൂ റെക്കോർഡുകൾ സൂക്ഷിക്കുന്നതും ഉടമസ്ഥാവകാശം സംബന്ധിച്ച റെക്കോർഡുകൾ സൂക്ഷിക്കുന്നതും സ്ഥലത്തിന്റെ ഉപയോഗവും പെർമിഷൻ ഡിക്ലയറിംഗും പരസ്യങ്ങളുടെ പൂർണ്ണ വിവരവുമടക്കം കൊച്ചി മുനിസിപ്പൽ കോർപ്പറേ

ഷനുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും അവയുടെ ശരിയായ മാനേജ്മെന്റും ഈ ജി.ഐ.എസ്. പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കും. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഭരണം ആധുനികവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട ഏറ്റവും സുപ്രധാനമായ പദ്ധതികളിലൊന്നാണിത്. ഈ പദ്ധതിക്കായി കെ.എസ്.യു.ഡി.പി. യുടെ സാമ്പത്തികവും സാങ്കേതികവുമായ സഹായം ലഭ്യമാക്കും.

34. ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തിക വർഷം ഒരു കോടി രൂപ നീക്കിവെക്കുന്നു.

## ഇ-ഗവേണൻസ്

35. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ എല്ലാ സേവനങ്ങളും ഓൺ ലൈൻ വഴി ജനങ്ങളിൽ എത്തിക്കുന്നതിനായി ഇ-ഗവേണൻസ് പദ്ധതി പൂർത്തീകരിച്ചുകൊണ്ട് 'പൂർണ്ണ ഇ-ഗവേൺഡ്' നഗരമായി കൊച്ചിയെ ഈ സാമ്പത്തികവർഷം തന്നെ മാറ്റും.

## ടാക്സ് ഓൺലൈൻ

36. എല്ലാ തരത്തിലുള്ള നികുതികളും ഓൺലൈനിലൂടെ അടയ്ക്കുന്നതിനുള്ള സംവിധാനം നിലവിൽ വരുത്തും. യഥാസമയം നികുതി ദായകരിൽ നിന്നും നികുതി പിരിക്കാൻ കഴിഞ്ഞാൽ കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധിക്ക് വലിയൊരളവ് വരെ പരിഹാരമാകും. ഇ-ഗവേണൻസ് പ്രാവർത്തികമാക്കുന്നതോടെ നികുതി കുടിശിക കണ്ടെത്തുവാൻ നിഷ്പ്രയാസം കഴിയും എന്നത് നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുവാൻ ഗുണകരമാവും. ഓൺലൈൻ വഴി അപേക്ഷകളും സർട്ടിഫിക്കറ്റുകളും ലഭ്യമാകും.

## സിറ്റിസൺസ് ഡിജിറ്റൽ ഡയറക്ടറി

37. നഗരത്തിലെ മുഴുവൻ താമസക്കാരുടേയും മൊബൈൽ നമ്പർ, ഇ-മെയിൽ ഐ.ഡി., വാട്സ്സ് അപ്പ് നമ്പർ അടക്കമുള്ള ഡാറ്റ ശേഖരിച്ചു കൊണ്ട് 'സിറ്റിസൺസ് ഡിജിറ്റൽ ഡയറക്ടറി' തയ്യാറാക്കും. കൊച്ചി മുനിസിപ്പൽ കോർപ്പറേഷനുമായി ബന്ധപ്പെട്ട വാർത്തകളും വിവരങ്ങളും കൈമാറുന്നതിനും നികുതികൾ അടക്കുന്നതിനുള്ള മുന്നറിയിപ്പുകൾ നൽകുന്നതിനും മറ്റുമായി കൊച്ചി മുനിസിപ്പൽ കോർപ്പറേഷനും ജനങ്ങളും തമ്മിലുള്ള ഒരു ആശയ വിനിമയ ചാനൽ എന്ന നിലയിലാണ് ഈ സംവിധാനം പ്രയോജനപ്പെടുത്തുക.

38. മുഴുവൻ സേവനങ്ങളും മൊബൈൽ ആപ്ലിക്കേഷൻ വഴി ലഭ്യമാവുന്ന എം-ഗവേണൻസ് സംവിധാനവുമായി ഇതിനെ ബന്ധപ്പെടുത്തും.

39. ഈ പദ്ധതിക്കായി അഞ്ച് ലക്ഷം രൂപ നീക്കിവെക്കുന്നു.

## ഫ്രണ്ട് ഓഫീസ്

40. കോർപ്പറേഷൻ മെയിൻ ഓഫീസിലും എല്ലാ സോണൽ ഓഫീസിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തും.

41. ഇതിന്റെ ഭാഗമായി ഈ സാമ്പത്തിക വർഷം കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ മെയിൻ ഓഫീസിൽ ടച്ച് സ്ക്രീൻ സംവിധാനം ഏർപ്പെടുത്തി അപേക്ഷകളിൻമേലുള്ള നടപടികൾ അറിയാൻ അവസരം ഒരുക്കും.

42. പരാതി പരിഹാരത്തിന് പ്രത്യേക സെൽ ഒരുക്കും. ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തി ജനങ്ങൾക്ക് അവരുടെ പരാതികൾ രജിസ്റ്റർ ചെയ്യാൻ സൗകര്യം ഒരുക്കും. ഘട്ടം ഘട്ടമായി എല്ലാ മേഖലാ ഓഫീസുകളിലും ഈ സൗകര്യം ഏർപ്പെടുത്തും.

## കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം

43. കൗൺസിലർമാർക്കും മുഴുവൻ ജീവനക്കാർക്കും കേരള മാനേജ്മെന്റ് അസോസ്സിയേഷനുമായി ചേർന്ന് ഗുഡ് ഗവേണൻസ്, മാനേജ്മെന്റ്, സർവ്വീസ് ഡെലിവറി എന്നീ വിഷയങ്ങൾ അധികരിച്ചുള്ള ട്രെയിനിംഗ് പരിപാടികൾ സംഘടിപ്പിക്കും. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ ഇൻസ്റ്റിറ്റ്യൂഷണൽ കപ്പാസിറ്റി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ യാണ് ഈ പദ്ധതി തയ്യാറാക്കുന്നത്.

## ഇ-ജാലകം

44. ഓൺലൈൻ സേവനങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നതിനും അത് ജനങ്ങൾ ഉപയുക്തമാക്കുന്നു എന്ന് ഉറപ്പാക്കുന്നതിനും എല്ലാ ഡിവിഷ നുകളേയും കേന്ദ്രീകരിച്ച് പൊതുജനങ്ങൾക്കായി ട്രെയിനിംഗ് പ്രോ ഗ്രാം സംഘടിപ്പിക്കും. ഇതിനായി സെന്റ്. തേരേസാസ് കോളേജ് വികസിപ്പിച്ചെടുത്ത ഇ-ജാലകം എന്ന സംവിധാനം ഉപയോഗപ്പെടു ത്തും.

45. ഇ-ജാലകം വികസിപ്പിച്ചെടുത്ത വിദഗ്ദ്ധരുടെ സംഘമായിരിക്കും ഈ പദ്ധതി നടപ്പിലാക്കുന്നതിനായി നേതൃത്വം നൽകുക.

46. ഇ-ജാലകം സംവിധാനത്തിനായി 10 ലക്ഷം രൂപ നീക്കി വെക്കുന്നു. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ വിഹിതവും സി.എസ്.ആർ. ഫണ്ടും ഉപയോഗിച്ചായിരിക്കും പദ്ധതി നടപ്പിലാക്കുക.

## ധനസ്ഥിതി

47. ഈ നഗരവും ജനങ്ങളും ആഗ്രഹിക്കുന്ന തരത്തിലുള്ള വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ധനസ്ഥിതി അല്ല കൊച്ചി മുനിസി പ്പൽ കോർപ്പറേഷന്റേത് എന്ന് എല്ലാവർക്കും അറിയാവുന്ന വസ്തു

തയാണ്. കുടിവെള്ളത്തിന്റെ കാര്യത്തിലെന്നപോലെ 'സപ്ലൈയും ഡിമാന്റും' തമ്മിലുള്ള വിടവ് വളരെ വലുതാണ്. ആയതുകൊണ്ട് തന്നെ ഓരോ ബജറ്റുകളിലും ജനങ്ങളാഗ്രഹിക്കുന്നതും നടപ്പിലാക്കാനുദ്ദേശിച്ചുകൊണ്ട് ഉൾപ്പെടുത്തുന്നതുമായ പദ്ധതികളും പരിപാടികളും പലപ്പോഴും നടപ്പിലാവാതെ പോകാറുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളിൽപ്പോലും കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ വിഹിതം പൂർണ്ണമായും കണ്ടെത്താനാവാത്ത അവസ്ഥയാണുള്ളത്. ഈ പരിതസ്ഥിതിയിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചേ മതിയാകൂ. ആയതുപോലെ ചെലവ് ചുരുക്കുന്ന കാര്യത്തിലും നാം പ്രത്യേക ശ്രദ്ധ നൽകേണ്ടതുണ്ട്.

## ധനസ്ഥിതി-മാനേജ്മെന്റ്

48. പല വിദഗ്ദ്ധ ഏജൻസികളും നടത്തിയ പഠനം സൂചിപ്പിക്കുന്നത് കൊച്ചി പോലുള്ള ഒരു മഹാനഗരത്തിൽ നിന്ന് ലഭിക്കേണ്ടതായ അർഹതപ്പെട്ട വരുമാനം ഒരിക്കലും കൊച്ചി മുനിസിപ്പൽ കോർപ്പറേഷന് കിട്ടുന്നില്ല എന്നതാണ്. ഈ ഗൗരവമായ അവസ്ഥയെ വിശദമായി മനസ്സിലാക്കി നമുക്ക് ലഭിക്കേണ്ട എല്ലാ വരുമാനവും കൃത്യമായി ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്താനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ശാസ്ത്രീയമായി പഠിച്ച് കോർപ്പറേഷനെ സഹായിക്കുന്നതിന് ഒരംഗീകൃത വിദഗ്ദ്ധ ഏജൻസിയെ നിയോഗിക്കും. മൂന്ന് മാസത്തിനകം ഈ എജൻസിയോട് റിപ്പോർട്ട് നൽകാൻ ആവശ്യപ്പെടും. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാമ്പത്തികകാര്യ പരിപാടിക്ക് ഈ സാമ്പത്തിക വർഷം തന്നെ തുടക്കം കുറിക്കും.

49. ഇതിന്റെ പ്രാഥമിക ചെലവുകൾക്കായി 10 ലക്ഷം രൂപ നീക്കിവെക്കുന്നു.

## വരുമാന വർദ്ധന

50. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ വികസനത്തിനും പുതിയ പദ്ധതികൾ രൂപകല്പ്പന ചെയ്യുന്നതിനും വരുമാന വർദ്ധനവ് ആവശ്യമാണ്. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ഈ വർഷം വിവിധങ്ങളായ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

## വേക്കന്റ് പ്ലോട്ട് സെസ്സ്

51. ഒഴിഞ്ഞു കിടക്കുന്ന പ്ലോട്ടുകൾ കൊതുകുകൾ അടക്കമുള്ള ജീവികളുടെ വളർത്തു കേന്ദ്രമായും മാലിന്യ നിക്ഷേപ കേന്ദ്രമായും സാമൂഹ്യ വിരുദ്ധ പ്രവർത്തന കേന്ദ്രമായും മാറുന്ന സാഹചര്യം നിലവിലുണ്ട്. ഈ സാഹചര്യം ഒഴിവാക്കുന്നതിനായി ഒരു 'വേക്കന്റ് പ്ലോട്ട് സെസ്സ്' ഈ സാമ്പത്തിക വർഷം മുതൽ നിലവിൽ വരും. ഉടമസ്ഥൻ ശരിയായ രീതിയിൽ പരിപാലിക്കാത്ത ഇത്തരം ഒഴിഞ്ഞ പറമ്പുകൾ പ്രാദേശികമായ കലാ-കായിക ആവശ്യത്തിനായി വിട്ടുകൊടുക്കുകയാണെങ്കിൽ സെസ്സിൽനിന്നും ഒഴിവാകും. ഇതിനായി പ്രത്യേക ബൈലോ തയ്യാറാക്കും. സർക്കാർ അംഗീകാരത്തോടുകൂടി നടപ്പിലാക്കും.

52. ഇതിലൂടെ ഒരു കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

## സ്പെഷൽ ഡെവലപ്മെന്റ് ചാർജ്ജ്

53. മെട്രോ സ്റ്റേഷനും പരിസരവും പ്രധാന വാണിജ്യ-വ്യാപാര കേന്ദ്രങ്ങളായി മാറുകയാണ്. ഈ പ്രദേശങ്ങളിൽ സ്ഥാവര-ജംഗമ വസ്തുക്കളുടെ മൂല്യവും ഏറെ വർദ്ധിക്കുന്നു. ഈ സാഹചര്യത്തിൽ മെട്രോ സ്റ്റേഷന്റെ 500 മീറ്റർ ചുറ്റളവിലുള്ള പ്രദേശങ്ങൾക്ക് ബാംഗ്ലൂർ മെട്രോ മാതൃകയിൽ സ്പെഷൽ ഡെവലപ്മെന്റ് ചാർജ്ജ് ഏർപ്പെടുത്താൻ തീരുമാനിക്കുന്നു. ഈ സ്പെഷൽ ഡെവലപ്മെന്റ് ചാർജ്ജിന്റെ ഘടന, ബൈലോ എന്നിവ മൂന്ന് മാസത്തിനുള്ളിൽ തയ്യാറാക്കുന്നതും

ആവശ്യമായ സർക്കാർ അനുമതികളോടെ നടപ്പിൽ വരുത്തുന്നതു മാണ്.

54. ഇതിലൂടെ 10 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

## മൊബൈൽ ടവർ ടാക്സ്

55. നഗരത്തിൽ 250 ഓളം മൊബൈൽ ടവറുകൾ ഉണ്ട്. പല ടവറുകളും ഒന്നിലധികം സേവനദാതാക്കൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഈ ടവറുകളിൽ നിന്നും വളരെ തുച്ഛമായ വരുമാനമാണ് കൊച്ചി മുനിസി പ്പൽ കോർപ്പറേഷന് ലഭിക്കുന്നത്. ഈ പശ്ചാത്തലത്തിൽ മൊബൈൽ ടവറിൽ നിന്നും ടാക്സ് പിരിക്കുന്നത് സംബന്ധിച്ച് ഒരു ബൈലോ തയ്യാറാക്കി സർക്കാർ അനുമതിയോടെ നടപ്പിലാക്കും.

56. ഇതിലൂടെ രണ്ട് കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

## ഹാളുകളുടെ നടത്തിപ്പ്

57. നഗരത്തിൽ എല്ലാ ഡിവിഷനുകളിലും എ.ഡി.എസ്./സി.ഡി.എസ്. അടക്കമുള്ള നിരവധി കമ്മ്യൂണിറ്റി ഹാളുകൾ ഉണ്ട്. ഈ ഹാളുകളിൽ നിന്നും യാതൊരു തരത്തിലുള്ള വരുമാനവും കൊച്ചി മുനിസിപ്പൽ കോർപ്പറേഷന് ലഭിക്കുന്നില്ല. ഇവയുടെ മെയിന്റനൻസിനായി വലി യൊരു തുക ചെലവാക്കുന്നുമുണ്ട്. ഈ സാഹചര്യത്തിൽ ഇത്തരം ഹാളുകളുടെ നടത്തിപ്പ് സംബന്ധിച്ച് ബൈലോ തയ്യാറാക്കുകയും ഔദ്യോഗികമല്ലാത്ത പരിപാടികൾക്കായി വാടക ഈടാക്കുകയും ചെയ്യും.

58. ഇത് വഴി ഈ വർഷം 50 ലക്ഷം രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

## അനധികൃത നിർമ്മാണം

59. കെട്ടിടങ്ങളുടെ മുകളിൽ അനധികൃത നിർമ്മാണം (മെറ്റൽ റൂഫ്) നടത്തി താമസത്തിനും വ്യാപാരാവശ്യത്തിനും ഉപയോഗിക്കുന്ന എല്ലാ നിർമ്മാണങ്ങളും കണ്ടെത്തി പിഴ ചുമത്തുകയും നികുതി ഈടാക്കുകയും ചെയ്യും. കൂടാതെ ഡോർമെറ്ററിക്കായി അനുമതി വാങ്ങിയ ശേഷം ഉപയോഗമാറ്റം വരുത്തി കച്ചവടാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് പിഴ ചുമത്തി നികുതി പിരിക്കും.

60. ഇതിലൂടെ അഞ്ച് കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

## റീ-അസ്സസ്മെന്റ്

61. നഗരത്തിന്റെ പ്രധാനപ്പെട്ട പാർപ്പിട മേഖലകൾ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ റസിഡൻഷ്യലായി നികുതി കണക്കാക്കിയിട്ടുള്ള കെട്ടിടങ്ങളിൽ കൊമേഴ്സ്യൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ അത്തരത്തിലുള്ള മുഴുവൻ കെട്ടിടങ്ങളും കേരള മുനിസിപ്പൽ നിയമം അനുസരിച്ച് റീ-അസ്സസ് ചെയ്ത് പുതിയ നികുതി ചുമത്തും.

62. ഇതിലൂടെ അഞ്ച് കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

## റെവന്യു അദാലത്ത്

63. ഭീമമായ നികുതി കുടിശ്ശിക നഗരത്തിലെ വികസന പ്രവർത്തനങ്ങളേയും ഭരണത്തേയും സാരമായി ബാധിച്ചുകൊണ്ടിരിക്കുകയാണ്. കുടിശ്ശികയിൽ പലതും നിയമ നടപടികളിലും മറ്റും കുടുങ്ങിക്കിടക്കുന്നു. ആയതിന്റെ പശ്ചാത്തലത്തിൽ ബഹുമാനപ്പെട്ട ഡിസ്ട്രിക്ട് ലീഗൽ സർവ്വീസസ്സ് അതോറിറ്റിയുടെ സഹായത്തോടെ ഏപ്രിൽ-മേയ് മാസങ്ങളിൽ റെവന്യു അദാലത്ത് സംഘടിപ്പിച്ചുകൊണ്ട് തർക്ക വിഷയങ്ങൾക്ക് പരിഹാരം കണ്ടുകൊണ്ട് കുടിശ്ശിക പിരിച്ചെടുക്കും.

64. ഈ അദാലത്തിലൂടെ 20 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

## നികുതിച്ചോർച്ച ഒഴിവാക്കൽ

65. ട്യൂട്ടോറിയലുകൾ അടക്കമുള്ള സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളും ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യേണ്ട തുണ്ടെങ്കിലും പല സ്ഥാപനങ്ങളും ഇതിൽ നിന്ന് വിട്ടുനിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഈ സാമ്പത്തികവർഷം ഇത്തരം മുഴുവൻ സ്ഥാപ നങ്ങളും രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

## പരസ്യ ബോർഡ്

66. നഗരത്തിൽ യാതൊരു കാരണവശാലും പുതിയ പരസ്യ ബോർഡുകൾ ഇനി അനുവദിക്കുന്നതല്ല. എല്ലാ പരസ്യ ബോർഡുകളിലും ആർ.എഫ്. ഐ.ഡി. സംവിധാനം ഏർപ്പെടുത്തും. കൂടാതെ ചെറിയ റോഡുകളിൽ നിുള്ള പരസ്യ ബോർഡുകളിൽ നിന്നും ഫീസ് പിരിക്കുവാൻ സാധി ക്കുന്നില്ല. ആയത് ടെണ്ടർ ചെയ്ത് വരുമാനം കണ്ടെത്തും.

67. പൊതുസ്ഥലങ്ങളിൽ പരസ്യ ബോർഡുകളുമായി ബന്ധപ്പെട്ട്, ബോർ ഡിന്റെ വലിപ്പം നിശ്ചയിച്ച് സ്ഥലത്തിന്റെ പ്രാമുഖ്യം കണക്കാക്കി ഫീസ് നിശ്ചയിക്കും.

68. ഇതിലൂടെ ഒരു കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

## സ്വകാര്യ സ്ഥലങ്ങളിലെ പരസ്യ ബോർഡ്

69. വ്യക്തികളുടെ വസ്തുക്കളിൽ ഇരിക്കുന്ന പല ഹോർഡിങ്ങുകളും കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുസരിച്ച് ആവശ്യമായ പെർമിറ്റ് എടുക്കാതെയും നിയമപ്രകാരമുള്ള പരസ്യ നികുതി അടക്കാതെയു മാണ് സ്ഥാപിച്ചിട്ടുള്ളത്. ഇത്തരം മുഴുവൻ ബോർഡുകൾക്കും കെട്ടിട

നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി നഗരത്തിലെ റോഡുകളുടേയും സ്ഥലത്തിന്റേയും പ്രാധാന്യം തിരിച്ച് നികുതി ചുമത്തും.

70. ഇതിലൂടെ ഈ സാമ്പത്തിക വർഷം രണ്ട് കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

## കടമുറികൾക്ക് തറനിരക്ക്

71. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ മാർക്കറ്റുകളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലുമുള്ള കടമുറികൾക്ക് തറനിരക്കിൽ ഒരു ക്രമീ കരണം ആവശ്യമാണ്. വാടക നിരക്കിൽ ഭീമമായ അന്തരവും വരു മാനത്തിൽ ചോർച്ചയും ഉള്ളതായി കാണുന്നു. ഇത് പരിഹരിക്കുന്ന തിനായി പ്രാദേശിക അടിസ്ഥാനത്തിൽ മാർക്കറ്റുകളിലേയും ഷോപ്പിംഗ് കോപ്ലക്സുകളിലേയും കടമുറികൾക്ക് മിനിമം വാടക നിശ്ചയിക്കു കയും മിനിമത്തിൽ കുറവുള്ള വാടക പുതുക്കി നിശ്ചയിച്ച് പുതിയ വാടക ഈടാക്കുന്നതിനും തീരുമാനിക്കുന്നു. തറ നിരക്ക് അനുവദി ച്ചിട്ടുള്ള ഏരിയയേക്കാൾ കൂടുതൽ കെട്ടിയെടുക്കുകയും ഉപയോഗി ക്കുകയും ചെയ്യുന്ന കെട്ടിടങ്ങൾ/കടമുറികൾ കണ്ടെത്തി നിയമപര മായി നടപടി സ്വീകരിക്കും. അത്തരം കടമുറികൾ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഏറ്റെടുത്ത് ടെണ്ടർ ചെയ്യും.

72. ഇതിലൂടെ ഒരു കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

## കേബിൾ ടി.വി.ക്ക് വിനോദ നികുതി

73. സിനിമാ വ്യവസായ രംഗത്ത് ഉണ്ടായിട്ടുള്ള പ്രതിസന്ധി നിമിത്തം നമ്മുടെ വരുമാനത്തിന്റെ മുഖ്യ ഇനമായിരുന്ന വിനോദ നികുതിയിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്. അതേസമയം തന്നെ കേബിൾ ടി.വി. രംഗത്ത് അഭൂത പൂർവ്വമായ വളർച്ചയാണുണ്ടായിട്ടുള്ളത്. നഗരത്തിന്റെ പശ്ചാത്തല സൗകര്യങ്ങൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർ ഉപ

യോഗപ്പെടുത്തുന്നുണ്ടെങ്കിലും ഇതിൽ നിന്ന് കാര്യമായ യാതൊരു വരുമാനവും നമുക്ക് ലഭിക്കുന്നില്ല. ആയതിനാൽ മുനിസിപ്പൽ നിയമത്തിലെ 230-ാം വകുപ്പ് പ്രകാരം കേബിൾ ടി.വി ഓപ്പറേറ്റേഴ്സിൽ നിന്നും പ്രതിമാസം കണക്ഷൻ ഒന്നിന് 10 രൂപ നിരക്കിൽ പ്രദർശന നികുതി ഈടാക്കുന്നതാണ്.

74. ഈ ഇനത്തിൽ രണ്ട് കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

## കമ്പനികൾക്ക് വസ്തു നകുതി പുനർനിർണ്ണയിക്കൽ

75. മേഡേൺ ബ്രഡും ബി.എസ്.എൻ.എൽ. ലും ഉൾപ്പടെയുള്ള നിരവധി സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ നേരത്തേ ഗവൺമെന്റ് സ്ഥാപനമെന്ന നിലയ്ക്ക് പിരിച്ചിരുന്ന സർവ്വീസ് ചാർജിന് പുറമേ വസ്തു നികുതിയും ഈടാക്കേണ്ടതുണ്ട്. ഇത്തരം സ്വകാര്യവൽക്കരിക്കപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃതമായി നികുതി പിരിക്കുന്നതാണ്.

76. ഈ ഇനത്തിൽ 50 ലക്ഷം രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

## സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ നികുതി കുടിശ്ശിക പിരിക്കൽ

77. കേന്ദ്ര-സംസ്ഥാന സർക്കാരിനു കീഴിലുള്ള സ്ഥാപനങ്ങൾ കെട്ടിട നികുതി അടയ്ക്കാത്തതുമൂലം ഭീമമായ നികുതി കുടിശ്ശികയായ സാഹചര്യം നിലവിലുണ്ട്. കെ.എസ്.ആർ.ടി.സി., ജി.സി.ഡി.എ., ഹൗസിംഗ് ബോർഡ്, കെ.എഫ്.സി., സിവിൽ സപ്ലൈസ്, സെയിൽ ടാക്സ്, ഇൻകം ടാക്സ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് കുടിശ്ശികയായി കിടക്കുന്ന നികുതിയും സർവ്വീസ് ടാക്സും പിരിച്ചെടുക്കുന്ന നടപടി ശക്തമായി സ്വീകരിക്കുന്നതാണ്.

78. ഇതിലൂടെ മൂന്ന് കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

## ഡി&ഒ ലൈസൻസ്

79. ഡി&ഒ ലൈസൻസ് 1996 ഏപ്രിലിനുശേഷം പുതുക്കാത്തതിനാൽ വരുമാനത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. ഇത് പരിഹരിക്കുന്ന തിനായി ലൈസൻസ് ഷെഡ്യൂൾ പുനർനിർണ്ണയിക്കേണ്ടതാണ്. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ പ്രധാന വരുമാനമായിരിക്കേണ്ട ഡി&ഒ ലൈസൻസിൽ നിന്ന് ഇപ്പോൾ വെറും ഒരു കോടി നാൽപ്പത്തി അഞ്ച് ലക്ഷം രൂപ മാത്രമാണ് പിരിച്ചുകൊണ്ടിരിക്കുന്നത്.

80. ഷെഡ്യൂൾ ക്രമീകരിക്കുന്നതിലൂടെ ലൈസൻസ് ഫീ മുൻകൂറായിതന്നെ അടയ്ക്കേണ്ടി വരുന്നതിനാൽ ഈ ഇനത്തിൽ രണ്ട് കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

## പ്രൊഫഷണൽ ടാക്സ്

81. പ്രൊഫഷണൽ ടാക്സ് പിരിക്കൽ കാര്യക്ഷമമാക്കേണ്ടത് അനിവാര്യ മാണ്. ഇക്കാര്യത്തിൽ റെവന്യു ഇൻസ്പെക്ടർമാർ തങ്ങളുടെ അധികാര പരിധിയിൽ വരുന്ന മുഴുവൻ തൊഴിൽ സ്ഥാപനങ്ങളിൽനിന്നും നികുതി പിരിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതും തൊഴിൽ നികുതി അട യ്ക്കാത്ത സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും എതിരെ പ്രോസിക്യൂ ഷൻ നടപടി സ്വീകരിക്കേണ്ടതുമാണ്. വൻകിട ചെറുകിട കച്ചവട ക്കാരും ഇൻകം ടാക്സ് നൽകുന്ന സ്വയംതൊഴിലിൽ ഏർപ്പെട്ടിട്ടുള്ള ഡോക്ടർമാർ, എൻജിനീയർമാർ, ചാർട്ടേഡ് അക്കൗണ്ടന്റുമാർ, വക്കീല ന്മാർ എന്നീ വിഭാഗത്തിൽപെട്ട ബഹുഭൂരിപക്ഷം ആളുകളും ഇപ്പോൾ നികുതി നൽകുന്നില്ല. തൊഴിൽ നികുതി പിരിക്കുന്നതിനുള്ള വീഴ്ച്ചകൾ പരിഹരിച്ചും കാര്യക്ഷമമാക്കിയും മുന്നോട്ടുപോകും.

82. ഈ സാമ്പത്തിക വർഷം 10 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

## കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ

83. രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയിൽ പ്രധാന പങ്കുവഹിക്കുന്ന സ്ഥാപന മെന്ന നിലയിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റുമായി ബന്ധപ്പെട്ട പ്രവർത്ത നങ്ങൾക്ക് നികുതി ഇളവുണ്ടായിരുന്നു. എന്നാൽ ഇന്ന് പോർട്ടിന്റെ സ്ഥലം പല സ്വകാര്യ സ്ഥാപനങ്ങൾക്കും ലീസിന് നൽകിക്കൊണ്ട് പോർട്ട് വൻ വരുമാനം ഉണ്ടാക്കുന്ന സാഹചര്യം നിലവിലുണ്ട്. ഇത്തരം സ്വകാര്യ സ്ഥാപനങ്ങളെ പ്രോപ്പർട്ടി ടാക്സിന്റെ പരിധിയിൽ കൊണ്ടു വന്ന് പൂർണ്ണമായും ടാക്സ് പിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

84. ഇതിലൂടെ അഞ്ച് കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

## സി.എസ്.ആർ. പൂൾ

85. 500 കോടിയിലധികം വാർഷിക വരുമാനമുള്ള കമ്പനികളും സ്ഥാപന ങ്ങളും അവരുടെ ലാഭത്തിന്റെ രണ്ട് ശതമാനം സാമൂഹ്യ പ്രതിബദ്ധത ഫണ്ട് (സി.എസ്.ആർ.) ആയി മാറ്റിവെച്ച് വിനിയോഗിക്കണമെന്ന് ബഹുമാനപ്പെട്ട കേന്ദ്രസർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. വിവിധ കമ്പനികളുടെ സി.എസ്.ആർ. ഫണ്ടുകൾ നഗരവികസനത്തിനുതകുന്ന രീതിയിൽ ക്രമീകരിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗ ണ്ടന്റ്സ് ഓഫ് ഇന്ത്യയുടെ സഹകരണത്തോടെ സി.എസ്.ആർ. പൂൾ പദ്ധതിക്ക് തുടക്കം കുറിക്കും.

86. ഈ സാമ്പത്തിക വർഷം 50 കോടി രൂപ നഗരവികസന പദ്ധതി കൾക്കായി സ്വരൂപിക്കും.

## എന്റർട്ടെയിൻമെന്റ് ടാക്സ്

87. നഗരത്തിൽ ടിക്കറ്റ് വച്ച് നടത്തുന്ന പരിപാടികളിൽ നിന്നും കൊച്ചി മുനിസിപ്പൽ കോർപ്പറേഷന് ലഭിക്കുന്ന വരുമാനം വളരെ കുറവാണ്. മിക്ക പരിപാടികൾക്കും യാതൊരു മാനദണ്ഡവുമില്ലാതെയും കൊച്ചി മുനിസിപ്പൽ കോർപ്പറേഷനോട് കൂടിയാലോചിക്കാതെയും സംസ്ഥാന സർക്കാർ നികുതി ഇളവ് നൽകുകയാണ്. ഈ സാഹചര്യത്തിൽ ടിക്കറ്റ് വച്ച് നടത്തുന്ന പരിപാടികളിൽ നിന്നും പിരിക്കേണ്ട നികുതി സംബന്ധിച്ച് ശക്തമായ നിലപാടുകളും തീരുമാനങ്ങളുമായി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തും.

88. ഇതിലൂടെ ഒരു കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

## ആസ്തി തിട്ടപ്പെടുത്തൽ

89. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ നിരവധി സ്വത്തുക്കൾ സ്വകാര്യ വ്യക്തികൾ അനുവാദമില്ലാതെ കൈവശം വെച്ചിട്ടുണ്ട്. ഈ സ്വത്ത് വിവരങ്ങൾ കൃത്യമായി തിട്ടപ്പെടുത്താനും ആയവ തിരിച്ചുപിടിക്കാനുമുള്ള അടിയന്തിര നടപടികൾ കൗൺസിൽ സ്വീകരിക്കും. അതിനായി പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിക്കും.

90. കൂടാതെ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ടാർ റോഡുകളും കോൺക്രീറ്റ് വഴികളും ഇന്റർ ലോക്കിംഗ് ടൈൽ വിരിച്ച വഴികളും അടക്കമുള്ളവയുടെ വിശദ വിവരങ്ങളും ഏരിയയും തിട്ടപ്പെടുത്തി ഡിവിഷൻ അടിസ്ഥാനത്തിൽ രേഖയുണ്ടാക്കി, സർക്കാരുമായി മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ഉണ്ടായിട്ടുള്ള 10 കോടിയോളം രൂപയുടെ കുറവ് നികത്തുന്നതിനുള്ള പരിപാടികൾ ഈ സാമ്പത്തിക വർഷം പൂർത്തിയാക്കും.

91. ഇതിലൂടെ അധിക വരുമാനമായി 10 കോടി രൂപ പ്രതീക്ഷിക്കുന്നു.

## എസ്റ്റേറ്റ് മാനേജർ

92. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള വസ്തുവകകളെ സംബന്ധിച്ചും സ്ഥാപനങ്ങളെ സംബന്ധിച്ചും മൂല്യത്തെ സംബന്ധിച്ചും കാര്യമായ ധാരണ ഇപ്പോഴില്ല. നമ്മുടെ ഉടമസ്ഥതയിലുള്ള വസ്തുവകകളും സ്ഥലങ്ങളും സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ച് വസ്തുക്കളുടെ മൂല്യം കണക്കാക്കി സൂക്ഷിക്കുന്നതിലേക്ക് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സൂപ്രണ്ടിനെ എസ്റ്റേറ്റ് മാനേജർ എന്ന അധിക ചുമതല നൽകി നിയമിക്കും.

## പൊതുജനാരോഗ്യം

93. പൊതുജനാരോഗ്യ രംഗത്ത് നിരവധി കർമ്മ പദ്ധതികളാണ് ഈ ബജറ്റ് വിഭാവനം ചെയ്യുന്നത്.

## വെയിസ്റ്റ് ടു എനർജി പ്ലാന്റ്

94. ബ്രഹ്മപുരത്ത് സർക്കാർ സഹായത്തോടെ സ്ഥാപിക്കുന്ന വെയിസ്റ്റ് ടു എനർജി പ്ലാന്റുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. പ്ലാന്റ് നിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും പൂർത്തീകരിച്ചുകൊണ്ട് M/s. ജി.ജെ. നേച്ചർ കെയർ കസോർഷ്യം എന്ന കമ്പനിയുമായി കരാർ ഒപ്പിട്ടിട്ടുണ്ട്. പ്ലാന്റ് നിർമ്മണത്തിനോടൊപ്പം 20 കൊല്ലത്തേക്കുള്ള നടത്തിപ്പിന്റേയും ചുമതല ഈ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

95. പുതിയ പ്ലാന്റിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് വിൽപ്പന നടത്തും. കൂടാതെ ഈ പദ്ധതിയുമായി ബന്ധപ്പെട്ട ‘വയബിലിറ്റി ഗ്യാപ്പ്’ ഫണ്ട് ലഭ്യമാക്കുന്നതിന് ബി.പി.സി.എൽ മായി ചർച്ച നടത്തിയതിനെ തുടർന്ന് 25 കോടി രൂപ അവരുടെ സി.എസ്.ആർ. ഫണ്ടിൽ നിന്ന് നൽകുവാൻ തയ്യാറായിട്ടുണ്ട്.

96. പാരിസ്ഥിതികാനുമതി അടക്കം എല്ലാ അനുമതികളും ലഭ്യമാക്കി ക്കൊണ്ട് ആറ് മാസത്തിനകം പ്ലാന്റിന്റെ നിർമ്മാണം ആരംഭിക്കും. ആരംഭിച്ച് ഒന്നര വർഷംകൊണ്ട് പ്ലാന്റിന്റെ നിർമ്മാണം പൂർത്തീക രിക്കും.

## നിലവിലുള്ള പ്ലാന്റ്

97. ബ്രഹ്മപുരത്ത് പുതിയ പ്ലാന്റ് പ്രവർത്തനം ആരംഭിക്കുന്നതുവരെ നില വിലുള്ള പ്ലാന്റ് പൂർണ്ണ സജ്ജമായി പ്രവർത്തിക്കേണ്ടതുണ്ട്. അതിനാവ ശ്യമായ എല്ലാ പ്രവർത്തനങ്ങളും കാര്യക്ഷമമായി മുന്നോട്ട് പോകു ന്നുണ്ട്. നിലവിലുള്ള പ്ലാന്റിന്റെ അറ്റകുറ്റപ്പണിക്കും മറ്റുമായി ഈ സാമ്പത്തിക വർഷം 1.5 കോടി രൂപ വകയിരുത്തുന്നു.

## മാലിന്യനീക്കം

98. മാലിന്യ നീക്കം കാര്യക്ഷമമാക്കുന്നതിനുള്ള കർമ്മ പദ്ധതി നടപ്പി ലാക്കും. നിലവിൽ മാലിന്യനീക്കം നടത്തുന്നതിന് 10 റെഫ്യൂസ് കോമ്പാ ക്ടറുകൾ മാത്രമാണുള്ളത്. ഈ സാമ്പത്തിക വർഷം 5 റെഫ്യൂസ് കോ മ്പാക്ടറുകൾ കൂടി വാങ്ങി മാലിന്യ നീക്കം കൂടുതൽ ശാസ്ത്രീയമാക്കും. മാലിന്യ നീക്കത്തിന് ആവശ്യമുള്ള ചെറിയ അളവിലുള്ള 20 റെഫ്യൂസ് കോമ്പാക്ടറുകൾ കൂടി വാങ്ങും.

99. കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളിലൂടെ ഫണ്ട് കണ്ടെത്തും.

## റൂട്ടിംഗ് ആന്റ് ടൈമിംഗ്

100. മാലിന്യ നീക്കത്തിന് ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് കൃത്യമായ റൂട്ടുകളും ടൈമിംഗും നിശ്ചയിക്കും. നിശ്ചയിച്ച പ്രകാരമുള്ള ഈ റൂട്ടുകളിലൂടെ നിശ്ചയിച്ച സമയങ്ങളിൽ തന്നെ വാഹനങ്ങൾ സഞ്ചരി

ക്കണം. കളക്ഷൻ പോയിന്റുകളിലും കൃത്യമായ സമയക്രമം പാലിക്കണം. ഇതിനായി നിലവിലുള്ള ജി.പി.എസ്. ബേസ്ഡ് ആയ വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം കൂടുതൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കും. ഒരു കൺട്രോൾ റൂം പ്രവർത്തിക്കും. വിദഗ്ദ്ധരുടെ മേൽനോട്ടത്തിൽ ഒരു സബ്കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കും.

## ബ്രഹ്മപുരം-റോഡുകൾ

101. ബ്രഹ്മപുരം പ്ലാന്റിലേക്കുള്ള റോഡുകളും പ്ലാന്റിനുള്ളിലുള്ള റോഡുകളും പുതുക്കിപ്പണിയും. പ്ലാന്റിനകത്ത് ഒരു മാസ്റ്റർ പ്ലാൻ അനുസരിച്ച് പുതിയ റോഡ് 'ഫോർമേഷൻ' ഉണ്ടാകേണ്ടതുണ്ട്. ഈ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ 85 ലക്ഷം രൂപ നീക്കിവെക്കുന്നു.

## ഇ-വേയ്സ്റ്റ് വിമുക്ത നഗരം

102. ഇതിനകം തന്നെ ആരംഭിച്ച കൊച്ചി നഗരത്തെ ഇന്ത്യയിലെ തന്നെ ആദ്യത്തെ ഇ-വേയ്സ്റ്റ് വിമുക്ത നഗരമാക്കാനുള്ള പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കും. സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്ലീൻ കേരള കമ്പനിയുമായി സഹകരിച്ചായിരിക്കും പദ്ധതി നടപ്പിലാക്കുക.

## പ്ലാസ്റ്റിക് മാലിന്യ ശേഖരണം

103. നഗരത്തിൽ പ്ലാസ്റ്റിക് ഉപയോഗം കുറച്ചുകൊണ്ട് വരുന്നതിനുള്ള നടപടികൾ സ്വീകരിക്കും. സ്ക്കൂൾ-കോളേജ് വിദ്യാർത്ഥികളിൽ ബോധവത്ക്കരണം നടത്തി വിദ്യാർത്ഥികളിലൂടെ പ്ലാസ്റ്റിക് വിരുദ്ധ സന്ദേശം വീടുകളിലേക്ക് വ്യാപിപ്പിക്കും. വ്യാപാരി വ്യവസായി സംഘടനകൾ എന്നിങ്ങനെയുള്ള വിവിധ സംഘടനകളുടെ സഹായത്തോടെ നഗരത്തിലെ കച്ചവട സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് ഉപയോഗം പരമാവധി കുറയ്ക്കുന്നതിനുള്ള പരിപാടികൾ ആവിഷ്ക്കരിക്കും.

104. 40 മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക് ബാഗുകൾ വിൽക്കുന്നതും വ്യാപാര വ്യവസായ സ്ഥാപനങ്ങൾ അവ ഉപയോഗിക്കുന്നതും കർശനമായി നിയന്ത്രിക്കും. ഇത്തരം സ്ഥാപനങ്ങളുടെ ഡി&ഒ ലൈസൻസ് റദ്ദാക്കും.

## ഡ്രോപ്പ് ഓഫ് കം റിക്കവറി സെന്റർ

105. ഇലക്ട്രോണിക് മാലിന്യംപോലെ തന്നെ പ്ലാസ്റ്റിക് മാലിന്യം, പഴകിയ കിടക്ക അടക്കമുള്ള വസ്തുക്കൾ ശേഖരിക്കുന്നതിനായി ഡ്രോപ്പ് ഓഫ് കം റിക്കവറി സെന്ററുകൾ നഗരത്തിലെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കും. ഈ സാമ്പത്തിക വർഷം 3 കേന്ദ്രങ്ങളിൽ ഇത് തുടങ്ങും.

106. ഇതിനായി അഞ്ച് ലക്ഷം രൂപ വകയിരുത്തും.

## ഉറവിട മാലിന്യ സംസ്ക്കരണം

107. മാലിന്യം ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുന്നതിനുള്ള പദ്ധതികൾ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. ഇതിനായി ബയോപോട്ട്, വെർമി കമ്പോസ്റ്റിംഗ്, ബയോ ഗ്യാസ് തുടങ്ങിയ സംവിധാനങ്ങൾ എല്ലാ വീടുകളിലും സ്ഥാപനങ്ങ ളിലും ഫ്ളാറ്റ് സമുച്ചയങ്ങളിലും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്. ഖരമാലിന്യം ഉറവിടത്തിൽ തന്നെ സംസ്ക്കരി ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാരിന്റെ ശുചിത്വ മിഷനുമായി സഹകരിച്ചുകൊണ്ട് ഊർജ്ജിതമായി മുന്നോട്ടു കൊണ്ടു പോകും.

## മാലിന്യശേഖരണവും ശുചിത്വവും - പ്രത്യേക പദ്ധതി

108. കേരളത്തിലെ വിനോദ സഞ്ചാര മേഖലയുടെ ഈറ്റില്ലമാണ് ഫോർട്ട് കൊച്ചി ബീച്ച്. ആയതുപോലെ തന്നെ ഏറ്റവും കൂടുതൽ വ്യാപാര

കേന്ദ്രങ്ങൾ ഉള്ളതും ജനങ്ങൾ വരികയും ചെയ്യുന്ന സ്ഥലമാണ് എറണാകുളം മാർക്കറ്റ്. ഈ പ്രധാന നഗര കേന്ദ്രങ്ങൾ ഏറ്റവും ശുചിത്വത്തോടെ സംരക്ഷിക്കേണ്ടത് നമ്മുടെ ബാധ്യതയാണ്. ആയതുകൊണ്ട് തന്നെ ഈ മേഖലയിലെ മാലിന്യ ശേഖരണവും ശുചിത്വ പരിപാലനവും ടെണ്ടർ നടപടികളിലൂടെ യോഗ്യതയുള്ള ഏജൻസിയെ ഏൽപ്പിക്കും. നിലവിൽ ഈ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ മറ്റ് മേഖലയിലേക്ക് പുനർവിന്യസിച്ചുകൊണ്ട് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കും.

109. കൂടാതെ, നിലവിൽ കണ്ടിജന്റ് വർക്കേഴ്സിനെ ജോലിക്കായി വിവിധ സർക്കിളുകളിൽ വിന്യസിച്ചിരിക്കുന്നത് ശരിയായ ജോലിഭാരത്തിന്റെ അടിസ്ഥാനത്തിലല്ല. ആയത് ഇവരുടെ പ്രവർത്തനത്തിന്റെ കാര്യക്ഷമതയെ ബാധിക്കുന്നുണ്ട്. ഈ ഒരു സാഹചര്യത്തിൽ കണ്ടിജന്റ് ജീവനക്കാരെ ആവശ്യകതയ്ക്കനുസരിച്ച് പുനർവിന്യസിക്കുന്നതിന് തീരുമാനിക്കുന്നു. ഇത് സംബന്ധിച്ച് ഒരു സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

## തൊഴിലാളികൾക്ക് യൂണിഫോം

110. മാലിന്യ നീക്കവുമായി ബന്ധപ്പെട്ട് വീടുകളിൽ നിന്ന് മാലിന്യം ശേഖരണം നടത്തുന്ന എല്ലാ തൊഴിലാളികൾക്കും ജാക്കറ്റ്, കയ്യുറ, കാലുറ, മാസ്ക്ക്, റെയിൻ കോട്ട് എന്നിവ നൽകും. സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ചിട്ടായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക.

## തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

111. മുഴുവൻ ഹെൽത്ത് വർക്കേഴ്സിനും മാലിന്യ ശേഖരണ തൊഴിലാളികൾക്കുമായി കോംപ്രിഹെൻസീവ് മെഡിക്കൽ ചെക്കപ്പ് ആന്റ് ട്രീറ്റ്മെന്റ് പദ്ധതി നടപ്പിലാക്കും.

112. മാലിന്യ നീക്കവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജീവനക്കാർക്കും കുടുംബശ്രീ പ്രവർത്തകർക്കുമുള്ള ഒരു സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കും. ഐ.എം.എ.യുമായി സഹകരിച്ചായിരിക്കും ഈ പദ്ധതി തയ്യാറാക്കുക.

113. ഇതിലേക്കായി ഈ വർഷം 20 ലക്ഷം രൂപ നീക്കിവെക്കുന്നു.

## കൊതുക് നിവാരണം

114. നഗരം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിലൊന്നാണ് കൊതുകുമായി ബന്ധപ്പെട്ട പ്രശ്നം. എല്ലാ കൗൺസിലുകളും പ്രഥമ പ്രാധാന്യം നൽകി ഈ വിഷയം കൈകാര്യം ചെയ്യാൻ ശ്രമിച്ചെങ്കിലും പൂർണ്ണമായ വിജയം വരിക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. കാനകളിലെ നീരൊഴുക്ക് നിലച്ചതും കാനകളിലേക്ക് തുറന്നു വിടുന്ന സെപ്റ്റിക് ടാങ്ക് വേസ്റ്റും അടക്കമുള്ള നിരവധിയായ പ്രശ്നങ്ങളാണ് ഈ മേഖലയിലുള്ളത്. കൊച്ചി മുനിസിപ്പൽ കോർപ്പറേഷനും പൗരസമൂഹവും ഒന്നിച്ച് നിന്ന് പ്രയത്നിച്ചാൽ മാത്രമേ കൊതുകുമായി ബന്ധപ്പെട്ട വിഷയത്തിന് പൂർണ്ണ പരിഹാരമുണ്ടാക്കാൻ സാധിക്കുകയുള്ളൂ. കൊതുകു നിവാരണമുദ്ദേശിച്ചുകൊണ്ട് നിരവധിയായ കർമ്മ പദ്ധതികളാണ് ഈ സാമ്പത്തികവർഷം നടപ്പിലാക്കാനായി ഉൾക്കൊള്ളിച്ചിരിക്കുന്നത്.

## ഇന്റഗ്രേറ്റഡ് മോസ്കിറ്റോ കൺട്രോൾ പ്രോഗ്രാം

115. വെക്റ്റർ കൺട്രോൾ പ്രോഗ്രാമിനായി ആധുനിക സംവിധാനങ്ങളോടു കൂടിയ ലാബ് സ്ഥാപിക്കും. ഒരു എൻഡോമോളജിസ്റ്റിന്റേയോ അല്ലെങ്കിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന കൺസൾട്ടന്റിന്റെയോ നേതൃത്വത്തിൽ 'പോപ്പുലേഷൻ ആന്റ് വെക്റ്റർ സർവേയിലൻസ്' പഠനം ആരംഭിക്കും. അതിനായി ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ കൺസൾട്ടന്റിന്റെ നേതൃത്വത്തിൽ ഒരു ഇവാല്യുവേഷൻ കമ്മിറ്റി രൂപീകരിക്കും.

116. ‘മോസ്കിറ്റോസ് സോഴ്സ് റിഡക്ഷൻ’ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കും. വി.സി.ആർ.സി. റിപ്പോർട്ട് ആവശ്യമായ രീതിയിൽ അപ്ഡേറ്റ് ചെയ്ത് നടപ്പിലാക്കും. മാലിന്യം ഓടകളിൽ നിറഞ്ഞു കൊതുകു പെരുകുന്ന സാഹചര്യം തടയും. വിവിധ ജൈവ കൊതുക് നിയന്ത്രണ മാർഗ്ഗങ്ങൾ തുടർച്ചയായി ലാർവ്വാ നിയന്ത്രണത്തിനായി ഉപയോഗിക്കും.

117. സോഴ്സ് റിഡക്ഷൻ പ്രവർത്തനങ്ങൾക്കായി റെസിഡന്റ്സ് അസോസിയേഷനുകളുടെ സഹായത്തിലും മേൽനോട്ടത്തിലും പദ്ധതികൾ ആവിഷ്കരിക്കും.

## ഡി.പി.ആർ.

118. കൊതുകു നിവാരണവുമായി ബന്ധപ്പെട്ട് ദീർഘകാലാടിസ്ഥാനത്തിൽ സുസ്ഥിരമായ ഒരു പദ്ധതി ആവിഷ്ക്കരിക്കുന്നതിനായി ആവശ്യമായ ഒരു ഡി.പി.ആർ. തയ്യാറാക്കും. ഇതിനായി പോണ്ടിച്ചേരിയിലുള്ള വെക്ടർ കൺട്രോൾ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സാങ്കേതിക നേതൃത്വം ഉറപ്പാക്കും.

## സ്വന്തമായി ജൈവ ലായിനി

119. കൊതുകുകളടക്കമുള്ള ജീവികൾ പെരുകാതിരിക്കാനും ഓടകളിൽ ദുർഗന്ധം അകറ്റാനും മൈസൂരിൽ, മുനിസിപ്പൽ കോർപ്പറേഷൻ വികസിപ്പിച്ച രീതിയിലുള്ള ജൈവ ലായിനി കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സ്വന്തമായി നിർമ്മിക്കും. ഇതിനായി ഒരു പ്രത്യേക വിഭാഗം രൂപീകരിച്ച് പ്രവർത്തനം ഉടനടി ആരംഭിക്കും.

## ഡ്രൈ ഡേ

120. നഗരത്തിൽ ആഴ്ച്ചയിൽ ഒരു ദിവസം ഡ്രൈ ഡേ ആയി ആചരിക്കും.

ഹെൽത്ത് സർക്കിളുകളുടേയും റെസിഡന്റ്സ് അസോസ്സിയേഷനുകളുടേയും മറ്റ് സന്നദ്ധ സംഘടനകളുടേയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും നേതൃത്വത്തിൽ ഇതിനുള്ള കൂട്ടായ്മ രൂപപ്പെടുത്തും.

121. കൊതുകുനിവാരണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കുമായി എട്ട് കോടി രൂപ വകയിരുത്തുന്നു.

## സ്വീവേജ് പദ്ധതി

122. ഒരു നഗരം ആധുനികമായി കണക്കാക്കപ്പെടുന്നത് ആ നഗരത്തിന്റെ സ്വീവേജ് സംവിധാനത്തെ അടിസ്ഥാനമാക്കിയാണ്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഒരു ശാസ്ത്രീയ സ്വീവേജ് ട്രീറ്റ്മെന്റ് സംവിധാനം നിലവിൽ വരുത്തിയ നഗരങ്ങളിലൊന്നാണ് നമ്മുടെ കൊച്ചി. ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയിൽ ഉൾപ്പെടുത്തി എളംകുളം കേന്ദ്രീകരിച്ച് ഒരു സംവിധാനവും പശ്ചിമകൊച്ചിയിൽ മുണ്ടംവേലി കേന്ദ്രീകരിച്ച് ഒരു സംവിധാനവും ആസൂത്രണം ചെയ്ത് പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നുവെങ്കിലും അത് പൂർത്തീകരിക്കുന്നതിന് നിയമപരവും സാങ്കേതികപരവുമായ നിരവധി തടസ്സങ്ങളും പൊതുജനങ്ങളുടെ ഭാഗത്ത് നിന്നുള്ള എതിർപ്പും കാരണം സാധിച്ചിട്ടില്ല.

123. കൊച്ചിയെ പോലെ ഇത്രയും ജനസാന്ദ്രതയുള്ള ഒരു നഗരത്തിൽ പൂർണ്ണമായുള്ള ഒരു സ്വീവേജ് സംവിധാനം ഒരുക്കുക എന്നത് വലിയൊരു വെല്ലുവിളിയാണ്. നഗരത്തിന്റെ ഭാവിക്കും നിലനിൽപ്പിനും ഇത് അത്യന്താപേക്ഷിതമാണെന്നതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതികളിൽനിന്നും പിന്നോട്ട് പോകുവാനും സാധിക്കുകയില്ല.

124. നിലവിൽ കിഴക്കൻ മേഖലയിലും പശ്ചിമ കൊച്ചിയിലും നടന്നു വരുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് പ്രത്യേക ഊന്നൽ നൽകും.

125. കേന്ദ്ര-സംസ്ഥാന സർക്കാർ സഹായം വിനിയോഗിക്കും.

## സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

126. മുൻ ബജറ്റിൽ പ്രഖ്യാപിച്ച കക്കൂസ് മാലിന്യം സംസ്ക്കരിക്കുന്നതിനുള്ള ഇന്ത്യയിലെ ആദ്യത്തെ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പൂർത്തീകരിച്ച് പ്രവർത്തന ക്ഷമമാക്കിയതോടെ ഈ വിഷയവുമായി ബന്ധപ്പെട്ട് നഗരം അഭിമുഖീകരിക്കുന്ന പാരിസ്ഥിതികവും ആരോഗ്യപരവുമായ നിരവധി പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമായിരിക്കുകയാണ്. 20 ലോഡ് മാലിന്യമാണ് ഇവിടെ സംസ്ക്കരിക്കാൻ സാധിക്കുന്നത്. നിലവിൽ 70 ലോഡ് കക്കൂസ് മാലിന്യമാണ് നഗരത്തിൽ നിന്നും ശേഖരിക്കുന്നത്.

127. ഈ പശ്ചാത്തലത്തിൽ പുതിയ ഒരു സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് വില്ലിംഗ്ടൺ ഐലന്റിൽ ഈ സാമ്പത്തിക വർഷം തന്നെ സ്ഥാപിക്കുന്നതാണ്. ഈ പദ്ധതിയുടെ നടത്തിപ്പിനായി കെ.എസ്.യു.ഡി.പി. ഫണ്ട് ഉപയോഗപ്പെടുത്തും.

## വികേന്ദ്രീകൃത സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

128. കൊച്ചി നഗരത്തിനായി ജർമ്മൻ സാങ്കേതിക സഹായത്തോടെ തയ്യാറാക്കിയ സിറ്റി സാനിറ്റേഷൻ പ്ലാനിൽ നിർദ്ദേശിച്ചപ്രകാരം ചില മേഖലകളിൽ വികേന്ദ്രീകൃത സ്വീവേജ് സംവിധാനം തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്.

129. ഇടക്കൊച്ചി നോർത്ത്, ഇടക്കൊച്ചി സൗത്ത്, പെരുമ്പടപ്പ് എന്നീ വാർഡുകളിൽ പയലറ്റ് അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ഈ പ്ലാന്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ട്.

130. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഏജൻസിയെ നിശ്ചയിച്ചുകൊണ്ട് ഈ സാമ്പത്തിക വർഷം തന്നെ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കും.

131. ഇതിനായി കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടെ ഈ വർഷം 17 കോടി രൂപ ചെലവഴിക്കും.

## സ്റ്റോം വാട്ടർ മാനേജ്മെന്റ് സിസ്റ്റം

132. അടുത്തിടെ സംഭവിച്ച ചെന്നൈ വെള്ളപ്പൊക്കത്തിൽ നിന്നും നമുക്കും പാഠങ്ങൾ പഠിക്കാനുണ്ട്. അപ്രതീക്ഷിതമായി ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളിൽ നിന്നും രക്ഷ നേടാൻ നാം സദാ ജാഗരൂകരായിരിക്കേണ്ടതുണ്ട്.

133. സമുദ്ര നിരപ്പിനോട് ചേർന്ന് കിടക്കുന്ന നഗരമെന്ന നിലയിൽ കൊച്ചിക്ക് ഏറ്റവും ശാസ്ത്രീയവും സമഗ്രവുമായ ജലവിന്യാസ, നിർഗമന സംവിധാനം ആവശ്യമാണ്. അനിയന്ത്രിതവും അശാസ്ത്രീയവുമായ നിർമ്മാണങ്ങളും കനാലുകളിലൂടെയുള്ള ജലനിർഗമന സംവിധാനങ്ങൾ കൈയ്യേറ്റങ്ങൾകൊണ്ട് ചുരുക്കപ്പെട്ടതിനാലും നഗരത്തിൽ പല പ്രദേശങ്ങളിലും വെള്ളക്കെട്ട് അനുഭവപ്പെടുന്നുണ്ട്. ഇതിന് ശാശ്വത പരിഹാരം കാണണമെങ്കിൽ സിറ്റിക്കാകമാനമായി ഒരു സ്റ്റോം വാട്ടർ മാനേജ്മെന്റ് സംവിധാനം നിലവിൽ വരുത്തിയേ തീരൂ. ഇതിനായി നഗരത്തിലെ മുഴുവൻ കനാലുകളും ആധുനിക രീതിയിൽ പുതുക്കിപ്പണിത് നിരൊഴുക്ക് സുഗമമാക്കേണ്ടതുണ്ട്. ആയതുപോലെ തന്നെ നഗരത്തിലെ എല്ലാ ജലാശയങ്ങളും കനാലുകളാലും കാനകളാലും ബന്ധിപ്പിച്ച് നീരൊഴുക്ക് സുഗമമാക്കേണ്ടതുണ്ട്.

134. നിരന്തരമായി കാനകളിലൂടേയും കനാലുകളിലൂടേയും ഏറ്റവും മാരകമായ ബാക്ടീരിയയും വിഷാംശമുള്ള ജലവും ഒഴുകിയെത്തുന്നത് ജലാശയങ്ങളുടെ നിലനിൽപ്പിന് തന്നെ ഭീഷണി ഉയർത്തുന്നുണ്ട്. വീടുകളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും കാനകളിലേക്കൊഴുകിയെത്തുന്ന ജലത്തിനെ, പ്രകൃതിദത്തമായ രീതിയിലുള്ള സോക്പിറ്റിലൂടെ കടത്തിവിട്ട് വ്യക്തികളും സ്ഥാപനങ്ങളും ഗുണനിലവാരം ഉറപ്പാക്കേണ്ടതുണ്ട്.

അതുപോലെ തന്നെ കാനകളിൽ നിന്നും ഈ ജലം കനാലുകളിലേക്ക് പ്രവേശിക്കുമ്പോഴും ഒരു ട്രീറ്റ്മെന്റ് പ്രോസസ്സിലൂടെ കടത്തി വിടുന്നു എന്ന് ഉറപ്പാക്കണം.

135. കാനകളിലേയും കനാലുകളിലേയും ജലാശയങ്ങളിലേയും ജല ഗുണ നിലവാരം ഉറപ്പാക്കാനും നീരൊഴുക്ക് സുഗമമാക്കാനും സാധിച്ചാൽ വലിയൊരളവുവരെ കൊതുകുശല്യം പോലും കുറക്കാൻ സാധിക്കും.

136. ശക്തവും ശാസ്ത്രീയവുമായ ഒരു ഡ്രൈനേജ് സംവിധാനം സ്റ്റോം വാട്ടർ മാനേജ് സിസ്റ്റത്തിന്റെ ഭാഗമായി വരും. സ്റ്റോം വാട്ടർ മാനേജ് മെന്റ് സിസ്റ്റവുമായി ബന്ധപ്പെട്ട് ഒരു ഡി.പി.ആർ. ഈ സാമ്പത്തിക വർഷം തയ്യാറാക്കും.

137. ഇതിലേക്ക് 20 ലക്ഷം രൂപ നീക്കിവെക്കുന്നു.

## ഡ്രെയിനേജ് മാസ്റ്റർപ്ലാൻ

138. സമഗ്രമായൊരു ഡ്രൈനേജ് മാസ്റ്റർ പ്ലാനിന്റെ അഭാവം കാന നിർമ്മാണത്തിലെ അശാസ്ത്രീയതയ്ക്ക് ഒരു കാരണമാണ്. ഒരു പ്രദേശത്തിന്റെ പ്രത്യേകതയും എലവേഷനും മീൻ-സീ-ലെവലും (എം.എസ്.എൽ.) കൃത്യമായി പരിഗണിച്ചുകൊണ്ടുള്ള ഒരു സമഗ്ര ഡ്രൈനേജ് മാസ്റ്റർ പ്ലാൻ സിറ്റിക്കായി തയ്യാറാക്കും. സ്റ്റോം വാട്ടർ മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഏറ്റവും പ്രധാന ഭാഗമായിരിക്കും ഈ ഡ്രൈനേജ് മാസ്റ്റർ പ്ലാൻ.

139. സംസ്ഥാന സർക്കാരിന്റെ അർബൻ 20:20 പദ്ധതിയിൽപ്പെടുത്തി നഗരത്തിലെ കിഴക്കൻ മേഖലയ്ക്കായി ഒരു ഡ്രെയിനേജ് മാസ്റ്റർപ്ലാൻ തയ്യാറാക്കി പ്രവർത്തനമാരംഭിക്കുന്നതിന് കെ.എസ്.യു.ഡി.പി. മുഖാന്തിരം പദ്ധതി തയ്യാറാക്കും.

140. പശ്ചിമകൊച്ചിയിൽ കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ്

കോർപ്പറേഷൻ ലിമിറ്റഡിന്റെ സഹകരണത്തോടെ മാസ്റ്റർപ്ലാൻ തയ്യാറാക്കും.

141. മേൽ വിവരിച്ച പദ്ധതികൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ 15 കോടി രൂപ ചെലവഴിക്കും.

## കനാലുകൾ

142. കനാൽ കൈയേറ്റങ്ങൾ പൂർണ്ണമായും ഒഴിവാക്കും. കനാലുകൾക്ക് കുറുകെ പണിതിട്ടുള്ള സ്വകാര്യ വ്യക്തികളുടേയും കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റേയും പാലങ്ങൾ, കൽവർട്ടുകൾ എന്നിവ കനാലിന്റെ മുഴുവൻ വീതിയിൽ പുതുക്കിപ്പണിയുന്നതിന് നടപടി സ്വീകരിക്കും. നഗരത്തിലെ വെള്ളക്കെട്ടിന്റെ പ്രധാന കാരണങ്ങളിലൊന്ന് റെയിൽവേ നിർമ്മിച്ചിട്ടുള്ള ഇടുങ്ങിയ കലുങ്കുകളും ട്യൂബുകളുമാണ്. ഇത് മാറ്റി വീതിയുള്ള കലുങ്കുകൾ പണിയുന്നതിന് റെയിൽവേയോട് ആവശ്യപ്പെടും.

143. നഗരത്തിന്റെ പല ഭാഗങ്ങളിലും ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ കാനകളും മറ്റും നിർമ്മിക്കേണ്ടതുണ്ട്. കൂടുതൽ കാനകൾ നിർമ്മിച്ചും നിലവിലെ കാനകളിലെ തടസ്സങ്ങൾ നീക്കിയും നഗരത്തിലെ വിവിധ തോടുകളിലേയും ഇടത്തോടുകളിലേയും അഴുക്ക് കോരി നീരൊഴുക്ക് സുഗമമാക്കിയും വിവിധ പ്രവർത്തനങ്ങൾക്ക് ഈ സമ്പത്തിക വർഷം തുടക്കം കുറിക്കുന്നതാണ്.

144. വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ഹോട്ടലുകളിൽ നിന്നും ശുദ്ധീകരിച്ച വെള്ളം മാത്രമേ കാനയിലേക്ക് ഒഴുക്കുവാൻ അനുവദിക്കുകയുള്ളൂ. സെപ്റ്റിക് ടാങ്കിൽ നിന്നോ സോക്ക്പിറ്റിൽ നിന്നോ ഉള്ള മലിന ജലം ഒരിക്കലും കാനയിലേക്കും കനാലുകളിലേക്കും ഒഴുക്കുവാൻ അനുവദിക്കുകയില്ല. ഇതിനു വിപരീതമായി പ്രവർത്തിക്കുന്നവരിൽ നിന്നും കനത്ത പിഴ ഈടാക്കുകയും

ലൈസൻസ് റദ്ദാക്കുന്നത് അടക്കമുള്ള നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യും.

145. ഈ പ്രവർത്തനങ്ങൾക്കായി അഞ്ച് കോടി രൂപ നീക്കിവെക്കുന്നു.

## കനാൽ നവീകരണം

146. 15 വർഷത്തേക്കുള്ള അന്യുറ്റി സ്കീം മാതൃകയിൽ തേവര-പേരണ്ടൂർ കനാൽ, രാമേശ്വരം-കൽവത്തി ബൗണ്ടറി കനാൽ എന്നിവ പുനരുദ്ധരിച്ച് സംരക്ഷിക്കും.

147. കൂടാതെ, ഇടപ്പള്ളി തോട്, കാരണക്കോടം തോട്, മുല്ലശ്ശേരി കനാൽ, പള്ളിച്ചാൽ തോട്, ചങ്ങാടംപോക്ക് തോട് എന്നിവയും പുനരുദ്ധരിച്ച് സംരക്ഷിക്കും.

148. കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടെ പദ്ധതി നടപ്പിലാക്കും.

## പഷ്ണിത്തോട് പുനർനിർമ്മാണം

149. പഷ്ണിത്തോടിന്റെ ഏതാണ്ട് 2.1 കിലോ മീറ്റർ ഭാഗം സിൽട്ട് നീക്കി, സൈഡ് ഭിത്തി കെട്ടുകയും അതോടനുബന്ധിച്ച് ഇതിന്റെ സബ് ഡ്രെയിനുകളുടെ നിർമ്മാണവും നടത്തും.

150. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ രണ്ട് കോടി രൂപ ചെലവഴിക്കും.

## കുടിവെള്ളം

151. ആവശ്യകതയും വിതരണവും തമ്മിലുള്ള അന്തരമാണ് കുടിവെള്ളവുമായി ബന്ധപ്പെട്ട് നഗരം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. എന്നാൽ പാഴൂർ കുടിവെള്ള പദ്ധതിയുടെ ഭാഗമായി മരട് ട്രീറ്റ്മെന്റ്

പ്ലാന്റിന്റെ പ്രവർത്തനം സജ്ജമായതോടെ ഈ അന്തരം കുറയ്ക്കു വാൻ ഏറെക്കുറെ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

152. മൂവാറ്റുപുഴ ആറിലെ പാഴൂരിൽ നിന്നും ശേഖരിക്കുന്ന വെള്ളം ആരക്കുന്നത്തെ 43 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല സംഭരണിയിൽ എത്തിച്ച് 100 ദശലക്ഷം ലിറ്റർ ശേഷിയുള്ള മരട് ശുദ്ധീകരണ ശാലയിൽ ശുദ്ധീകരിച്ചാണ് ഇപ്പോൾ വിതരണം നടത്തുന്നത്. ഈ പദ്ധതിയുടെ ഭാഗമായി ജലവിതരണ ശൃംഖലയുമായി ബന്ധപ്പെട്ട് പൂർത്തീകരിക്കാൻ ബാക്കിയുള്ള 5% ജോലികൾ കൂടി ഉടനടി പൂർത്തികരിക്കും.

153. കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നഗരത്തി ലെ ഏറെക്കുറെ എല്ലാ ഭാഗങ്ങളിലേയും പഴയ പൈപ്പ് ലയിനുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ നഗരത്തിൽ നവീകരിക്കാത്ത ജലവിതരണ ശൃംഖല മുഴുവൻ നവീകരി ക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുമായി സഹകരിച്ച് പ്രവർത്തി ക്കും.

154. കൂടാതെ, ആലുവ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിലെ ഇൻടേക്ക്, ട്രാൻസ്മിഷൻ മെയിൻ എന്നിവയുടെ നവീകരണ ജോലികളും ഓട്ടോമേഷൻ പ്രവൃ ത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ജെ.എൻ.എൻ.യു.ആർ.എം. പദ്ധതി യുടെ ഭാഗമായി പൂർത്തീകരിക്കുന്ന ജലവിതരണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഈ സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ പൂർത്തിയാക്കും.

155. 250 കോടി രൂപ ചെലവിൽ 190 എം.എൽ.ഡി. കുടിവെള്ളം വിശാല കൊച്ചിക്ക് ലഭ്യമാക്കാനുള്ള പുതിയൊരു പദ്ധതി കേരള ജല വിഭവ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. പെരിയാറിൽനിന്നും വെള്ളം കളമശ്ശേരി യിൽ സ്ഥാപിക്കുന്ന പുതിയ ട്രീറ്റ്മെന്റ് പ്ലാന്റിലെത്തിച്ച് ഓവർ ഹെഡ് ടാങ്കിൽ സംഭരിച്ച് നഗരത്തിലെത്തിക്കുന്ന പദ്ധതിയാണിത്. ഈ

പദ്ധതിയുടെ ഭാഗമായി വെണ്ണലയിലും കലൂരും പുതുതായി ജലസംഭരണികൾ നിർമ്മിക്കും.

156. കൂടാതെ, സ്മാർട്ട് സിറ്റീസ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികളിൽ ജലവിതരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകും. കൊച്ചി നഗരത്തിലെ മുഴുവൻ ജനങ്ങൾക്കും ആവശ്യാനുസരണം കുടിവെള്ളം ലഭിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് പൂർത്തീകരിക്കും.

157. ഇതിനായി കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടെ പദ്ധതികൾ നടപ്പിലാക്കും.

## മഴവെള്ള സംഭരണി

158. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ നഗരത്തിൽ മഴവെള്ള സംഭരണ പദ്ധതി നടപ്പിലാക്കും. പദ്ധതി വഴി നഗരത്തിലെ 1000 കുടുംബങ്ങൾക്ക് മഴവെള്ള സംഭരണി നിർമ്മിച്ചു കൊടുക്കും.

159. ഈ പദ്ധതിക്കായി ഒരു കോടി രൂപ വകയിരുത്തും.

## കൊച്ചി വാട്ടർ ഇൻഫർമേഷൻ സിസ്റ്റം

160. കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച 'കൊച്ചി വാട്ടർ പോളിസി' എന്ന പദ്ധതിയിലെ പ്രധാന നിർദ്ദേശങ്ങളിലൊന്നായ 'കൊച്ചി വാട്ടർ ഇൻഫർമേഷൻ സിസ്റ്റം' എന്ന പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതാണ്. നഗര പരിധിയിൽ ജലവുമായി ബന്ധപ്പെട്ട വിവരങ്ങൾ ഒരു ഏകോപനവുമില്ലാതെ വിവിധ ഡിപ്പാർട്ട്മെന്റുകളിലായാണ് ഉള്ളത് എന്നതുകൊണ്ട് ജലസംബന്ധമായ വികസനപദ്ധതികൾ വിഭാവനം ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനും ജനങ്ങൾക്ക് വിവരങ്ങൾ ലഭ്യമാക്കുന്നതിനും

തടസ്സം നേരിടുന്നുണ്ട്. ഇതിന് പരിഹാരം എന്നോണം ഇൻഫർമേഷൻ ടെക്നോളജിയുടെ സഹായത്തോടെ ജലസംബന്ധമായ വിവരങ്ങൾ ഏകോപിപ്പിച്ച് പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും വിദ്യാർത്ഥി കൾക്കും ഗവേഷകർക്കും ലഭ്യമാക്കുന്ന ഒരു പദ്ധതിയാണ് 'കൊച്ചി വാട്ടർ ഇൻഫർമേഷൻ സിസ്റ്റം'. ഈ പദ്ധതിക്ക് എസ്.സി.എം.എസ്. വാട്ടർ ഇൻസ്റ്റിട്യൂട്ട് സാങ്കേതികസഹായം ലഭ്യമാക്കും.

161. ഇതിനായി 10 ലക്ഷം രൂപ വകയിരുത്തുന്നു.

## വാട്ടർ പോളിസിയുടെ ആക്ഷൻ പ്ലാൻ

162. കഴിഞ്ഞ ബജറ്റിൽ 'കൊച്ചി വാട്ടർ പോളിസി' എന്ന പദ്ധതി വിജയ കരമായി നടപ്പിലാക്കിയതു വഴി ഇന്ത്യയിൽ ആദ്യമായി ഒരു വാട്ടർ പോളിസി ഉണ്ടാക്കുന്ന തദ്ദേശ സ്ഥാപനമായി കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ മാറി. പ്രസ്തുത വാട്ടർ പോളിസിയുടെ സുസ്ഥിരമായ നടത്തിപ്പിനു വേണ്ടി അടുത്ത പടിയായി ഈ പോളിസിയുടെ ആക്ഷൻ പ്ലാൻ ഉണ്ടാക്കേണ്ടതുണ്ട്.

163. ഈ പദ്ധതിക്ക് എസ്.സി.എം.എസ്. വാട്ടർ ഇൻസ്റ്റിറ്റ്യൂട്ട് സാങ്കേതിക സഹായം ലഭ്യമാക്കും.

164. ഇതിനായി ബജറ്റിൽ രണ്ട് ലക്ഷം രൂപ വകയിരുത്തുന്നു.

## പൊതുഗതാഗതം

165. ഗതാഗത സംവിധാനങ്ങളുടെ ആധുനികവൽക്കരണത്തിനു തന്നെ യാണ് ഈ ബജറ്റ് നിർദ്ദേശങ്ങളിൽ ഏറ്റവും പ്രാമുഖ്യം നൽകുന്നത്. ശാസ്ത്രീയവും കാര്യക്ഷമതയുമുള്ള ഗതാഗത സംവിധാനങ്ങൾ ഒരു നഗരത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും ഏറ്റവും അത്യന്താപേ ക്ഷിതമായ ഘടകങ്ങളിലൊന്നാണ്. സംസ്ഥാന സർക്കാർ നോട്ടിഫൈ

ചെയ്ത യൂണിഫൈഡ് മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി മുതൽ ജലഗതാഗതത്തിനുള്ള ആധുനിക സംവിധാനങ്ങൾ വരെ ഒരുക്കിക്കൊണ്ട് ഈ മേഖലയിൽ കൊച്ചി വൻ മാറ്റങ്ങൾക്കാണ് തുടക്കം കുറിച്ചിരിക്കുന്നത്.

166. 2016 നവംബർ 1 ന് കൊച്ചി മെട്രോ റെയിൽ സർവ്വീസ് ആരംഭിക്കുന്നതോടെ ഗതാഗത സംവിധാനങ്ങളിലും ഘടനയിലും വരുന്ന മാറ്റങ്ങൾ ഉൾക്കൊണ്ടുള്ള പ്രവർത്തനങ്ങൾ നാം ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടിയിരിക്കുന്നു. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ പിന്തുണയും സഹകരണത്തോടെയും കൂടി നിരവധി പദ്ധതികളാണ് ഈ മേഖലയിൽ വിഭാവനം ചെയ്തിരിക്കുന്നത്.

167. നിരത്തിലിറങ്ങുന്ന വ്യക്തിഗത വാഹനങ്ങളുടെ എണ്ണം കുറയ്ക്കാൻ കഴിഞ്ഞാൽ തന്നെ ഗതാഗത തിരക്ക് വലിയൊരളവിൽ നിയന്ത്രിക്കാൻ കഴിയും. പൊതു യാത്രാ സംവിധാനങ്ങൾ കൂടുതലായി ഏർപ്പെടുത്തുകയാണ് അതിനു വേണ്ടത്. തിരക്ക് കൂടുതലുള്ള സമയങ്ങളിലും ഏറ്റവും ദൂരംകുറഞ്ഞ വഴിയിലൂടെയും കൂടുതൽ ബസ്സുകൾക്ക് പെർമിറ്റ് നൽകേണ്ടത് അത്യാവശ്യമാണ്. ഉൾറോഡുകളിൽ നിന്ന് നഗരത്തിന്റെ മുഖ്യ കേന്ദ്രങ്ങളിലേക്ക് മിനി ബസ്സുകളടക്കമുള്ള പലതരം വാഹനങ്ങളെ പൊതുയാത്രാ വാഹനങ്ങളായി പെർമിറ്റ് അനുവദിച്ചാൽ നഗരത്തിനകത്തുള്ള വ്യക്തിഗത വാഹനങ്ങളുടെ എണ്ണം കുറയ്ക്കാൻ കഴിയും.

168. നഗരത്തിലെ പലഭാഗത്തും താമസിക്കുന്നവർക്ക് ഇന്ന് കിലോമീറ്ററുകൾ നടന്നാൽ മാത്രമേ പൊതുയാത്രാ സൗകര്യമുള്ളിടത്ത് എത്തിച്ചേരാൻ കഴിയുന്നുള്ളൂ. അത് ഇരുചക്ര വാഹനങ്ങളുടേയും കാറുകളുടെയും എണ്ണം വർദ്ധിപ്പിക്കുന്ന ഘടകമാണ്.

169. എല്ലാ ഉൾറോഡുകളിലും മിനി ബസ്സ് സർവ്വീസ് ഉണ്ടെങ്കിൽ ഒറ്റപ്പെട്ട യാത്രക്കാരുടെ എണ്ണം കുറയ്ക്കാൻ കഴിയും. അതിനായി ഉൾറോഡു

കൾ പരമാവധി വീതിയിൽ കോൺക്രീറ്റ് ചെയ്ത് സഞ്ചാരയോഗ്യ മാക്കും. മിനി ബസ്സ് സർവ്വീസ്, ഷെയർ ഓട്ടോ, ഷെയർ ടാക്സി സം വിധനവും ഏർപ്പെടുത്തുന്നതിന് എല്ലാ ശ്രമങ്ങളും നടത്തും. വിഷയ വുമായി ബന്ധപ്പെട്ട് ശാസ്ത്രീയമായ പഠനം നടത്തുന്നതിന് ഈ മേഖലയിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ പബ്ലിക് പോളിസി ആന്റ് റിസേർച്ച് (സി.പി.പി.ആർ.) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തും.

170. ഇതിനായി 20 ലക്ഷം രൂപ നീക്കിവെക്കുന്നു.

## പൊതുസ്വകാര്യ പങ്കാളിത്തത്തോടെ റോഡ് നിർമ്മാണവും പരിപാലനവും

171. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള റോഡുകൾ ഘട്ടം ഘട്ടമായി ആധുനിക രീതിയിൽ പൊതുസ്വകാര്യ പങ്കാളിത്ത ത്തോടെ പുനർനിർമ്മിച്ച് പരിപാലിക്കപ്പെടുന്ന പദ്ധതിക്ക് ഈ വർഷം തുടക്കം കുറിക്കും. നിലവിലുള്ള സംവിധാനം അനുസരിച്ച് റോഡുക ളുടെ നിർമ്മാണവും അറ്റകുറ്റപണിയും പരിപാലനവും ചെറിയ തോതി ലുള്ള നിരവധി ദർഘാസ് വഴിയാണ് നടത്തപ്പെടുന്നത്. 5 വർഷം ഗ്യാരണ്ടിയിൽ ബി.എം.&ബി.സി. മാതൃകയിൽ നിർമ്മിച്ച റോഡുകൾ മാത്രമാണ് ഇപ്പോൾ വാർഷിക അറ്റകുറ്റ പണിയിലും പുനർനിർമ്മാ ണത്തിലും നിന്നും ഒഴിവാക്കുന്നത്. എന്നാൽ ഈ റോഡുകളിൽ തന്നെ മറ്റ് സർവ്വീസുകളും ആവശ്യമുള്ള ഡ്രൈനേജ് വർക്കുകളും അതിന്റെ അറ്റകുറ്റ പണികളും നടത്തുന്നുണ്ട്. ഈ പശ്ചാത്തലത്തി ലാണ് റോഡുകളിലൂടെ നിർമ്മാണവും പരിപാലനവും പൊതുസ്വകാര്യ പങ്കാളിത്ത മാതൃകയിൽ 15 വർഷത്തെ ഗ്യാരണ്ടിയോടെ ആന്യൂറ്റി സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

172. തിരഞ്ഞെടുക്കപ്പെട്ട റോഡുകൾ, എല്ലാ ശാസ്ത്രീയ സംവിധാനത്തോ ടുംകൂടി പുനർനിർമ്മിച്ച് 15 വർഷം പരിപാലിക്കുവാൻ ഒരു ഏജൻസി

യെ ചുമതലപ്പെടുത്തുവാൻ ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു. അങ്ങിനെ പണി നടത്തുന്ന ഏജൻസിക്ക് 15 വർഷക്കാലത്തേക്കു സർവീസ് തരുന്നതിന്റെ അടിസ്ഥാനത്തിൽ വാർഷികരീതിയിൽ പണം കൊടുക്കണം. അങ്ങിനെ കൊടുക്കേണ്ടി വരുന്ന വാർഷിക തുക റോഡിന്റെ വാർഷിക അറ്റകുറ്റ പണിയും, ഡ്രൈനേജ്, സ്വീവേജ് അടക്കമുള്ള വർക്കുകളും ഇപ്പോഴത്തെ രീതിയിൽ നടത്തുതിനുള്ള വാർഷിക ചിലവിനേക്കാൾ കുറവായിരിക്കും. ഈ രീതിയിൽ ലഭിക്കുന്ന തുക കോർപ്പറേഷന്റെ മറ്റു വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗി ക്കുവാൻ സാധിക്കും.

173. ഡിസൈൻ, ബിൽഡ്, ഫിനാൻസ്, ഓപ്പറേറ്റ് ആന്റ് ട്രാൻസ്ഫർ (ഡി.ബി. എഫ്.ഒ.ടി.) എന്ന നൂതനമായ മാതൃകയായിരിക്കും ഈ 15 വർഷ ഗ്യാരണ്ടിയോടെയുള്ള റോഡുകളുടെ പരിപാലനത്തിനായി ഉപയോഗ പ്പെടുത്തുക. ഈ മേഖലയിൽ പ്രവർത്തിച്ച് പരിചയസമ്പന്നതയും ആധികാരികതയുമുള്ള ഏജൻസികളെയായിരിക്കും ഈ ചുമതല ഏൽപ്പിക്കുക.

174. എസ്.എ. റോഡ്, പള്ളുരുത്തി 40 അടി റോഡ്, ചിറ്റൂർ റോഡ്, പശ്ചിമ കൊച്ചിയിലെ സാന്റോ ഗോപാലൻ റോഡ് എന്നീ റോഡുകൾ ഈ സാമ്പത്തിക വർഷം ആന്യൂറ്റി സ്കീം പ്രകാരം പുതുക്കിപ്പണിയും.

## എം.ജി. റോഡിന് പുതിയ മുഖം

175. മെട്രോ റെയിലിന്റെ നിർമ്മാണ പ്രവർത്തനം മൂലം നഷ്ടപ്പെട്ട എം.ജി. റോഡിന്റെ പ്രതാപം വീണ്ടെടുക്കുന്നതിനായി ഒരു പദ്ധതി ഈ സാമ്പ ത്തിക വർഷം നടപ്പിലാക്കും.

176. കെ.എം.ആർ.എൽ. ലുമായി സഹകരിച്ച് എം.ജി. റോഡിനെ ആധുനിക രീതിയിൽ പുതുക്കിപ്പണിത് സൗന്ദര്യവൽക്കരിക്കുന്ന പദ്ധതിയാണിത്.

മെട്രോ റെയിലിന്റെ പ്രവർത്തനത്തോടെ എം.ജി. റോഡിനെ എല്ലാ അടിസ്ഥാന സൗന്ദര്യത്തോടും കൂടി പുതുക്കിപ്പണിയും. ശരിയായ ഡ്രൈനേജ് സംവിധാനം, സർവ്വീസ് ഡക്ട് എന്നിവ ഇതിന്റെ ഭാഗമാകും. റോഡിന്റെ ഒരു വശം മാത്രം ഗതാഗതം അനുവദിച്ചുകൊണ്ട് മറ്റ് ഭാഗം സൗന്ദര്യവൽക്കരിച്ച് ആധുനിക രീതിയിൽ തയ്യാറാക്കിയ ഇരിപ്പിടവും, സൈനേജ്, വിനോദത്തിനായുള്ള മേഖല, ഫൗണ്ടനുകൾ എന്നിവ നിർമ്മിക്കും. ഈ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ മാധവ ഫാർമസി ജംഗ്ഷൻ മുതൽ മഹാരാജാസ് കോളേജ് ഗ്രൗണ്ട് വരെയുള്ള 1.2 കി.മീ. പരിഗണിക്കും.

177. എം.ജി. റോഡിനെ ഏറ്റവും ആകർഷണീയമാക്കുന്ന ഈ പദ്ധതിക്ക് തനത് ഫണ്ടും സി.എസ്.ആർ. ഫണ്ടും ഉപയോഗിച്ച് ഏഴ് കോടി രൂപ ഉപയോഗിക്കും.

## രാജേന്ദ്ര മൈതാനം മുതൽ ഗോശ്രീ പാലം വരെയുള്ള റോഡിന്റെ ആധുനികവൽക്കരണം

178. രാജേന്ദ്ര മൈതാനം മുതൽ കെ.ടി.ഡി.സി. ജംഗ്ഷൻ വരെയുള്ള പാർക്ക് അവന്യു റോഡും കെ.ടി.ഡി.സി. ജംഗ്ഷൻ മുതൽ ഹൈക്കോടതി ജംഗ്ഷൻ വരെയുള്ള ഷണ്മുഖം റോഡും ഹൈക്കോടതി മുതൽ ഗോശ്രീ പാലം വരെയുള്ള റോഡും പൊതുമരാമത്ത് വകുപ്പിന്റെ അനുമതിയോടെ കേരള ചേംബറിന്റെ സഹായത്തോടെ ആധുനിക വൽക്കരിച്ച് മനോഹരമാക്കുകയും അണ്ടർഗ്രൗണ്ട് ഡക്റ്റ്, ഡ്രെയിനേജ്, സൈനേജ് സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യും.

179. കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടെ ഈ പദ്ധതി നടപ്പി ലാക്കും.

## കെ.പി. വള്ളോൻ റോഡ് - പണ്ഡിറ്റ് കറുപ്പൻ റോഡ്

180. കെ.പി. വള്ളോൻ റോഡ്, പണ്ഡിറ്റ് കറുപ്പൻ റോഡ് എന്നിവ വീതി കൂട്ടി വികസിപ്പിച്ച് ആധുനിക രീതിയിൽ പുതുക്കിപ്പണിയും. കാൽനട യാത്രക്കാർക്കും സൈക്കിൾ യാത്രക്കാർക്കും പ്രത്യേക സൗകര്യം ഏർപ്പെടുത്തും. അണ്ടർഗ്രൗണ്ട് സർവ്വീസ് ഡക്റ്റുകൾ തയ്യാറാക്കും. ജി.സി.ഡി.എ. യുടെ സഹായത്തോടെ പദ്ധതി നടപ്പിലാക്കും.

181. ഇതിനായി രണ്ട് കോടി രൂപ നീക്കിവെക്കുന്നു.

## മോഡൽ റോഡ്

182. സ്റ്റേഡിയം ലിങ്ക് റോഡ്, കെ.ബി. ജേക്കബ് റോഡ് എന്നീ റോഡുകളെ ആധുനിക രീതിയിൽ നവീകരിച്ച് മോഡൽ റോഡുകളാക്കി വികസിപ്പിക്കും. നടപ്പാതകളിൽ ടൈൽ വിരിച്ച് ഇരുവശവും അണ്ടർഗ്രൗണ്ട് സർവ്വീസ് ഡക്റ്റുകൾ ഉൾപ്പെടെ സ്ഥാപിക്കും. കാൽനടയാത്രികർക്കായി പ്രത്യേക നടപ്പാതകളും സൈക്കിൾ യാത്രികർക്കായി പ്രത്യേക സൈക്കിൾ ട്രാക്കുകളും ഇതിന്റെ ഭാഗമായി സജ്ജീകരിക്കും.

183. പദ്ധതിക്കായി ഈ സാമ്പത്തിക വർഷം 2.5 കോടി രൂപ നീക്കിവെക്കും.

## പനമ്പള്ളിനഗർ അവന്യൂ റോഡ്

184. പനമ്പള്ളിനഗർ അവന്യൂ റോഡ് ആധുനിക രീതിയിൽ പുനർനിർമ്മിച്ച് അണ്ടർ ഗ്രൗണ്ട് സർവ്വീസ് ഡക്റ്റ് നിർമ്മിക്കുകയും ശാസ്ത്രീയമായ ഡ്രൈനേജ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യും. സൈനേജുകളും സ്ട്രീറ്റ് ഫർണിച്ചറുകളും ഏർപ്പെടുത്തും. ആധുനിക രീതിയിലുള്ള ലൈറ്റിംഗ് സംവിധാനം ഏർപ്പെടുത്തും. രണ്ട് സർവ്വീസ് റോഡുകളും പുതുക്കിപ്പണിയും. സൈക്കിൾ ട്രാക്ക്, പെഡസ്ട്രിയൻ ട്രാക്ക് എന്നിവ നിർമ്മിക്കും. റോഡിന്റെ പരിപാലനത്തിന് സംസ്ഥാന ടൂറിസം വകുപ്പിന്റെ സഹകരണം ഉറപ്പുവരുത്തും.

185. സംസ്ഥാന സർക്കാർ സഹായത്തോടെ ഒൻപത് കോടി രൂപ പദ്ധതിക്കായി ചെലവഴിക്കും.

## പി.ടി. ഉഷ റോഡ്

186. പി.ടി. ഉഷ റോഡിന്റെ വികസനത്തിനും സൗന്ദര്യവൽക്കരണത്തിനും തയ്യാറാക്കിയ ഡി.പി.ആർ. അനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കും.

187. കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടെ ഈ പദ്ധതി പൂർത്തീകരിക്കും.

## ഗോശ്രീ-മാമഗലം റോഡ്

188. ഗോശ്രീ-മാമഗലം റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഈ വർഷം അഞ്ച് കോടി രൂപ നീക്കിവെക്കുന്നു.

## ഇന്ദിരാഗാന്ധി റോഡ്

189. പള്ളുരുത്തി ഇന്ദിരാഗാന്ധി റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തിക വർഷം 30 ലക്ഷം രൂപ ചെലവഴിക്കും.

190. കൂടാതെ മത്തായി മാഞ്ഞൂരാൻ റോഡ്, എസ്.ആർ.എം. റോഡ് എന്നീ റോഡുകളുടെ നിർമ്മാണത്തിനായി 2.5 കോടി രൂപ നീക്കിവെക്കുന്നു.

## തമ്മനം-പുല്ലേപ്പടി റോഡ്

191. തമ്മനം-പുല്ലേപ്പടി റോഡ് വികസനവുമായി ബന്ധപ്പെട്ട് എളംകുളം വില്ലേജിലെ ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിക്കുകയാണ്. ഭൂമി ഏറ്റെടുക്കുന്നതിന് സംസ്ഥാന സർക്കാർ 25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ത്വരിതപ്പെടു

ത്തിക്കൊണ്ട് പദ്ധതി പൂർത്തീകരിക്കുന്നതിന് നേതൃത്വം നൽകും. തമ്മ നം ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും ജംഗ്ഷൻ ആധുനികവൽക്കരിക്കുന്നതിനും 2.5 കോടി രൂപ വകയിരുത്തുന്നു. ഈ റോഡ് എൻ.എച്ച്. ബൈപ്പാസ് വരെ നീട്ടുന്നതിനുള്ള പ്രവർത്ത നങ്ങൾ സർക്കാർ സഹായത്തോടെ നടപ്പിലാക്കും.

## എസ്.എ. റോഡ് വെസ്റ്റ് എക്സ്റ്റെൻഷൻ

192. പള്ളിമുക്ക് മുതൽ ഫൈൻ ആർട്ട്സ് ഹാൾ വരെയുള്ള ഭൂമി ഏറ്റെടു ക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

## കെ.ജെ. ഹർഷൽ റോഡ്

193. കെ.ജെ. ഹർഷൽ റോഡിനെ വീതികൂട്ടി മനോഹരമാക്കി പുതുക്കിപ്പ ണിയും. കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടെ ഒരു കോടി രൂപ ചെലവഴിക്കും.

## മാന്ത്ര കനാൽ-സൈഡ് റോഡ്

194. മാന്ത്ര കനാലിന് സമാന്തരമായി സൈഡ് റോഡ് നിർമ്മിക്കും. ഇതിനായി കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടെ ഒരു കോടി രൂപ ചെല വഴിച്ച് പദ്ധതി നടപ്പിലാക്കും.

## ഫോർട്ട്കൊച്ചി വെളി റോഡ്

195. ഫോർട്ട്കൊച്ചി വെളി റോഡ് വീതി കൂട്ടി വികസിപ്പിക്കും. ഇതിനായി കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടെ 1.5 കോടി രൂപ ചെല വഴിക്കും.

## കസ്തൂർഭനഗർ-കോന്തുരുത്തി-തേവര റോഡ്

196. പനമ്പള്ളിനഗറിൽ നിന്നും തേവര വഴി കോന്തുരുത്തിയിലേക്കുള്ള റോഡ് വീതി കൂട്ടി വികസിപ്പിക്കും. ജി.സി.ഡി.എ.യുടെ സഹായ ത്തോടെ പദ്ധതി നടപ്പിലാക്കും.

197. ഇതിനായി ഒരു കോടി രൂപ നീക്കിവെക്കുന്നു.

## പുല്ലേപ്പടി ടോൾ നിർത്തലാക്കും

198. പൊന്നുരുന്നി പാലത്തിന്റെ മാതൃകയിൽ പുല്ലേപ്പടി പാലത്തിന്റെ ടോൾ നിർത്തലാക്കും. ടോൾ പിരിക്കുന്നതിനുള്ള റോഡ്സ് & ബ്രിഡ്ജസ് കോർപ്പറേഷനു വരുന്ന ബാധ്യത കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഏറ്റെടുക്കും.

## കേബിളുകൾ അണ്ടർ ഗ്രൗണ്ട് ഡക്ടിലൂടെ

199. നഗരത്തിലെ തലങ്ങും വിലങ്ങും കിടക്കുന്ന ഇലക്ട്രിക് പോസ്റ്റുകളും കമ്പികളും ഫോൺ പോസ്റ്റുകളും കേബിൾ സർവ്വീസ് വയറുകളും സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ചെറുതല്ല. ഇവയെല്ലാം അണ്ടർ ഗ്രൗണ്ടി ലേക്ക് മാറ്റുന്നതിന് പ്രധാന റോഡുകളിൽ സർവ്വീസ് ഡക്ട് നിർബ ന്ധമാക്കും.

200. കേബിളുകൾ നഗരത്തിൽ തലങ്ങും വിലങ്ങും വലിക്കുകയും ഒഴിവാ ക്കപ്പെട്ട കേബിളുകൾ പലതും തൂങ്ങിക്കിടക്കുന്നതും അപകടകരമായ അവസ്ഥ സംജാതമാകുകയും നഗരമുഖം വികൃതമാക്കുകയും ചെയ്യു ന്നുണ്ട്. ഇത് കർശനമായി തടഞ്ഞുകൊണ്ട് അണ്ടർഗ്രൗണ്ട് ഡക്ടുക ളിലൂടെ മാത്രം കേബിളുകൾ വലിക്കുന്നതിനുള്ള അനുമതി നൽകും. അല്ലാത്തവ കർശനമായി നീക്കം ചെയ്യും. ഘട്ടം ഘട്ടമായി എല്ലാ റോഡുകളിലും അണ്ടർ ഗ്രൗണ്ട് ഡക്ടുകൾ പണിയും.

201. ഇതിനായി അഞ്ച് കോടി രൂപ നീക്കിവെക്കുന്നു.

## സ്ട്രീറ്റ് ലൈറ്റിംഗ്

202. മുഴുവൻ തെരുവ് വിളക്കുകളും എൽ.ഇ.ഡി. സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കും. ഇവ 'ഓട്ടോമാറ്റിക്ക് സ്വിച്ചിംഗ്' സംവിധാനത്തോടുകൂടിയാവും തയ്യാർ ചെയ്യുക. കൂടാതെ മീറ്റർ നിർബന്ധമായും സ്ഥാപിച്ച് കറന്റ് ചാർജ്ജ് ക്രമീകരിക്കും. ലാമ്പ് പോസ്റ്റുകളിൽ വൈ-ഫൈ, നിരീക്ഷണ ക്യാമറ, ഇലക്ട്രിക് വാഹനങ്ങൾക്കുള്ള പവർ പോയിന്റ് എന്നിവ ഉണ്ടാകും. ഇതിലൂടെ എനർജി ചാർജ്ജ് പകുതിയായി കുറയ്ക്കുവാൻ കഴിയും.

203. കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടെ ഈ പദ്ധതി നടപ്പിലാക്കും.

## മേൽപ്പാലങ്ങൾ

204. വൈറ്റില, കുണ്ടന്നൂർ ഫ്ളൈ ഓവർ, അറ്റ്ലാന്റിസ് മേൽപ്പാലം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ വർഷം ആരംഭിക്കും.

205. വാത്തുരുത്തി റെയിൽവേ ഓവർ ബ്രിഡ്ജിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ഈ വർഷം തന്നെ ആരംഭിക്കും. ഇതിനായി ഇന്ത്യൻ നേവി, കൊച്ചിൻ പോർട്ട് ട്രസ്റ്റ്, റെയിൽവേ എന്നിവരുടെ കൂട്ടായ പ്രവർത്തനങ്ങൾ ഉറപ്പ് വരുത്തും.

206. വടുതല-എളമക്കര പാലം നിർമ്മാണത്തിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കും. ഇതിനാവശ്യമായ അപ്രോച്ച് റോഡിനുള്ള സ്ഥലമെടുപ്പ് ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കും. ഇതിനായി 50 ലക്ഷം രൂപ ചെലവഴിക്കും.

207. മധുര കമ്പനി പാലം നിർമ്മാണം ആരംഭിക്കും. ഇതിനാവശ്യമായ അപ്രോച്ച് റോഡിനുള്ള സ്ഥലം ഏറ്റെടുക്കും. ഇതിനായി 2.5 കോടി രൂപ ചെലവഴിക്കും.

208. കൂടാതെ ഐലന്റ്-കണ്ണങ്കാട്ട് പാലത്തിന്റെ നിർമ്മാണം ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കും. ഇത് ഈ മേഖലയുടെ ത്വരിത വളർച്ചയ്ക്ക് കാരണമാകും.

209. തേവര പട്ടേൽ സോമിൽ റോഡിൽ നിന്നും പെരുമാനൂരിലേക്ക് തേവര-പേരണ്ടൂർ കനാലിനു മുകളിലൂടെ വാഹന ഗതാഗതത്തിനായി പുതിയ പാലം നിർമ്മിക്കും. ഇതിനായി 50 ലക്ഷം രൂപ ചെലവഴിക്കും.

## അണ്ടർപാസ്

210. പ്രധാന ജംഗ്ഷനുകളിൽ അണ്ടർപാസ് സൗകര്യം ഏർപ്പെടുത്തും. എറണാകുളം കച്ചേരിപ്പടി ജംഗ്ഷനിൽ കെ.എം.ആർ.എൽ. ന്റെ സഹകരണത്തോടെ അണ്ടർപാസ് പദ്ധതി നടപ്പിലാക്കും.

211. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ ഇടപ്പള്ളിയിൽ അടച്ചുപൂട്ടിയ ഇടപ്പള്ളി റെയിൽവേ ഗേറ്റിന്റെ സ്ഥാനത്ത് 2.5 മീറ്റർ ഉയരത്തിലും 4 മീറ്റർ വീതിയിലും അണ്ടർ പാസ് നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്.

212. ഇതിനായി കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടെ മൂന്ന് കോടി രൂപ ചെലവഴിക്കും.

## ഫൂട്ട് ഓവർ ബ്രിഡ്ജ്

213. വാത്തുരുത്തിയിൽ റെയിൽവേയുടേയും പോർട്ട് ട്രസ്റ്റിന്റേയും ഇന്ത്യൻ നേവിയുടേയും സഹായത്തോടെ ഒരു ഫുട്ട് ഓവർ ബ്രിഡ്ജ് നിർമ്മിക്കും.

214. ഇതിനായി ബജറ്റിൽ 20 ലക്ഷം രൂപ നീക്കിവെക്കുന്നു.

## കുഴികളില്ലാത്ത റോഡുകൾ

215. നഗരത്തിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഉടമസ്ഥതയിലുള്ള മുഴുവൻ റോഡുകളും കുഴി രഹിത റോഡുകളാണെന്ന് ഉറപ്പാക്കും. ഇതിനായി മൊബൈൽ ടാർ പാച്ച് വർക്കിംഗ് യൂണിറ്റ് വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കും. ഇതിനായി ഒരു പ്രത്യേക യൂണിറ്റു തന്നെ 24x7 ടൈം ഷെഡ്യൂളിൽ പ്രവർത്തിക്കും.

216. ഇതിനായി 35 ലക്ഷം രൂപ നീക്കിവെക്കുന്നു.

## ആധുനിക ജംഗ്ഷനുകൾ

217. നഗരത്തിലെ പ്രധാനപ്പെട്ട ജംഗ്ഷനുകൾ വിവിധ സ്ഥാപനങ്ങളുടേയും കമ്പനികളുടെയും സഹകരണത്തോടെ ആധുനിക രീതിയിൽ പുതുക്കിപ്പണിത് സൗന്ദര്യവൽക്കരിക്കും. ഈ ജംഗ്ഷനുകൾ ആധുനികവൽക്കരിക്കുന്നതിനും സൗന്ദര്യവൽക്കരണത്തിനും ആവശ്യമായ പ്ലാനുകൾ തയ്യാറാക്കും. അവ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ സഹായ ഹസ്തവുമായി കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ് (സി.ഐ.ഐ.) അടക്കമുള്ള ഏജൻസികൾ മുന്നോട്ടു വരികയും ചെയ്തിട്ടുണ്ട്.

218. ആദ്യഘട്ടത്തിൽ മനോരമ ജംഗ്ഷൻ, മാധവഫാർമസി ജംഗ്ഷൻ, പാലാരിവട്ടം ജംഗ്ഷൻ, തോപ്പുംപടി ജംഗ്ഷൻ, കലൂർ, തേവര എന്നീ ജംഗ്ഷനുകളാണ് ആധുനികവൽക്കരിച്ച് സൗന്ദര്യവൽക്കരിക്കുന്നത്.

## അംഗ പരിമിതർക്ക് പരിഗണന

219. നഗരത്തിലെ അംഗപരിമിതരുടെ സഞ്ചാര സൗകര്യം ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി ഒരു ആക്സസ്സിബിലിറ്റി ഓഡിറ്റ് നടത്തും. ഈ

ഓഡിറ്റിന്റെ അടിസ്ഥാനത്തിൽ എല്ലാ റോഡുകളും അംഗപരിമിതരുടെ സുഖമായ സഞ്ചാരം ഉറപ്പാക്കുന്നതരത്തിൽ വികസിപ്പിക്കും.

220. പദ്ധതിയുടെ നിർവ്വഹണം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർക്കിടെക്ട്സ് (ഐ.ഐ.എ.) നേതൃത്വത്തിൽ നടപ്പിലാക്കും.

## ഷെയർ ഓട്ടോ സംവിധാനം

221. മുൻ ബജറ്റിൽ നിർദ്ദേശിച്ച പോലെ പൊതുഗതാഗത രംഗം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നഗരത്തിൽ സാധ്യമായ എല്ലാ സ്ഥലങ്ങളിലും 'ഷെയർ ഓട്ടോ' സംവിധാനം ഏർപ്പെടുത്തും. ഈ ആവശ്യത്തിലേക്ക് കേരള മോട്ടോർ വാഹന ആക്ടിന് വരുത്തേണ്ട മാറ്റങ്ങൾ പ്രാബല്യത്തിൽ കൊണ്ടു വരുന്നതിനു വേണ്ട ശ്രമങ്ങൾ ഊർജ്ജിതമായി കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഏറ്റെടുത്ത് നടത്തുന്നുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ കീഴിലുള്ള 140 ആധുനിക ഓട്ടോ സ്റ്റാന്റുകൾ കേന്ദ്രീകരിച്ച് ഷെയർ ഓട്ടോ സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കും.

## ബസ്സ് സർവ്വീസ് രാത്രികാലങ്ങളിൽ

222. സിറ്റി ബസ്സ് സർവ്വീസുകളുടെ അഭാവം രാത്രികാല സഞ്ചാരത്തിന് തടസ്സമാകുന്നു എന്നത് വലിയൊരു പ്രശ്നമായാണ് കൊച്ചി നിവാസികൾ കണക്കാക്കുന്നത്. ഈ പശ്ചാത്തലത്തിൽ ബന്ധപ്പെട്ട മറ്റ് വകുപ്പുകളുമായും കെ.എസ്.ആർ.ടി.സി., പ്രൈവറ്റ് ബസ്സ് ഓണേഴ്സ് അസോസ്സിയേഷൻ എന്നിവരുമായും സഹകരിച്ച് രാത്രികാല ബസ്സ് സർവ്വീസ് ആരംഭിക്കുന്നതിന് ത്വരിത നടപടികൾ കൈക്കൊള്ളും.

## ഫോർട്ട്കൊച്ചി ബസ്സ് സ്റ്റാന്റ്

223. ഫോർട്ട്കൊച്ചി ബസ്സ് സ്റ്റാന്റിൽ ഒരു ഓപ്പറേറ്റിംഗ് സെന്ററും റെസ്റ്റിംഗ്

പോയിന്റും ആരംഭിച്ചുകൊണ്ട് കൂടുതൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ പശ്ചിമകൊച്ചിയിലേക്ക് സർവ്വീസ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കും.

224. കൂടാതെ ടൂറിസം വകുപ്പ് കൈമാറിയിട്ടുള്ള കടമുറികൾ സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകി ഉപയോഗപ്പെടുത്തും.

## വാഹനങ്ങൾക്ക് 'ഫ്രീ ലെഫ്റ്റ്' സൗകര്യം

225. നഗരത്തിലെ ജംഗ്ഷനുകളോനടുബന്ധിച്ച് ഫ്രീ ലെഫ്റ്റ് സൗകര്യം ഫലപ്രദമായി ലഭ്യമാകുന്നില്ല എന്ന പരാതി നിലവിലുണ്ട്. റോഡിന്റെ വീതിക്കുറവും ഫ്രീ ലെഫ്റ്റ് തടസ്സപ്പെടുത്തി വാഹനങ്ങൾ ജംഗ്ഷനുകളിൽ നിർത്തുന്നതും ഇതിന് കാരണമാകുന്നു. നഗരത്തിലെ പ്രധാന ജംഗ്ഷനുകളിൽ എല്ലായിടത്തും വാഹനങ്ങളുടെ സുഗമമായ ഫ്രീ ലെഫ്റ്റ് ഉറപ്പുവരുത്തുന്നതാണ്. ഫ്രീ ലെഫ്റ്റിനായി പ്രത്യേകം അടയാളപ്പെടുത്തുന്ന സംവിധാനം വ്യാപകമാക്കും. നിയമം തെറ്റിച്ചുകൊണ്ട് ഫ്രീ ലെഫ്റ്റ് ദുരുപയോഗം ചെയ്യുന്നവരെ നിരീക്ഷണ ക്യാമറകളുടെ സഹായത്തോടെ കണ്ടെത്തും. പോലീസ് വകുപ്പിന്റെ സഹായത്തോടെ പദ്ധതി നടപ്പിലാക്കും. നാട്പാക്കിന്റെ നേതൃത്വത്തിൽ ഇതിനായി ഒരു ഡി.പി.ആർ. തയ്യാറാക്കും. ഇതിലേക്കായി 10 ലക്ഷം രൂപ നീക്കിവെക്കുന്നു.

## പെഡസ്ട്രിയൻ ഫസ്റ്റ്

226. കാൽനടയാത്രക്കാരുടെ പക്ഷം ചേർന്നുകൊണ്ടുള്ള ഗതാഗതനയമായിരിക്കും നഗരത്തിൽ നടപ്പാക്കുക. അതിനായി ശാസ്ത്രീയമായി തയ്യാറാക്കിയ വാക്ക് വേകളും സൈക്കിൾ ട്രാക്കുകളും നിർമ്മിക്കും. നഗരത്തിലെ റോഡുകളുടെ വശങ്ങളിൽ മുഴുവൻ വാക്ക്വേകൾ

ഉണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ യുദ്ധകാലാടിസ്ഥാന ത്തിൽ തയ്യാറാക്കും. ഇതിനായി ഒരു സാധ്യതാ പഠനം നടത്തും.

227. ഇടപ്പള്ളി ചങ്ങമ്പുഴ പാർക്ക് മുതൽ സൗത്ത് റെയിൽവേ സ്റ്റേഷൻ വരെ തടസ്സമില്ലാതെ നടക്കാവുന്ന വിധത്തിലുള്ള ആധുനിക രീതിയിലു ള്ള പെഡസ്ട്രിയൻ വാക്ക്‌വേ പണിയും. കെ.എം.ആർ.എൽ. ന്റെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. കെ.എം.ആർ.എൽ. ലുമായി ചേർന്ന് നഗരത്തിലെ എല്ലാ മെട്രോ സ്റ്റേഷനുകളും നഗര കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള വാക്ക്‌വേകൾ നിർമ്മിക്കും.

## പെഡസ്ട്രിയൻ ക്രോസിംഗുകൾ- ടൈമിംഗ്

228. നഗരത്തിലെ എല്ലാ റോഡുകളിലും ശാസ്ത്രീയമായി സംവിധാനം ചെയ്ത പെഡസ്ട്രിയൻ ക്രോസിംഗുകൾ തയ്യാറാക്കും. എല്ലാ സിഗ്നൽ പോയിന്റുകളിലും പെഡസ്ട്രിയൻ ടൈമിംഗ് കൊണ്ടുവരും.

## ജോസ് ജംഗ്ഷൻ മുതൽ അറ്റ്ലാന്റിസ് വരെ നടപ്പാത നവീകരണം

229. ജോസ് ജംഗ്ഷൻ മുതൽ അറ്റ്ലാന്റിസ് വരെയുള്ള 1.5 കി.മീ റോഡി നിരുവശവും കേബിൾ ഡക്റ്റോടുകൂടി ടൈൽസ് ഇട്ട് നവീകരിക്കും. ഈ പദ്ധതിക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ രണ്ട് കോടി രൂപ ചെലവഴിക്കും.

## മിനി മറൈൻ വാക്ക്‌വേ

230. ടൂറിസം വികസനത്തിന്റെ ഭാഗമായി ചിലവന്നൂർ കായലിന്റെ കിഴക്കേ തീരത്ത് എസ്.എ. റോഡിൽ നിന്നും ബണ്ട് റോഡ് വരെ മിനി മറൈൻ വാക്ക്‌വേ നിർമ്മിക്കും.

231. ഈ പദ്ധതിക്കായി ഒരു കോടി രൂപ വകയിരുത്തുന്നു.

## സൈൻ ബോർഡുകൾക്കുള്ള നിയന്ത്രണം

232. നഗരത്തിനു മുഴുവനായി ഒരു സൈനേജ് പോളിസിയും അതിന്റെ അടിസ്ഥാനത്തിൽ സൈനേജ് കൺട്രോൾ സിസ്റ്റവും നിലവിൽ വരുത്തും. നിലവിൽ നഗരത്തിലെ പൊതു സ്വകാര്യ കെട്ടിടങ്ങളിലും കോമ്പൗണ്ടുകളിലും സ്ഥാപിക്കുന്ന സൈൻ ബോർഡുകൾക്ക് യാതൊരു നിയന്ത്രണവുമില്ല. പല രൂപത്തിലും ഭാവത്തിലും അളവുകളിലും യാതൊരു നിയന്ത്രണവുമില്ലാതെയാണ് ഇവ പ്രദർശിപ്പിക്കുന്നത്. ഈ പ്രവണത നിയന്ത്രിച്ചുകൊണ്ട് ബിൽഡിംഗിലും കോമ്പൗണ്ടിലും വയ്ക്കുവാനുള്ള സൈനേജിന് കൃത്യമായ മാനദണ്ഡം തയ്യാറാക്കും. ഇതേ രീതിയിൽ മാത്രമേ സൈനേജ് വയ്ക്കുന്നതിന് അനുമതി നൽകുകയുള്ളൂ.

233. ഇതിനായുള്ള ബൈലോ തയ്യാറാക്കി സർക്കാർ അനുമതിയോടെ പദ്ധതി നടപ്പിലാക്കും.

## പാർക്കിംഗ് പോളിസി

234. ആധുനികലോകത്ത് നഗരങ്ങൾ ഒരുപോലെ നേരിടുന്ന പ്രധാന വെല്ലുവിളികളിലൊന്നാണ് പാർക്കിംഗ്. കേരളത്തിൽ ഏറ്റവും കൂടുതൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുന്ന ജില്ല എറണാകുളമാണ്, അതിൽ ത്തന്നെ കൊച്ചി നഗരാതിർത്തിയിലാണ് ഏറ്റവുമധികം വാഹനങ്ങൾ നിരത്തിലിറങ്ങുന്നത്. കൊച്ചിയിലെ വാഹനങ്ങളെല്ലാം ഒരുമിച്ച് നഗരത്തിലിറങ്ങിയാൽ നമ്മുടെ റോഡുകൾക്ക് അവയെ ഉൾക്കൊള്ളാനാവാതെ വരുമെന്ന കാര്യത്തിൽ രണ്ടഭിപ്രായമില്ല. അനുദിനം വർദ്ധിച്ചുവരുന്ന വാഹനങ്ങളെ കൈകാര്യം ചെയ്യുന്നതിൽ പല നഗരങ്ങളും വിവിധങ്ങളായ മാർഗ്ഗങ്ങൾ തേടുന്നുണ്ട്.

235. ഇന്ത്യയുടെ തലസ്ഥാനമായ ഡൽഹിയിൽ രജിസ്ട്രേഷൻ നമ്പർ ഒറ്റ അക്കത്തിലും ഇരട്ട അക്കത്തിലും അവസാനിക്കുന്ന വാഹനങ്ങൾക്ക്

ചില ദിവസങ്ങളിൽ നിയന്ത്രണം കൊണ്ടുവന്നത് നാം അറിഞ്ഞകാര്യമാണല്ലോ. അത്തരം പരീക്ഷണങ്ങൾ വിജയകരമായിരുന്നു. കൊച്ചിയുടെ കാര്യത്തിൽ ചില നിയന്ത്രണങ്ങൾ നാം ഏർപ്പെടുത്തിയേ മതിയാകൂ.

236. റോഡുകളിലെയും പാതയോരങ്ങളിലേയും പാർക്കിംഗുകൾ നിർബന്ധമായും നിർത്തലാക്കും. പാർക്കിംഗിന് സൗകര്യമുള്ള റോഡുകളിലെ പാർക്കിംഗ് സ്ലോട്ടുകൾ പ്രത്യേകം അടയാളപ്പെടുത്തി യൂസേഴ്സ് ഫീസ് ഏർപ്പെടുത്തും. സ്ഥാപനങ്ങളിൽ എത്തുന്ന കസ്റ്റമേഴ്സിന്റെ വാഹന പാർക്കിംഗിന് സ്ഥാപനം തന്നെ സൗകര്യം ഏർപ്പെടുത്തേണ്ടതാണ്. പാർക്കിംഗ് സൗകര്യം ഉണ്ടായിട്ടും അനുവദിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടിയെടുക്കും. തുറസ്സായ സ്ഥലങ്ങളും മറ്റും കണ്ടെത്തി അവിടെ പാർക്കിംഗ് സൗകര്യം ഒരുക്കാനുള്ള പദ്ധതി കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ മുൻകൈ എടുത്ത് നടപ്പിലാക്കും. ചിട്ടയായ പാർക്കിംഗ് നഗരത്തിൽ നിർബന്ധമാക്കും. ടൗൺ പ്ലാനിംഗ് കമ്മിറ്റിയുടെ കീഴിൽ പാർക്കിംഗ് പോളിസി രൂപീകരിക്കുന്നതിനുള്ള വിദഗ്ദ്ധരുടെ സബ് കമ്മിറ്റി രൂപീകരിക്കും.

## പാർക്കിംഗ്

237. കെട്ടിടങ്ങളിൽ പാർക്കിംഗിനായി അനുവദിച്ച സ്ഥലം മറ്റ് ആവശ്യങ്ങൾക്കായി വ്യാപകമായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് കർശനമായി നിയന്ത്രിക്കും. പാർക്കിംഗിനായി അനുവദിച്ച സ്ഥലം അതിന് തന്നെ ഉപയോഗിക്കുന്നു എന്ന് ഉറപ്പ് വരുത്തും. 2016 ഏപ്രിലിനു ശേഷം കണ്ടെത്തുന്ന ഇത്തരം ദുരുപയോഗങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കും.

വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന കെട്ടിടങ്ങളിൽ നിയമം മൂലം നിഷ്ക്കർഷിച്ചിട്ടുള്ള പാർക്കിംഗ് സ്പേസിൽ നിന്നും പാർക്കിംഗിനായി പ്രത്യേകം ഫീസ് ചുമത്തുന്നത് അനുവദനീയമല്ല. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽ പെട്ടാൽ ശക്തമായ നടപടികൾ സ്വീകരിക്കും.

## ഓട്ടോമേറ്റഡ് റോബോട്ടിക് കാർപാർക്കിംഗ് സിസ്റ്റം

238. സംസ്ഥാന സർക്കാർ നികുതിയിളവ് പ്രഖ്യാപിച്ച ഓട്ടോമേറ്റഡ് റോബോട്ടിക് കാർ പാർക്കിംഗ് സിസ്റ്റം കൊച്ചി നഗരത്തിൽ ആരംഭിക്കുന്നതിന് മുന്നോട്ട് വരുന്ന സംരംഭകരെ പ്രോത്സാഹിപ്പിക്കും. സ്ഥലം കണ്ടെത്തുന്നതിനും മറ്റ് അടിസ്ഥാന വികസനപരമായ പ്രവർത്തനങ്ങൾക്കും പൂർണ്ണ പിന്തുണ നൽകും.

## ജലഗതാഗതം

239. കൊച്ചിയുടെ ജലഗതാഗത രംഗത്ത് വിപ്ലവകരമായ നിരവധി പദ്ധതികളാണ് ഈ വരുന്ന കാലങ്ങളിൽ നടപ്പിലാക്കുന്നത്. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സിറ്റി മൊബിലിറ്റി പ്ലാനിന്റെ ഭാഗമായി തയ്യാറാക്കിയ ജലഗതാഗതത്തിനായുള്ള സമഗ്രപദ്ധതിയാണ് ജർമ്മൻ ബാങ്ക് ആയ കെ.എഫ്.ഡബ്ല്യു. വിന്റേയും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടേയും സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്നത്.

240. കൊച്ചിയുടെ വിവിധ മേഖലകളെ ബന്ധിപ്പിച്ച് കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. എല്ലാ ആധുനിക സൗകര്യങ്ങളോടും കൂടിയ 38 ആധുനിക ജെട്ടികൾ, പരിസ്ഥിതിക്ക് അനുയോജ്യമായ ലോകോത്തര നിലവാരമുള്ള ബോട്ടുകൾ എന്നിവ ഈ പദ്ധതിയുടെ ഭാഗമാകും.

## റോ–റോ

241. കൊച്ചിൻ ഷിപ്പ്യാർഡിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഏഴ് കോടി രൂപ മുടക്കി നിർമ്മിക്കുന്ന രണ്ട് റോ–റോ വെസ്സലുകളിൽ ആദ്യത്തേത് 2016 മേയിൽ നീറ്റിലിറക്കും. ആഗസ്റ്റ് മാസത്തിൽ രണ്ടാമത്തെ റോ–റോ യും നീറ്റിലിറക്കി പശ്ചിമകൊച്ചിയുടെ ഗതാഗത രംഗത്ത് വൻ മാറ്റങ്ങൾ സാധ്യമാക്കും.

## പുതിയ ബോട്ട് സർവ്വീസ്

242. ഫോർട്ടുകൊച്ചി-വൈപ്പിൻ ഫെറി സർവ്വീസിനായി കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കെ.എസ്.ഐ.എൻ.സി. മുഖാന്തിരം നിർമ്മിക്കുന്ന 1.5 കോടി രൂപ ചെലവ് വരുന്ന പുതിയ സ്റ്റീൽ ബോട്ട് 2016 അവസാനത്തോടെ നീറ്റിലിറക്കി സർവ്വീസ് ആരംഭിക്കും.

## റോ–റോ ടെർമിനൽ

243. നിലവിൽ പണി പൂർത്തിയായി വരുന്ന ഫോർട്ടുകൊച്ചി-വൈപ്പിൻ ജങ്കാർ വെസ്സലുകളുടെ സർവ്വീസുമായി ബന്ധപ്പെട്ട് 2 പുതിയ റോ–റോ ടെർമിനലുകൾ ഫോർട്ടുകൊച്ചിയിലും വൈപ്പിനിലുമായി സ്ഥാപിക്കും.

244. റോ–റോ വെസ്സൽ ടെർമിനലുകൾ കൊച്ചിൻ പോർട്ട് ട്രസ്റ്റ് വഴി നിർമ്മിക്കും. ഇതിനായി അഞ്ച് കോടി രൂപ നീക്കിവെക്കുന്നു.

## കച്ചേരിപ്പടിയിലും ഇടപ്പള്ളിയിലും പുതിയ വാണിജ്യസമുച്ചയങ്ങളും മൾട്ടിലെവൽ പാർക്കിംഗ് സംവിധാനവും

245. കേരള സർക്കാരിന്റെ പാർട്ണർ കേരള പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായി. സ്വകാര്യ പങ്കാളിത്തത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

246. കച്ചേരിപ്പടിയിൽ വാണിജ്യ ആവശ്യങ്ങൾക്കായി പണിയുന്ന കെട്ടിടത്തിൽ 300 വാഹനങ്ങൾക്ക് പാർക്ക് ചെയ്യാവുന്ന സംവിധാനം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു മൾട്ടിലെവൽ പാർക്കിംഗ് സംവിധാനം പബ്ലിക് സർവ്വീസ് കമ്പോണന്റിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

247. പദ്ധതിയുടെ നടത്തിപ്പ് ചുമതല കിറ്റ്കോയ്ക്കാണ്.

## കലൂർ ഷോപ്പിംഗ് കോംപ്ലെക്സ്

248. കലൂർ ബസ്സ് സ്റ്റാന്റിലെ പഴയ ഷോപ്പിംഗ് കോംപ്ലെക്സ് പൊളിച്ചു മാറ്റി കെ.എം.ആർ.എൽ. ലുമായി ചേർന്ന് ആധുനിക വാണിജ്യ സമുച്ചയം നിർമ്മിക്കും.

## പള്ളുരുത്തിയിൽ പുതിയ വാണിജ്യ സമുച്ചയം

249. പള്ളുരുത്തിയിലെ റിലീഫ് സെറ്റിൽമെന്റ് ഇടക്കൊച്ചിയിലേക്ക് മാറ്റിയ ശേഷം ഈ സ്ഥലത്ത് ആധുനിക രീതിയിൽ പുതിയ വാണിജ്യ സമുച്ചയം പണിയും. സർക്കാർ സഹായത്തോടെയായിരിക്കും പദ്ധതി നടപ്പിലാക്കുക. ടെണ്ടർ നടപടികൾ ഉടനടി ആരംഭിക്കും.

## മാർക്കറ്റുകളുടെ നവീകരണം

250. നഗരത്തിലെ പോളക്കണ്ടം, ചമ്പക്കര മാർക്കറ്റുകൾ ആധുനികവൽക്കരിക്കും. ഈ പദ്ധതിക്കായി ഒരു കോടി രൂപ വകയിരുത്തുന്നു.

## പള്ളുരുത്തി വെളി മാർക്കറ്റ്

251. പള്ളുരുത്തി വെളി മാർക്കറ്റ് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഏറ്റെടുത്ത് പുതിയ മാർക്കറ്റ് സ്ഥാപിക്കും. ഈ പദ്ധതിക്കായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

## സോളാർ സിറ്റി പദ്ധതി

252. കേന്ദ്രസർക്കാർ രൂപംകൊടുത്ത സോളാർ സിറ്റി പദ്ധതിക്കാവശ്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നഗരത്തിൽ പൊതു സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും ഏറ്റെടുത്ത് നടത്തുന്ന സൗരോർജ്ജ പദ്ധതികളുടെ 20 ശതമാനം തുക കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ വഴി ഗുണഭോക്താക്കൾക്ക് സബ്സിഡിയായി ലഭ്യമാക്കും.

253. ഈ വർഷം അഞ്ച് കോടി രൂപ ചെലവഴിക്കും.

## പാർക്കുകൾ

254. നവീകരിച്ച സുഭാഷ് ചന്ദ്രബോസ് പാർക്ക് ഇന്ന് നഗരത്തിലെ ഏറ്റവും പ്രൗഡിയാർന്ന പൊതുസ്ഥലമായി മാറിയിരിക്കുകയാണ്.

255. സുഭാഷ് ചന്ദ്രബോസ് പാർക്ക് മാതൃകയിൽ നഗരത്തിലെ നെഹ്റു പാർക്ക്, നസ്രത്ത് ഡയമണ്ട് പാർക്ക്, ഫോർട്ട്കൊച്ചി സെന്റ് ജോൺ പാർക്ക്, കോയിത്തറ പാർക്ക് എന്നീ പാർക്കുകൾ ദൃശ്യരൂപകൽപ്പന ചെയ്ത് നവീകരിക്കുന്നതിനുള്ള പദ്ധതിക്ക് ഈ വർഷം തന്നെ തുടക്കം കുറിക്കും.

256. പദ്ധതിക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ അഞ്ച് കോടി രൂപ ചെലവഴിക്കും.

## കൊച്ചി മാസ്റ്റർ പ്ലാൻ

257. 2005 ൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അന്നത്തെ മുഖ്യമന്ത്രി ബഹുമാന്യനായ

ശ്രീ. ഉമ്മൻ ചാണ്ടി കൊച്ചി നഗരത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് അനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ സി-ഹെഡിന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക സെൽ രൂപീകരിച്ച് ആരംഭിക്കുകയും പ്രവർത്തനങ്ങളുമായി ഏറെ മുന്നോട്ടു പോകുകയും ചെയ്തിരുന്നു.

258. എന്നാൽ 2008-ൽ, അതുവരെ പൂർത്തിയാക്കിയ മാസ്റ്റർപ്ലാനുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും റീജണൽ ടൗൺ പ്ലാനിംഗ് ഡിപ്പാർട്ടുമെന്റിന് കൈമാറി. എന്നാൽ കൊച്ചി നഗരത്തിനായി കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ മുൻകൈയ്യെടുത്ത് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കണമെന്ന ആവശ്യം നിരന്തരമായി ഉയരുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ സംസ്ഥാന നഗരാസൂത്രണ വകുപ്പ് തയ്യാറാക്കിയ ഡ്രാഫ്റ്റ് മാസ്റ്റർ പ്ലാനിന്റെ പിൻബലത്തോടെ ഒരു കൊച്ചി സിറ്റി മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ ഈ കൗൺസിൽ മുൻകൈയെടുക്കും.

259. ഡൽഹി സ്കൂൾ ഓഫ് പ്ലാനിംഗ് ആന്റ് ആർക്കിടെക്ച്ചർ അടക്കമുള്ള സ്ഥാപനങ്ങളുടേയും കൊച്ചിയിലെ അർബൻ പ്ലാനർമാരുടേയും സാങ്കേതിക സഹായത്തോടെയായിരിക്കും മാസ്റ്റർപ്ലാൻ തയ്യാറാക്കുക. ഇതിന്റെ കോർഡിനേഷൻ ചുമതല സി-ഹെഡിനെ ഏൽപ്പിക്കും.

260. ഇതിലേക്കായി 50 ലക്ഷം രൂപ നീക്കിവെക്കുന്നു.

## പോസ്റ്ററുകളും ബാനറുകളും

261. നഗരത്തിൽ പൊതുസ്ഥലങ്ങളിൽ പോസ്റ്ററുകളും ബാനറുകളും ഫ്ളക്സ് ബോർഡുകളും പതിക്കുന്നതിന് കർശന നിയന്ത്രണം ഏർപ്പെടുത്തും. മുൻകൂർ അനുവാദമില്ലാതെ പതിക്കുന്ന പോസ്റ്ററുകൾക്കും ബാനറുകൾക്കും മറ്റ് പരസ്യങ്ങൾക്കും എതിരെ, പോസ്റ്ററുകളിലും ബാനറുകളിലും പരസ്യങ്ങളിലുമുള്ള സ്ഥാപനങ്ങളുടേയും വ്യക്തിക

ളുടേയും സംഘടനകളുടേയും പേരിൽ, ശക്തമായ നിയമ നടപടി സ്വീകരിക്കും.

262. ഇതിനായി ഒരു ബൈലോ തയ്യാറാക്കി ഡിവിഷനിലെ ഹെൽത്ത്, റെവന്യു, ബിൽഡിംഗ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനമാരംഭിക്കും. പൊതുജന പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക.

## സിറ്റി ഗ്യാസ് പദ്ധതി

263. കൊച്ചിയിൽ 2013 ൽ കമ്മീഷൻ ചെയ്യപ്പെട്ട എൽ.എൻ.ജി. സ്റ്റേഷനിൽ നിന്നും ലഭ്യമായ പ്രകൃതി വാതകത്തിന്റെ ഒരു ഭാഗം പാചകവാതക മായി പൈപ്പ് ലൈൻ വഴി വിതരണം ചെയ്യാനുള്ള നടപടി ഉണ്ടാകണ മെന്ന ആവശ്യത്തെ സർക്കാർ വളരെ വൈകിയാണ് അംഗീകരിച്ച് ഒരു സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ ലൈസൻസിയെ ഏൽപ്പിച്ചത്. ഐ.ഒ.സി. യും അദാനി ഗ്രൂപ്പും ചേർന്ന ഒരു കസോർഷ്യത്തിന് വിതരണ ലൈസൻസ് നൽകിയെങ്കിലും അവരുടെ പ്രവർത്തനങ്ങൾ നഗരത്തിലേക്കെത്തിയിട്ടില്ല. ഈ പദ്ധതി നടപ്പാക്കാൻ കൊച്ചി മുനിസി പ്പൽ കോർപ്പറേഷൻ മുൻകൈയെടുക്കും.

264. പൊതു കണക്ഷൻ സംവിധാനത്തിലൂടെ പൈപ്പ് ലൈൻ വഴി വീടുക ളിൽ പാചക ഗ്യാസ് എത്തിക്കുന്ന സിറ്റി ഗ്യാസ് പദ്ധതിയുടെ ആദ്യ ഘട്ടം വെണ്ണല പ്രദേശത്ത് ഈ വർഷം തന്നെ നടപ്പിലാക്കും. ഇന്ത്യൻ ഓയിൽ കോർപ്പറേഷനും അദാനി ഗ്രൂപ്പുമായി സഹകരിച്ച് ഇതിനാവ ശ്യമായ പൈപ്പ് ലെയിംഗും മറ്റ് പ്രവൃത്തികളും യുദ്ധകാലാടി സ്ഥാനത്തിൽ പൂർത്തീകരിക്കുന്നതിന് മുൻകൈയെടുക്കും.

## റെസിഡൻസ് അസോസിയേഷനുകൾ

265. നഗരത്തിലെ റെസിഡന്റ്സ് അസോസിയേഷനുകൾ കൊച്ചി മുനിസി പ്പൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്ക് വലിയ പിന്തുണയാണ്

നൽകുന്നത്. റെസിഡന്റ്സ് അസോസിയേഷനുകളുമായി കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ പദ്ധതികളും പരിപാടികളും സംബന്ധിച്ച് നിരന്തര വിനിമയം നടത്തുന്നതിന് റെസിഡന്റ്സ് അസോസിയേഷനുകളുടെ രജിസ്ട്രേഷൻ നിർബന്ധമാക്കും. വികസന പദ്ധതികളിൽ റെസിഡൻസ് അസോസിയേഷനുകളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വരൂപിക്കും.

## ഡിസാസ്റ്റർ മാനേജ്മെന്റ്

266. വർദ്ധിച്ചു വരുന്ന പ്രകൃതി- മനുഷ്യ നിർമ്മിത ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ 'ദുരന്ത നിവാരണ' പ്രവർത്തനങ്ങൾ ശാസ്ത്രീയമായി നടപ്പിലാക്കുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കും. ജില്ലാ ഭരണകൂടം, പോലീസ്, ഫയർഫോഴ്സ്, നേവി, റെവന്യു വിഭാഗവുമായി സംയുക്തമായി ചേർന്ന് വിശദമായ രൂപരേഖ തയ്യാറാക്കും.

267. ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 10 ലക്ഷം രൂപ നീക്കിവെക്കുന്നു.

## പുതിയ തസ്തികകൾ

268. ഒരു ആധുനിക നഗരത്തിന്റെ ആവശ്യങ്ങൾ നേരിടുന്നതിനും പരിഹരിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള ഉദ്യോഗസ്ഥ സംവിധാനമല്ല ഇന്ന് നിലവിലുള്ളത്. ഘട്ടം ഘട്ടമായി ഈ കുറവ് പരിഹരിച്ച് കൂടുതൽ വൈദഗ്ധ്യമുള്ളവരെ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്കായി നിയോഗിക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട സംസ്ഥാന സർക്കാർ അംഗീകാരത്തോടെ ഒരു എൻവയോൺമെന്റൽ എൻജിനീയർ, മെക്കാനിക്കൽ എൻജിനീയർ, ഓട്ടോമേഷൻ എൻജിനീയർ, ഇലക്ട്രോണിക്സ് എൻജിനീയർ, എൻഡോമോളജിസ്റ്റ്, ഫിനാൻസ് ഓഫീസർ, സോഷ്യൽ വെൽഫെയർ ഓഫീസർ, ലൈബ്രേറിയൻമാർ, സർവ്വേയർമാർ എന്നിവരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

## കൊച്ചിയുടെ പാരിസ്ഥിതിക നിലവാര വിലയിരുത്തൽ

269. പാരിസ്ഥിതിക ആരോഗ്യമാണ് ഈ നഗരത്തിന്റെ ഭാവി വികസനത്തിന്റെ അടിസ്ഥാനം എന്നുള്ളത് കൊണ്ട് കൊച്ചിയുടെ പാരിസ്ഥിതിക ആരോഗ്യം വിലയിരുത്തുതിനായി ഒരു പദ്ധതി നടപ്പിലാക്കുന്നതാണ്.

270. കൊച്ചിയിലെ വായു, ജലം, മണ്ണ് എന്നിവയുടെ ഗുണവിലവാരം, ഭൂവിനിയോഗരീതി, ജൈവവൈവിദ്ധ്യം, ശബ്ദമലിനീകരണ തോത് തുടങ്ങിയ വിഷയങ്ങളെ അടിസ്ഥാനമാക്കി വിദഗ്ദ്ധ പരിശോധനകളിലൂടെ പാരിസ്ഥിതിക ആരോഗ്യം തിട്ടപ്പെടുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുമായാണ് ഈ പദ്ധതി. ഉപഗ്രഹ ചിത്രങ്ങളിലൂടെയും വിദൂര സംവേദ (റിമോട്ട് സെൻസിംഗ്) സാങ്കേതിക വിദ്യയുടേയും സഹായം ഇതിനായി ഉപയോഗിക്കും. ഈ പദ്ധതിക്ക് വേണ്ട സാങ്കേതിക സഹായം എസ്.സി.എം.എസ്. എൻജിനീയറിംഗ് കോളേജിലെ എം.ടെക്. പാരിസ്ഥിതിക എൻജിനീയറിംഗ് വിഭാഗം നൽകുന്നതാണ്. ഈ പദ്ധതിക്കായി 20 ലക്ഷം രൂപ വകയിരുത്തുന്നു.

## എയർ ക്വാളിറ്റി ടെസ്റ്റിംഗ്

271. വായു മലിനീകരണം വികസനത്തിന്റെ ഒരു ദൂഷ്യഫലമാണ്. കൊച്ചിയിലെ വാഹനങ്ങൾ പുറന്തള്ളുന്ന പുകയും എയർകണ്ടീഷനുകളിൽ നിന്നും ബഹിർഗമിക്കുന്ന വിഷവാതകങ്ങളും നമ്മുടെ അന്തരീക്ഷത്തെ മലീമസമാക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട വിവിധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുകയും അന്തരീക്ഷ മലിനീകരണം കുറക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നടപ്പിലാക്കുകയും ചെയ്യും.

272. നഗരത്തിലെ പ്രധാന പോയിന്റുകളിൽ വായു ഗുണനിലവാരം അളക്കുന്നതിനുള്ള ടെസ്റ്റിംഗ് കേന്ദ്രങ്ങൾ സ്ഥാപിക്കും. ഇതിന്റെ അടിസ്ഥാനത്തിൽ വായു ഗുണനിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ കർശനമായി നടപ്പിലാക്കും.

273. ഈ പദ്ധതിയുടെ പ്രാഥമിക ചെലവുകൾക്കായി 50 ലക്ഷം രൂപ നീക്കിവെക്കുന്നു.

## ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ

274. കൊച്ചിയുടെ ജൈവ വൈവിദ്ധ്യവും ജൈവ സമ്പത്തും കാത്തു സൂക്ഷിക്കേണ്ട കടമ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന് ഉണ്ട്. നമ്മുടെ തനതായ വൃക്ഷലതാദികളേയും പക്ഷിമൃഗാദികളേയും ഭാവനാ പൂർണ്ണ വും പരിസ്ഥിതി സൗഹൃദവുമായ സമീപനങ്ങളോടു കൂടി സംരക്ഷി ക്കേണ്ട സമയം സമാഗതമായിരിക്കുന്നു. ജൈവ വിഭവങ്ങൾക്കു മേൽ പ്രാദേശിക ജനതയ്ക്കുള്ള അവകാശങ്ങളെ അംഗീകരിക്കുവാനും പ്രസ്തുത വിഭവങ്ങളെ സംബന്ധിച്ച് അവർക്കുള്ള അറിവുകൾ സംര ക്ഷിക്കുന്നതിനുമായി ഒരു ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാ ക്കുന്നതാണ്.

275. ഈ പദ്ധതിക്കായി അഞ്ച് ലക്ഷം രൂപ നീക്കിവെക്കുന്നു.

## മംഗളവനം

276. നമ്മുടെ നഗരത്തിലെ ഏറ്റവും പ്രാധാന്യമേറിയ പ്രകൃതിദത്തമായ പൈതൃകമാണ് മംഗളവനവും പരിസരവും. നഗരത്തിൽ ഇനിയും അവശേഷിക്കുന്ന അഭൂതപൂർവ്വമായ ജൈവവൈവിദ്ധ്യങ്ങളുടെ കലവറയാണ് ഈ പ്രദേശം. ഈ അപൂർവ്വത ഭാവി തലമുറയ്ക്കായി സംരക്ഷിച്ച് നിലനിർത്തേണ്ട ചുമതല നമുക്കുണ്ട്. കൊച്ചിയുടെ 'ശ്വാസ കോശമായി' വർത്തിക്കുന്ന മംഗളവനത്തിന്റെ സംരക്ഷണ പരിപാലന പ്രവർത്തനങ്ങൾക്കായി സംസ്ഥാന വനംവകുപ്പുമായി സഹകരിച്ച് പ്രവർത്തിക്കും.

277. ഇതിലേക്ക് ഈ സാമ്പത്തിക വർഷം 25 ലക്ഷം രൂപ നീക്കിവെക്കുന്നു.

## വിദ്യാഭ്യാസം

278. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ കീഴിലുള്ള മുഴുവൻ സ്കൂളുകളിലും ഭൗതീക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സമഗ്ര പദ്ധതി തയ്യാറാക്കും. പുതിയ ക്ലാസ് മുറികൾ പണിയൽ, കളിസ്ഥലം നന്നാക്കൽ, സ്കൂൾ നടപ്പാത ടൈൽ വിരിക്കൽ, സ്കൂൾ കോമ്പൗണ്ട് വാൾ നിർമ്മിക്കൽ, ബെഞ്ച്, ഡസ്ക് എന്നിവ വാങ്ങിക്കൽ, ടോയിലെറ്റ്–ലാറ്ററിൻ, എന്നിവ നിർമ്മിക്കൽ, ലൈബ്രറിയിൽ ഷെൽഫ്, പുസ്തക വിതരണം, സാനിറ്ററി നാപ്കിൻ ഇൻസിനിറേറ്റർ സ്ഥാപിക്കൽ എന്നിവ ഈ പദ്ധതിയുടെ ഭാഗമാകും. നഗരത്തിലെ മുഴുവൻ സർക്കാർ വിദ്യാലയങ്ങളിലും കൂടുതൽ സ്മാർട്ട് ക്ലാസ് റൂമുകൾ തയ്യാറാക്കും. ആധുനിക രീതിയിൽ സജ്ജീകരിച്ച ലാബുകളും കമ്പ്യൂട്ടർ ക്ലിനിക്കുകളും സ്ഥാപിക്കും. സ്കൂൾ ഗ്രൗണ്ടുകൾ നവീകരിക്കും.

279. നഗരത്തിലെ മുഴുവൻ വിദ്യാലയങ്ങളേയും 'സ്കൂൾ അറ്റ്‌ലസ്' പദ്ധതിയുടെ ഭാഗമാക്കി വിദേശ നഗരങ്ങളിലെ വിദ്യാലയങ്ങളുമായി ബന്ധിപ്പിക്കും.

## സ്കൂൾ മാനേജ്മെന്റ് സിസ്റ്റം

280. മൊബൈൽ ആപ്ലിക്കേഷനിലൂടെയും വെബ്സൈറ്റിന്റെ സഹായത്തോടെയും സ്കൂൾ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കും. ചില സ്വകാര്യ സ്കൂളുകളിൽ നടപ്പിലാക്കിവരുന്ന മാതൃകയിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലെ മുഴുവൻ സർക്കാർ സ്കൂളുകളിലും ഹാജർ, പ്രോഗ്രസ്സ് കാർഡ്, മറ്റ് അനുബന്ധ കാര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് രക്ഷകർത്താക്കളേയും വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും പരസ്പരം ബന്ധിപ്പിക്കുന്നതിന്റെ ഭാഗമായി 'ഇഫക്റ്റീവ് സ്കൂൾ മാനേജ്മെന്റ് സിസ്റ്റം' നടപ്പിലാക്കും.

## ബഡ്സ് റീഹാബിലിറ്റേഷൻ

281. മാനസിക ശാരീരിക വൈകല്യം നേരിടുന്ന കുട്ടികൾക്കുള്ള ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ കഴുത്ത്മുട്ടിൽ നിർമ്മാണ പ്രവർത്തനം പൂർത്തിയായിട്ടുണ്ട്. മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു കൊണ്ട് ഈ വർഷം തന്നെ ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം ആരംഭിക്കും.

282. വിദ്യാഭ്യാസ രംഗത്തെ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ നീക്കി വെക്കുന്നു.

## എസ്.സി.പി. പദ്ധതി

283. ഈ നഗരത്തിലെ പട്ടികജാതി വിഭാഗത്തിൽപെട്ട മുഴുവൻ ജന വിഭാഗ ങ്ങളുടേയും പൂർണ്ണമായ സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പ് വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് ഈ കൗൺസിൽ പ്രതിജ്ഞാബദ്ധമാണ്. വീടുകളില്ലാത്ത എല്ലാ കുടുംബ ങ്ങൾക്കും വീട്, സൗജന്യ വൈദ്യുതി, കുടിവെള്ളം, സ്വയംതൊഴിൽ പദ്ധതികൾ, വിദ്യാഭ്യാസ സഹായം, ആരോഗ്യ സംരക്ഷണം തുടങ്ങിയ സർവ്വ മേഖലകളിലും സഹായ ഹസ്തവുമായി ഈ കൗൺസിൽ ഉണ്ടാകും.

284. പട്ടികജാതി വിഭാഗക്കാർ താമസിക്കുന്ന കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും സമൂലമാറ്റങ്ങൾ കൊണ്ടുവരുന്നതിനും കോളനികൾ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഏറ്റെടുക്കും.

285. പട്ടികജാതി മേഖലയിലെ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ ചെലവഴിക്കും.

286. കൂടാതെ, വിദ്യാഭ്യാസ സഹായമായി പ്രത്യേക സ്കോളർഷിപ്പുകളും

പഠനോപകരണങ്ങളും വിതരണം ചെയ്യും. അർഹരായ വിദ്യാർത്ഥികൾക്കായി വിദേശ വിദ്യാഭ്യാസത്തിനായി സഹായം നൽകും. പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ നൽകും. ഇതിനായി 10 ലക്ഷം രൂപ നീക്കിവെക്കുന്നു. പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന 100 വിദ്യാർത്ഥികൾക്ക് ധനസഹായം നൽകും. ഇതിനായി 25 ലക്ഷം രൂപ നീക്കിവെക്കുന്നു. 200 പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകും. ഇതിനായി 1.5 ലക്ഷം രൂപ  നീക്കിവെക്കുന്നു.

## സാമൂഹ്യക്ഷേമം

287. സാമൂഹ്യപരമായി പിന്നോക്കം നിൽക്കുന്നവരുടെ ഉന്നമനത്തിനായി നിരവധി പദ്ധതികളാണ് വിഭാവനം ചെയ്ത് നടപ്പിലാക്കുന്നത്. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ കീഴിലുള്ള മുഴുവൻ സാമൂഹ്യ സേവന കേന്ദ്രങ്ങളുടേയും പ്രവർത്തനം സുഗമമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കും.

288. ഇതിലേക്കായി ഒരു കോടി രൂപ വകയിരുത്തുന്നു.

## പ്രകാശ ഗോപുരം

289. പുതുതലമുറയിൽ പെട്ട വിദ്യാർത്ഥികൾ പലപ്പോഴും ലക്ഷ്യബോധം നഷ്ടപ്പെട്ട് താത്കാലിക സുഖഭോഗത്തിന്റെ അപായകരമായ കെണിയിൽ അകപ്പെട്ട് സമൂഹത്തിനും കുടുംബത്തിനും ബാധ്യതയായി മാറുന്നു. മദ്യം, മയക്കുമരുന്ന്, അക്രമ വാസന എന്നിവയുടെ നീരാളിപ്പിടുത്തത്തിൽ നിന്ന് അവരെ മോചിപ്പിക്കുവാൻ മന:ശാസ്ത്രപരമായ സമീപനത്തിലൂടെ ഇവരെ അപഗ്രഥനം ചെയ്ത് പ്രതീക്ഷയുടേയും പ്രത്യാശയുടേയും പുതുവെളിച്ചത്തിലേക്ക് നയിക്കുവാൻ കഴിയുന്ന ഒരു കേന്ദ്രം ആരംഭിക്കുന്നതിന് 20 ലക്ഷം രൂപ വകയിരുത്തുന്നു.

## എല്ലാവർക്കും ഭക്ഷണം

290. നഗരത്തിൽ വന്നുപോകുന്നവരോ താമസിക്കുന്നവരോ ആയ അർഹരായ ആളുകൾക്ക് ഒരു നേരത്തെ ഭക്ഷണം കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ നൽകും. കേരള ഹോട്ടൽസ് ആന്റ് റെസ്റ്റോറന്റ് അസോസിയേഷനുമായി സഹകരിച്ച് നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ആദ്യഘട്ടത്തിൽ 500 പേർക്കുള്ള സൗജന്യ ഭക്ഷണമാണ് ലഭ്യമാക്കുന്നത്.

## എല്ലാവർക്കും ഭവനം

291. ചേരി പ്രദേശങ്ങളിൽ താമസിക്കുന്നവർക്കും സ്വന്തമായി വീടില്ലാത്തവരുമായ മുഴുവൻ പേർക്കും കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടെ ഭവനം നിർമ്മിച്ച് നൽകും. കൂടാതെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കായി ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡിയോടെ ഭവന നിർമ്മാണത്തിനുള്ള സഹായവും അഫോർഡബിൾ ഹൗസിംഗ് സ്കീമിലുൾപ്പെടുത്തി ഭവനനിർമ്മാണത്തിനുള്ള പദ്ധതിയും നടപ്പിലാക്കും.

292. ഈ സാമ്പത്തിക വർഷം പദ്ധതികൾക്കായി അഞ്ച് കോടി രൂപ വകയിരുത്തും.

## വയോജന സംരക്ഷണം

293. വയോജനങ്ങളുടെ സംരക്ഷണവും പരിപാലനവും മുന്തിയ പ്രാധാന്യത്തോടെ നടപ്പിലാക്കും. വയോജനങ്ങൾക്കായി മൊബൈൽ ക്ലിനിക്ക്, ജീവിതശൈലീ രോഗനിർണ്ണയ ക്യാമ്പ്, ഹെൽത്ത് ഡസ്ക് സർവ്വീസ്, കൗൺസിലിംഗ്, പാലിയേറ്റീവ് കെയർ എന്നീ പരിപാടികൾ സംഘടിപ്പിക്കും. ഐ.ഡി. കാർഡ് വിതരണം, വിനോദയാത്രാ പരിപാടികൾ എന്നിവ സംഘടിപ്പിക്കും.

294. വയോമിത്രം പദ്ധതിയുടെ ഭാഗമായി ഈ സാമ്പത്തിക വർഷം 25 ലക്ഷം രൂപ ചെലവഴിക്കും.

## വയോജന സംഗമം

295. ദേശീയ വയോജന ദിനത്തോടനുബന്ധിച്ച് നഗരത്തിലെ എല്ലാ വയോജനങ്ങളേയും സംഘടിപ്പിച്ച് ഒരു വയോജന കൂട്ടായ്മ സംഘടിപ്പിക്കും. സെമിനാറുകളും ചർച്ചകളും സാംസ്കാരിക പരിപാടികളും ഉൾക്കൊള്ളിച്ചായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക.

296. ഈ പദ്ധതിക്കായി അഞ്ച് ലക്ഷം രൂപ നീക്കിവെക്കുന്നു.

## വിഭിന്നശേഷിക്കാർക്ക് ഇൻഷ്വറൻസ്

297. കൊച്ചി നഗരത്തിൽ ഏകദേശം 1500 ഓളം വിഭിന്ന ശേഷിക്കാർ താമസിക്കുന്നുണ്ട്. ഈ വിഭാഗക്കാർക്ക് ഒരു മെഡി ക്ലെയിം പദ്ധതി നടപ്പിലാക്കും.

298. ഇതിനായി 13 ലക്ഷം രൂപ വകയിരുത്തുന്നു.

## സ്നേഹതീരം

299. മുതിർന്ന പൗരന്മാരുടെ സാമൂഹ്യക്ഷേമവും സുരക്ഷയും ഉറപ്പുവരുത്തുന്നതിനുള്ള ബാധ്യത ഒരു പ്രാദേശിക സർക്കാരിനുണ്ട്. ആ ഉത്തരവാദിത്വ ബോധത്തിൽ നിന്നാണ് ഈ നഗരത്തിലെ പഴയ തലമുറയിൽപെട്ടവർക്ക്, അവരിൽ ഉണർവ്വും ക്രിയാത്മകവുമായ ചേതനകളും ഉയർത്തുന്നതിന് യൂണിവേഴ്സിറ്റി ഓഫ് തേർഡ് എയ്ജ്, എൽഡർ ലൈൻ എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

300. സ്നേഹതീരം പദ്ധതികൾക്കായി 20 ലക്ഷം രൂപ വകയിരുത്തുന്നു.

## സാന്ത്വന സഹായം

301. നഗരത്തിലെ അർഹരായ 1056 മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തും. കൂടാതെ, സഹായ വിതരണവും നടത്തും.

302. ഇതിനായി രണ്ട് കോടി രൂപ നീക്കിവെക്കുന്നു.

## അംഗനവാടികൾ

303. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലുള്ള മുഴുവൻ അംഗന വാടികളുടേയും പശ്ചത്താല സൗകര്യം ഒരുക്കുന്നതിനും അനുപൂരക പോഷകാഹാര വിതരണത്തിനും ഈ കൗൺസിൽ പ്രതിജ്ഞാബദ്ധ രാണ്.

304. ഈ പദ്ധതിക്കായി 75 ലക്ഷം രൂപ നീക്കിവെക്കുന്നു.

## ഹൃദയപൂർവ്വം

305. എല്ലാ എച്ച്.ഐ.വി. എയിഡ്സ് രോഗ ബാധിതരായവരുടെ വിദ്യാർത്ഥി കളായ മക്കൾക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തും.

306. അഞ്ച് ലക്ഷം രൂപ ഈ ആവശ്യത്തിനായി നീക്കിവെക്കുന്നു.

## ഇടക്കൊച്ചിയിൽ പുതിയ അഗതി മന്ദിരം

307. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ ഇടക്കൊച്ചി യിൽ മൂന്നര ഏക്കർ സ്ഥലത്ത് ആധുനിക സൗകര്യങ്ങളോടെ 500 പേർക്ക് സൗകര്യമുള്ള അഗതിമന്ദിരം പണിയും. പള്ളുരുത്തി റിലീഫ് സെറ്റിൽമെന്റ് ഇവിടേക്ക് മാറ്റും.

308. 3.75 കോടി രൂപ ഇതിനായി കേന്ദ്ര-സംസ്ഥാന സർക്കാർ സഹായ ത്തോടെ ചെലവഴിക്കും.

309. കൂടാതെ നിലവിലുള്ള 2 അഗതി മന്ദിരങ്ങളുടേയും പുനരുദ്ധാരണത്തിന് ഒരു കോടി രൂപ ചെലവഴിക്കും.

## എല്ലാവർക്കും ശുചിമുറി

310. കൊച്ചി നഗരത്തിൽ ശരിയായ ശൗചാലയങ്ങൾ ഇല്ലാത്ത 1850 കുടുംബ ങ്ങൾ ഉണ്ട്. ഇവർക്ക് വൃത്തിയുള്ള ഗാർഹിക ശൗചാലയങ്ങൾ നിർമ്മിച്ച് കൊടുക്കും. ഇതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സ്വച്ച് ഭാരത് അടക്കമുള്ള പദ്ധതികളുടെ സഹായത്തോടെ രണ്ട് കോടി രൂപ ചെലവഴിക്കും.

## സി.ഡി.എസ്.-എ.ഡി.എസ്.-കുടുംബശ്രീ പ്രവർത്തനം

311. കുടുംബശ്രീ-സി.ഡി.എസ്. കളുടെ പ്രവർത്തനം സ്ത്രീ ശാക്തീകരണ രംഗത്തും സാമൂഹ്യക്ഷേമരംഗങ്ങളിലും വഹിച്ചുകൊണ്ടിരിക്കുന്ന പങ്ക് നിസ്തുലമാണ്. ഈ സ്ഥാപനങ്ങളുടെ കർമ്മശേഷിയും ക്രയവിക്രയ ശേഷിയും വർദ്ധിപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഈ സ്ഥാപനങ്ങളെ സാമൂഹ്യ മാറ്റത്തിന്റെ മുഖ്യ ചാലക ശക്തികളാക്കുന്ന തിനുള്ള കർമ്മപദ്ധതികളാണ് കൗൺസിൽ ആവിഷ്കരിച്ചിട്ടുള്ളത്.

312. കുടുംബശ്രീകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 225 പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിനും നിർജ്ജീവമായിക്കിടക്കുന്ന 340 അയൽക്കൂട്ടങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും 50 ലക്ഷം രൂപ യും അതിനോടൊപ്പം തന്നെ 610 അയൽക്കൂട്ടങ്ങൾക്ക് സമ്പാദ്യശീലം വളർത്തുന്നതിനായി ത്രിഫ്റ്റ് ഫണ്ടിലേക്ക് 61 ലക്ഷം രൂപയും 74 എ.ഡി.എസ്. കളുടെ പ്രവർത്തനം സജീവമാക്കുന്നതിനായി 37 ലക്ഷം രൂപയും ബഹുമാനപ്പെട്ട കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടെ ചെലവഴിക്കും.

## സ്വയംതൊഴിൽ സംരംഭങ്ങൾ

313. സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ താല്പര്യമുള്ള നഗര ദരിദ്രർക്ക് സംരംഭകത്വ വികസന പരിശീലനവും നൈപുണ്യ പരിശീലനവും നൽകുന്നതും 7% പലിശ നിരക്കിൽ ബാങ്ക് ലോൺ ലഭ്യമാക്കുന്നതിനുള്ള സാങ്കേതിക സഹായങ്ങളും നൽകും. വ്യക്തിഗത സംരംഭങ്ങൾക്ക് 2,00,000 രൂപ വരെയും ഗ്രൂപ്പ് സംരംഭങ്ങൾക്ക് 10,00,000 രൂപ വരെയും പലിശ സബ്സിഡിയോടെ ബാങ്ക് ലോൺ ലഭ്യമാക്കും.

314. കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടെ ഈ പദ്ധതി നടപ്പിലാക്കും.

## നഗര ഉപജീവന കേന്ദ്രം

315. നഗരത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ സഹായിക്കുന്നതിനായി ഇൻഫർമേഷൻ സെന്ററും എംപ്ലോയ്മെന്റ് സെന്ററും അടക്കമുള്ള ഒരു വിപണന കേന്ദ്രം ഈ സാമ്പത്തിക വർഷം ആരംഭിക്കും. കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ ഈ സാമ്പത്തികവർഷം എട്ടുലക്ഷം രൂപ ഇതിനായി ചെലവഴിക്കും.

## തൊഴിൽ പരിശീലനം

316. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന യുവതീ യുവാക്കൾക്കായി സൗജന്യ തൊഴിൽ പരിശീലന പരിപാടി സംഘടിപ്പിക്കും. വിജയകരമായി പരിശീലനം പൂർത്തീകരിക്കുന്നവർക്ക് എൻ.സി.വി.ടി. സർട്ടിഫിക്കറ്റ് നൽകുകയും തൊഴിൽ ലഭ്യമാക്കുന്നതിന് സഹായം നൽകുകയും ചെയ്യും. ഒരു വ്യക്തിക്ക് 15000 രൂപ നിരക്കിൽ കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ പദ്ധതി നടപ്പിലാക്കും. ഇതിനായി 50 ലക്ഷം രൂപ നീക്കിവെക്കുന്നു.

## തെരുവ് കച്ചവടക്കാരുടെ ക്ഷേമം

317. തെരുവ് കച്ചവടക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി അർഹരായ തെരുവ് കച്ചവടക്കാരുടെ കണക്ക് എടുക്കുകയും അവർക്ക് തിരിച്ചറിയൽ കാർഡ് നൽകുകയും ചെയ്യും. ശാസ്ത്രീയമായ ഒരു സ്ട്രീറ്റ് വെൻഡിംഗ് പ്ലാൻ തയ്യാറാക്കുകയും വെൻഡിംഗ് സോണുകൾ ഉണ്ടാക്കുകയും ചെയ്യും. കൃത്യമായി ഈ സോണുകൾ പരിപാലനം നടത്തും. തെരുവ് കച്ചവടക്കാർക്കുള്ള പരിശീലനം, ഇവരെ സാമൂഹ്യ സുരക്ഷാ പദ്ധതികളുമായി ബന്ധിപ്പിക്കൽ എന്നീ പരിപാടികളും ഏറ്റെടുത്ത് നടത്തും.

318. ഈ പദ്ധതികൾക്കായി 57 ലക്ഷം രൂപ കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ ചെലവഴിക്കും.

## ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് & മാനേജ്മെന്റ് ഓഫ് ഹോസ്പിറ്റൽസ്

319. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന് കീഴിലുള്ള അഞ്ച് ആശുപത്രികളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ശരിയായ രീതിയിൽ മാനേജ് ചെയ്യുന്നതിനും 'ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് & മാനേജ്മെന്റ് ഓഫ് ഹോസ്പിറ്റൽസ്' എന്നൊരു നൂതനപദ്ധതി ആവിഷ്ക്കരിക്കും. ആശുപത്രികളുടെ അടിസ്ഥാന വികസന സൗകര്യവും ഉപകരണങ്ങളുടെ ആധുനികവൽക്കരണവും ആവശ്യാനുസരണമുള്ള മരുന്നുകളുടെ ശേഖരണവുമടക്കം ഈ ആശുപത്രികൾ ജനങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് സജ്ജമാക്കുതിനുള്ള പദ്ധതിയാണിത്. ഇതിനായി ഡോക്ടർമാരുടെ നേതൃത്വത്തിലുള്ള കമ്മിറ്റി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കും.

320. ഈ പദ്ധതിയുടെ പ്രാഥമിക ആവശ്യങ്ങൾക്കായി 10 ലക്ഷം രൂപ നീക്കിവെക്കുന്നു.

## ഹോമിയോ ഡിസ്പെൻസറികൾ

321. മുഴുവൻ ഡിവിഷനുകളിലും ഹോമിയോ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി നിലവിൽ ഡിസ്പെൻസറികൾ ഇല്ലാത്ത ഡിവിഷനുകളിൽ ഹോമിയോ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് ഒരു മാസം 10000 രൂപ വീതം അനുവദിക്കും. ചാരിറ്റബിൾ സൊസൈറ്റീസ് ഓഫ് ഹോമിയോപതി എന്ന സ്ഥാപനവുമായി ചേർന്ന് പദ്ധതി നടപ്പിലാക്കും.

322. ഈ പദ്ധതിക്കായി 40 ലക്ഷം രൂപ നീക്കിവെക്കുന്നു.

## ആയുർവേദം

323. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ കീഴിലുള്ള ആയുർവേദ ആശുപത്രികൾക്ക് മരുന്നിനും മറ്റ് അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്കുമായി 20 ലക്ഷം രൂപ നീക്കിവെക്കുന്നു.

## എ.ബി.സി.ഡി. കൊച്ചി (എ.ബി.സി.-എ.ആർ.ബി.) പദ്ധതി

324. ദക്ഷിണ ഏഷ്യയിൽ ആദ്യമായിതന്നെ എ.ബി.സി.-എ.ആർ.വി. പദ്ധതി വളരെ വിജയകരമായി ഏറ്റെടുത്ത് നടത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനമാണ് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ. ആയതിനാൽ വരുംകാലങ്ങളിൽ ഈ പദ്ധതി വിപുലീകരിച്ച് ഈ സംവിധാനത്തിന്റെ സന്ദേശവും സഹായവും മറ്റ് മുനിസിപ്പൽ കോർപ്പറേഷനുകളിലേക്ക് വ്യാപിപ്പിക്കുന്നതിനായി ഈ സ്ഥാപനത്തെ മൾട്ടി സ്പെഷ്യാലിറ്റി ട്രെയിനിംഗ് സംവിധാനമായി ഉയർത്തും.

325. പദ്ധതി കൊച്ചി മുനിസിപ്പൽ കോർപ്പറേഷന് ഒരു വരുമാന സ്രോതസ്സായി മാറും.

## വളർത്ത് നായ്ക്കളിൽ മൈക്രോ ചിപ്പ്

326. വളർത്ത് നായ്ക്കളെ തെരുവിൽ ഉപേക്ഷിക്കുന്നത് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ വരുന്ന എല്ലാ വളർത്ത് നായ്ക്കളേയും മൈക്രൊ ചിപ്പ് ഘടിപ്പിച്ച് വളർത്ത് നായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിക്കും.

327. ആദ്യഘട്ട പ്രവർത്തനം ഏപ്രിൽ മാസത്തിൽ ആരംഭിക്കും. ഇന്ത്യയിൽ തന്നെ ഇത്തരം ഒരു സമഗ്രപദ്ധതി പ്രാദേശിക ഭരണകൂടം ഏറ്റെടുക്കുന്നത് ആദ്യമായിരിക്കും. ഇതിനായി ഒരു കമ്പ്യൂട്ടർ സോഫ്റ്റ്വെയർ രൂപപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ഉടമസ്ഥന്റെ തിരിച്ചറിയൽ രേഖയുമായി നായ്ക്കളെ ബന്ധപ്പെടുത്തി ചിപ്പ് (മൈക്രോ ചിപ്പ്) പിടിപ്പിക്കുകയാണ് ചെയ്യുക. ഇത്തരം നായ്ക്കളെ തെരുവിൽ ഉപേക്ഷിച്ചാൽ മൈകോ ചിപ്പിന്റെ സഹായത്തോടെ ഉടമസ്ഥനെ പിഴ ഈടാക്കി ശിക്ഷിക്കാവുന്നതാണ്.

328. ഇതിനായി 20 ലക്ഷം രൂപ നീക്കിവെക്കുന്നു.

## അറവുശാലകൾക്ക് ആധുനിക മുഖം

329. മട്ടാഞ്ചേരി മരക്കടവിൽ ഉണ്ടായിരുന്ന അറവുശാല പ്രവർത്തനം നിർത്തിവെക്കേണ്ട സാഹചര്യം ഉണ്ടായതിനാൽ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതിയോടുകൂടി ഇതുമായി ബന്ധപ്പെട്ട എല്ലാ സാങ്കേതിക നടപടികളും പൂർത്തീകരിച്ച് ഈ വർഷം തന്നെ നിർമ്മാണം ആരംഭിക്കും.

330. ഈ പദ്ധതിക്കായി 50 ലക്ഷം രൂപ നീക്കിവെക്കുന്നു.

## ശ്മശാനം

331. ഇടപ്പള്ളി, പുല്ലേപ്പടി, പള്ളുരുത്തി ശ്മശാനങ്ങൾ സംസ്ഥാന സർക്കാർ സഹായത്തോടെ ആധുനിക സൗകര്യങ്ങളോടെ പുതുക്കിപ്പണിയും.

## ഹെൽത്ത് ഫോർ ഓൾ സ്പോർട്സ് ഫോർ ഓൾ

332. ആരോഗ്യമുള്ള ജനത ഏതൊരു നഗരത്തിന്റെയും സമ്പത്താണ്. പലപ്പോഴും ചുരുങ്ങിയ സൗകര്യങ്ങളിൽ ജീവിക്കുന്ന നഗരത്തിലെ ബഹുഭൂരിപക്ഷം കുട്ടികൾക്കും മതിയായ കായിക പരിപാടികളിൽ മുഴുകാനുള്ള സ്ഥലസൗകര്യം ലഭിക്കാറില്ല എന്നത് വസ്തുതയാണ്. ഇതുമൂലം ഇക്കൂട്ടരുടെ കായികമായുള്ള കഴിവുകൾ തിരിച്ചറിയപ്പെടാതെ പോകുന്ന സ്ഥിതിവിശേഷമുണ്ട്. ഈ ഒരവസ്ഥ നമ്മുടെ കുട്ടികൾക്കുണ്ടാകരുത്. അതിനായി സമഗ്രമായ കായിക നയം തയ്യാറാക്കിക്കൊണ്ട് കായിക മേഖലയെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികളും പരിപാടികളും ഈ ബജറ്റ് വിഭാവനം ചെയ്യുന്നു. 7 വയസ്സ് മുതൽ 70 വയസ്സ് വരെയുള്ള നഗരത്തിലെ എല്ലാ പൗരന്മാർക്കും ശാരീരികവും മാനസികവുമായ ആരോഗ്യം ഉറപ്പു വരുത്തുന്ന 'ഹെൽത്ത് ഫോർ ഓൾ സ്പോർട്സ് ഫോർ ഓൾ' എന്ന വലിയ മുദ്രാവാക്യമാണ് ഈ ബജറ്റ് ഉയർത്തുന്നത്. ഇത് യാഥാർത്ഥ്യമാക്കുന്നതിനുള്ള പദ്ധതികളും പരിപാടികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കും.

## കൊച്ചി സിറ്റി കപ്പ്

333. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലുള്ള എല്ലാ എയ്ഡഡ്-അൺഎയ്ഡഡ് സ്കൂളുകളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ദ്വിദിന കായികമേള സംഘടിപ്പിക്കും. 2016 സെപ്റ്റംബർ മാസത്തിൽ നടത്താനുദ്ദേശിക്കുന്ന ഈ മേളയ്ക്കുവേണ്ടി കായികരംഗത്ത് പ്രശസ്തരായ നഗരാതിർത്തിയിൽ താമസിക്കുന്ന, ദേശീയ അന്തർ ദേശീയ താരങ്ങളെ

ഉൾക്കൊള്ളിച്ച് ഒരു സ്പോർട്ട്സ് സബ്കമ്മിറ്റി രൂപീകരിക്കും. തുടർ വർഷങ്ങളിലും നടത്താൻ ഉദ്ദേശിക്കുന്ന ഈ കായിക മേളയ്ക്കായി കേന്ദ്ര-സംസ്ഥാന സർക്കാർ ഫണ്ട്, സി.എസ്.ആർ ഫണ്ടുകളും ഉപയോഗപ്പെടുത്തും.

334. ഈ കായിക മേളയ്ക്കായി അഞ്ച് ലക്ഷം രൂപ നീക്കി വെക്കുന്നു.

## പനമ്പള്ളി നഗർ സ്കൂൾ ഗ്രൗണ്ട് ഡെവലപ്മെന്റ്

335. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ അധീനതയിലുള്ള പനമ്പള്ളി നഗർ ഗവൺമെന്റ് സ്കൂളിന്റെ 4.5 ഏക്കർ ഗ്രൗണ്ട് ആധുനിക രീതിയിലുള്ള വിശാലമായ ഒരു സ്പോർട്ട്സ് കോംപ്ലക്സാക്കി സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ പണിയും.

336. ഇതിനായി 11 കോടി രൂപ ചെലവഴിക്കും.

## കായിക അടിസ്ഥാന വികസനം

337. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ എല്ലാ ഡിവിഷിനുകളിലും കളിസ്ഥലങ്ങൾ കണ്ടെത്തി അടിസ്ഥാന വികസനം ഏർപ്പെടുത്തി വിവിധ കായിക പരിശീലനങ്ങൾക്കായി ഉപയോഗിക്കും. ഇതിനായി തനത് ഫണ്ടും സി.എസ്.ആർ. ഫണ്ടും ഉപയോഗപ്പെടുത്തും. പൊതു സ്ഥലങ്ങൾ നവീകരിച്ച് പൊതുജനങ്ങൾക്ക് കൂടി നിശ്ചിതസമയം വ്യായാമം ചെയ്യാൻ പറ്റുന്നരീതിയിൽ പുന:ക്രമീകരിക്കും. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ കീഴിലുള്ള സ്കൂളുകളിലെ കളിസ്ഥലങ്ങളായിരിക്കും ഈ പദ്ധതിയിൽ ആദ്യ ഘട്ടത്തിൽ പരിഗണിക്കുക.

## കായിക താരങ്ങൾക്ക് നികുതി ഇളവ്

338. ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും പങ്കെടുക്കുന്ന കായികതാരങ്ങളെ വർഷത്തിലൊരിക്കൽ കൊച്ചി മുനിസിപ്പൽ കോർപ്പ

റേഷൻ ആദരിക്കും. അന്തർദേശീയ കായിക മത്സരങ്ങളിൽ മെഡൽ നേടുന്ന കായികതാരങ്ങളുടെ വീടുകൾക്ക് സർക്കാർ അനുമതിയോടെ നികുതി ഇളവ് നൽകും.

## 'കൊച്ചി സ്പോർട്സ് ഡേ'

339. നാഷണൽ സ്പോർട്സ് ഡേ മാതൃകയിൽ - ആഗസ്റ്റിലോ സെപ്റ്റംബറിലോ ഒരുദിനം കൊച്ചി സ്പോർട്സ് ഡേ ആയി പ്രഖ്യാപിക്കും. ഈ വർഷം കൊച്ചി സ്പോർട്ട്സ് ഡേ യുടെ തീം 'റൺ ഫോർ കൊച്ചി റൺ ഫോർ ഹെൽത്ത്' എന്നതായിരിക്കും. അന്നേ ദിവസം രാവിലെ ചുരുങ്ങിയത് ഒരു കിലോമീറ്ററെങ്കിലും ദീർഘമുള്ള കൂട്ടഓട്ടം ഓരോ വാർഡിലും ഒരേ സമയം റെസിഡന്റ്സ് അസോസിയേഷനുകളും ക്ലബുകളും മറ്റ് സംഘടനകളും ചേർന്ന് സംഘടിപ്പിക്കും.

340. പങ്കെടുക്കുന്ന എല്ലാവർക്കും സർട്ടിഫിക്കറ്റുകളും ആദ്യ മൂന്ന് സ്ഥാനങ്ങളിൽ എത്തുന്നവർക്ക് സമ്മാനങ്ങളും നൽകും.

341. ഇതിനായി അഞ്ച് ലക്ഷം രൂപ നീക്കിവെക്കുന്നു.

## കാർഷിക മേഖല

342. കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്ന ഒരു കാർഷിക നയമാണ് ഈ കൗൺസിൽ രൂപം കൊടുത്തിരിക്കുന്നത്. നഗരത്തിന് ആവശ്യമായ കാർഷിക വിളകൾ നഗരത്തിൽ തന്നെ ഉൽപ്പാദിപ്പിക്കുക എന്നതാണ് ഈ നയത്തിന്റെ മുഖ്യ ലക്ഷ്യം. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കാണ് ഈ ബജറ്റിൽ ഊന്നൽ നൽകിയിരിക്കുന്നത്.

343. വീടുകളിൽ നിന്നുള്ള ജൈവമാലിന്യം ഉപയോഗിച്ച് ജൈവകൃഷി ചെയ്യുന്നതിനായി M/s. യശോറാം ചാരിറ്റബിൾ ട്രസ്റ്റുമായി സഹകരിച്ച് 5000 വീടുകളിൽ 4 ടിഷ്യു കൾച്ചർ വാഴകളും 3 ചേനയും വീട്ടു

വളപ്പിൽ കോർപ്പറേഷന്റെ ചിലവിൽ നട്ടുകൊടുക്കുന്നതാണ്. കൂടാതെ, പുഷ്പ കൃഷിയുടെ ഭാഗമായി 400 കുടുംബങ്ങൾക്ക് ഓർക്കിഡ്, കുറ്റി മുല്ല എന്നിവ വിതരണം ചെയ്യുന്നതാണ്.

344. 10000 വീടുകളിൽ കോർപ്പറേഷന്റെ നേതൃത്വത്തിൽ സൗജന്യമായി ഗ്രോബാഗുകൾ നൽകും. ജൈവകൃഷിക്കും ടെറസ് കൃഷിക്കും പ്രത്യേക സഹായം നൽകും. ജൈവ കൃഷി ഉല്പന്നങ്ങളുടെ വിപണനത്തിനായി കുടുംബശ്രീ യൂണിറ്റുകളുടെ നേതൃത്വത്തിൽ വിപണന കേന്ദ്രങ്ങൾ ആരംഭിക്കും.

345. സമഗ്ര പച്ചക്കറി കൃഷി പദ്ധതിയുടെ ഭാഗമായി കൃഷിയിൽ താത്പര്യമുള്ളവർക്കായി 74 വാർഡുകളിലും കാർഷിക ട്രെയിനിംഗ് പ്രോഗ്രാമുകൾ റെസിഡൻസ് അസോസിയേഷനുകളുടെ സഹകരണത്തോടെ സംഘടിപ്പിക്കും. തോപ്പുംപടിയിൽ രാജീവ്ഗാന്ധി സ്റ്റേഡിയത്തിന് സമീപമുള്ള സുനാമി ഹാളിൽ സ്ഥിരം കാർഷിക പരിശീലന പരിപാടികൾക്കായി ഹാൾ സജ്ജമാക്കുന്നതും, ജൈവ കൃഷി, അക്വാപോണിക്സ്, പോളി ഹൗസ് ഫാർമിംഗ്, അർബൻ ഫാർമിംഗ് സംബന്ധമായ കാർഷിക പരിശീലന പദ്ധതികൾ സംഘടിപ്പിക്കും.

346. കാർഷിക മേഖലയുടെ പ്രവർത്തനങ്ങൾക്കായി 73 ലക്ഷം രൂപ നീക്കി വെക്കുന്നു.

## മത്സ്യബന്ധനം

347. കഴിഞ്ഞ അഞ്ചു വർഷത്തെ നേട്ടങ്ങളുടെ മാതൃകയിൽ തുടർന്നും പുതിയ ഫിഷ് ലാന്റിംഗ് സെന്ററുകളുടെ നിർമ്മാണവും മത്സ്യബന്ധന ഉപകരണങ്ങളുടെ വിതരണവും കടവുകളുടെ സംരക്ഷണവും വിപണന കേന്ദ്രങ്ങളുടെ നിർമ്മാണവും കൂടുതൽ ഊർജ്ജസ്വലമായി നടപ്പിലാക്കും.

348. നഗരപ്രദേശത്ത് മത്സ്യം ലഭ്യമാക്കുന്നതിനും വിപണന സാധ്യത വർദ്ധിപ്പിക്കുന്നതിനുമായി ആധുനിക രീതിയിലുള്ള 20 ഫിഷ് സ്റ്റാളുകൾ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ വിവിധ മേഖലകളിൽ തുടങ്ങും. നിലവിൽ നഗരത്തിൽ പ്രവർത്തിക്കുന്ന ചെറുതും വലുതുമായ മത്സ്യ വില്പന ശാലകൾ ശുചിത്വമുള്ളതും മത്സ്യങ്ങൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നതിനുമുള്ള സംവിധാനങ്ങളോടു കൂടിയുള്ളതുമാണെന്ന് ഉറപ്പ് വരുത്തും. അനധികൃതമായി തെരുവോരങ്ങളിൽ വൃത്തിഹീനമായ രീതിയിൽ നടത്തുന്ന എല്ലാ മത്സ്യവിൽപ്പന കേന്ദ്രങ്ങളും നിരോധിക്കും.

## ഫിഷ് ലാന്റിംഗ് സെന്റർ

349. മാനാശ്ശേരിയിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഏറ്റെടുത്ത 26 സെന്റ് സ്ഥലത്ത് എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു ഫിഷ് ലാന്റിംഗ് സെന്റർ പണിയും.

350. കൂടാതെ നിലവിലുള്ള എല്ലാ ഫിഷ് ലാന്റിംഗ് സെന്ററുകളും നവീകരിക്കും. മത്സ്യബന്ധന മേഖലയിലെ പ്രവർത്തനങ്ങൾക്ക് രണ്ട് കോടി രൂപ നീക്കിവെക്കുന്നു.

## വില്ലിംഗ്ടൺ ഐലന്റിൽ കൾച്ചറൽ സെന്റർ

351. ഇന്ത്യയിലെ പ്രകൃതിദത്ത തുറമുഖങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് കൊച്ചി തുറമുഖം. കൊച്ചിയെ ലോകത്തിൽ അറിയപ്പെടുന്ന വാണിജ്യകേന്ദ്രമാക്കി മാറ്റിയതിൽ കൊച്ചി തുറമുഖം വഹിച്ച പങ്ക് നിസ്തുലമാണ്. ഇന്നും കൊച്ചിയുടെ ടൂറിസം മേഖലയ്ക്ക് കൊച്ചി തുറമുഖം നൽകുന്ന പങ്ക് വലുതാണ്. കഴിഞ്ഞവർഷം മാത്രം ഏകദേശം 68 ഓളം വിനോദ സഞ്ചാര കപ്പലുകളാണ് കൊച്ചി തുറമുഖത്തടുത്തത്. ഈ കപ്പലുകളിൽ വന്ന ടൂറിസ്റ്റുകൾ നമ്മുടെ സമ്പദ് വ്യവസ്ഥയിലേക്ക് നൽകിയ സംഭാവനകൾ എത്രയോ മൂല്യവത്താണ്.

352. കൊച്ചി തുറമുഖം സ്ഥിതിചെയ്യുന്ന വില്ലിംഗ്ടൺ ഐലന്റ് അതിന്റെ ചരിത്ര പ്രാധാന്യംകൊണ്ട് ലോകശ്രദ്ധ നേടിയ ഇടമാണ്. വില്ലിംഗ്ടൺ ഐലന്റിന്റെ ചരിത്രവും കൊച്ചിയുടെ സംസ്കാരവും വിളിച്ചോതുന്നതിനായി ഐലന്റിൽ ഒരു കൾച്ചറൽ സെന്റർ കൊച്ചിൻ പോർട്ട് ട്രസ്റ്റുമായി സഹകരിച്ച് സ്ഥാപിക്കുന്നതാണ്.

## മട്ടാഞ്ചേരി ടൂറിസം ഹെറിറ്റേജ് സെന്റർ

353. മട്ടാഞ്ചേരി പർവ്വാന മുക്കിലുള്ള കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ അധീനതയിലുള്ള 35 സെന്റ് സ്ഥലത്ത് ഒരു ടൂറിസം-ഹെറിറ്റേജ് സെന്റർ പണിയും.

354. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി അഞ്ച് ലക്ഷം രൂപ നീക്കി വെക്കുന്നു.

## പി.ജെ. ആന്റണി സ്മാരകം

355. പച്ചാളത്ത് ഭരത് പി.ജെ. ആന്റണി സ്മാരകം നിർമ്മിക്കും. 'പി.ജെ. ആന്റണി ഇന്റനാഷണൽ സെന്റർ ഫോർ പെർഫോർമിംഗ് ആർട്ട്സ്' എന്ന പേരിൽ പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനായി നാഷണൽ കൾച്ചറൽ ഫണ്ടിന്റെ സഹായം തേടും.

356. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 20 ലക്ഷം രൂപ നീക്കി വെക്കുന്നു.

## ഭാഷാ-സാംസ്കാരിക വൈവിധ്യം

357. കൊച്ചിയിലെ ഭാഷാ-സാംസ്കാരിക വൈവിധ്യം പരിപാലിക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടേയും വിവിധ സംസ്ഥാന സർക്കാരുകളുടേയും സഹായത്തോടെ ഒരു ബൃഹദ് പദ്ധതി തയ്യാറാക്കും. ഇതിനായി ഇന്ത്യൻ ചേംബർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രീസിന്റെ സഹായത്തോടെ രൂപരേഖ തയ്യാറാക്കും.

## ഫോർട്ട് കൊച്ചി ബീച്ച്

358. ഫോർട്ട്കൊച്ചി മഹാത്മാ ഗാന്ധി ബീച്ച് നവീകരിച്ച് സൗന്ദര്യവൽക്കരിക്കും. പ്രശ്സതരായ അർബൻ ഡിസൈനേഴ്സിന്റേയും പ്ലാനേഴ്സിന്റേയും ലാന്റ്സ്കേപ്പ് ഡിസൈനേഴ്സിന്റേയും സേവനം ഇതിനായി ഉപയുക്തമാക്കും.

359. കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടെ അഞ്ച് കോടി രൂപ ഈ പദ്ധതിക്കായി ചെലവഴിക്കും.

## ലൈബ്രറികൾ

360. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന് കീഴിലുള്ള എല്ലാ ലൈബ്രറികളും ഡിജിറ്റലൈസ് ചെയ്യുകയും പരസ്പരം നെറ്റ്വർക്ക് ചെയ്യുകയും ചെയ്യും. ലൈബ്രറികളിലുള്ള നിലവിലെ മെമ്പർഷിപ്പ് കൂട്ടുന്നതിന് ക്യാമ്പയിൻ ആരംഭിക്കും. എല്ലാ ലൈബ്രറികളിലും ലൈബ്രേറിയന്മാരെ നിയമിക്കുകയും ചെയ്യും.

361. ലൈബ്രറികളിൽ പ്രത്യേകമായി അഗ്രിക്കൾച്ചറൽ കോർണ്ണർ (കൃഷി പ്രോത്സാഹിപ്പിക്കുതിനു വേണ്ടിയുള്ള പുസ്തകങ്ങൾ മാത്രം ഉൾപ്പെടുത്തിയിട്ടുള്ള പ്രത്യേക വിഭാഗം) സ്ഥാപിക്കും.

362. ഇതിലേക്ക് അഞ്ച് ലക്ഷം രൂപ നീക്കിവെക്കുന്നു.

## ഡിവിഷൻ വികസനം

363. ഓരോ ഡിവിഷന്റേയും സമഗ്ര വികസനം ലക്ഷ്യമാക്കി കൗൺസിലർമാരുടെ നേതൃത്വത്തിൽ തയ്യാറാക്കുന്ന പ്രാദേശിക വികസന പ്രവർത്തനങ്ങൾക്ക് 50 ലക്ഷം രൂപ വീതം നീക്കിവെക്കുന്നു.

## ഉപസംഹാരം

364. കേവലം ഒരു 'മുനിസിപ്പൽ കോർപ്പറേഷന്റെ' നിർവ്വചനത്തിൽ മാത്ര മൊതുക്കാവുന്ന നഗരമല്ല കൊച്ചി. സാംസ്കാരികമായും പൈതൃക പരമായും അനിർവചനീയമായ സ്ഥാനമലങ്കരിക്കുന്ന കൊച്ചി ഒരേ സമയം കേരളത്തിന്റെ ഭാവിയും പ്രതീക്ഷയുമാണ്. കൊച്ചിയുടെ വിക സനമാണ് കേരളത്തിന്റെ വികസനത്തിന്റെ അളവുകോൽ എന്നതിൽ അതിശയോക്തി ഇല്ല.

365. ഈ നഗരത്തിനെ സ്നേഹിക്കുകയും അതിന്റെ വികസനത്തിന് പിന്തുണ നൽകിയ വ്യക്തികളേയും സ്ഥാപനങ്ങളേയും സംഘടനക ളേയും ഈ അവസരത്തിൽ ഞാൻ നന്ദിയോടെ സ്മരിക്കുന്നു. കഴിഞ്ഞ 5 വർഷമായി കൊച്ചിയുടെ വികസനത്തിന് പരമപ്രാധാന്യം നൽകി പ്രവർത്തിച്ച ബഹുമാനപ്പെട്ട സംസ്ഥാന സർക്കാരിന് പ്രത്യേകം നന്ദി അറിയിക്കുന്നതിന് ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

366. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി, മന്ത്രിമാരായ ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. കെ. ബാബു, ശ്രീ. വി.കെ. ഇബ്രാംഹിം കുഞ്ഞ്, പ്രൊഫ. കെ.വി തോമസ് എം.പി., എം.എൽ.എ. മാരായ ശ്രീ. ബെന്നി ബഹ്നാൻ, ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, ശ്രീ. ഹൈബി ഈഡൻ, ശ്രീ. ലൂഡി ലൂയിസ്, ജി.സി.ഡി.എ. ചെയർമാൻ ശ്രീ. എൻ. വേണുഗോപാൽ, മുൻ മേയർ ശ്രീ. ടോണി ചമ്മണി, കെ.എം.ആർ.എൽ. എം.ഡി. ശ്രീ. ഏലിയാസ് ജോർജ്ജ് ഐ.എ.എസ്., എറണാകുളം ജില്ലാ കളക്ടർ ശ്രീ. എം.ജി. രാജമാണിക്യം ഐ.എ.എസ്. എന്നിവ രോടും കൊച്ചി നിവാസികൾക്കും കൊച്ചി മുനിസിപ്പൽ കോർപ്പറേഷനു ള്ള നന്ദി വാക്കുകൾക്കതീതമാണ്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് സെക്രട്ടറിമാർ, ഉദ്യോഗസ്ഥർ, വിവിധ സർക്കാർ വകുപ്പുകൾ, വകുപ്പ് തലവന്മാർ, വിവിധ സംഘടനകൾ, വാണിജ്യ വ്യവസായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യ കലാ സാഹിത്യ രംഗങ്ങളിൽ പ്രവർത്തി

ക്കുന്ന സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നി വർക്കും നന്ദി രേഖപ്പെടുത്തുന്നു.

367. ഇന്ത്യൻ നേവി, കൊച്ചിൻ പോർട്ട് ട്രസ്റ്റ്, കൊച്ചിൻ ഷിപ്പ്‌യാർഡ്, കൊച്ചിൻ റിഫൈനറി തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണവും പിന്തുണയും നഗരവികസനത്തിന് എന്നും കൈമുതലായിട്ടുണ്ട്. അവർക്കുള്ള നന്ദി ഈ അവസരത്തിൽ ഞാൻ രേഖപ്പെടുത്തട്ടെ.

368. രാഷ്ട്രീയ വ്യത്യാസങ്ങൾക്കതീതമായി വികസന പ്രവർത്തനങ്ങളിൽ ഒരേ മനസ്സോടെ പ്രവർത്തിക്കുന്ന എന്റെ സഹകൗൺസിലർമാരേയും വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് അക്ഷീണം പ്രയത്നി ക്കുന്ന കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ജീവനക്കാരേയും നന്ദി യോടെ സ്മരിക്കുന്നു.

369. തെറ്റുകളും കുറവുകളും ചൂണ്ടിക്കാട്ടുകയും നല്ലതിനെ അംഗീകരി ക്കുകയും ചെയ്യുന്ന മുഴുവൻ മാധ്യമങ്ങളോടും മാധ്യമപ്രവർത്തക രോടും സർവ്വോപരി കൊച്ചിയിലെ മുഴുവൻ പൗരാവലിയോടും ഈ കൗൺസിലിന്റെ പേരിലുള്ള ഹൃദയം നിറഞ്ഞ നന്ദി ഞാൻ രേഖപ്പെ ടുത്തുന്നു.

370. കൊച്ചിയുടെ സർവ്വോന്മുഖ വികസനം എന്ന ലക്ഷ്യത്തിലേക്കുള്ള പ്രയാണമാണീ യാത്ര. എല്ലാമായി എന്നുള്ള അവകാശവാദങ്ങളൊ ന്നും ഉന്നയിക്കുന്നില്ല. കുന്നോളം വാഗ്ദാനങ്ങൾ വാരിവിതറുന്ന തിനേക്കാൾ കുന്നിക്കുരുവോളം കാര്യങ്ങൾ ചെയ്ത് തീർക്കുന്നതി ലാണ് ഞങ്ങൾ വിശ്വസിക്കുന്നത്. പലവിധ അഭിപ്രായ വ്യത്യാസങ്ങൾ ക്കിടയിലും കൊച്ചിയെന്ന നാമം നമ്മെ ഒരുമിപ്പിക്കും. കൊച്ചിയുടെ വികസനം, അതുമാത്രമായിരിക്കണം നമ്മുടെ ഉന്നം. ആ ലക്ഷ്യത്തി ലേക്കായി നാം ഒരുമിച്ച് മുന്നേറേണ്ടിയിരിക്കുന്നു. പാഴാക്കാൻ

സമയമൊട്ടുമില്ല എന്ന തിരിച്ചറിവിൽ ഓരോ നിമിഷവും നമുക്ക് പ്രവർത്തിക്കാം, നമ്മുടെ നഗരത്തിനായി.

371. ഇന്ത്യയുടെ മുൻ പ്രധാനമന്ത്രി യശഃശരീരയായ ശ്രീമതി. ഇന്ദിരാ ഗാന്ധിയുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് ഈ ബജറ്റ് നിങ്ങൾക്കു മുന്നിൽ സവിനയം സമർപ്പിക്കുകയാണ്.

372. *"The more one does, the more one attempts, the more one is capable of doing" and if you ask me, can we do better? my answer would be "yes we can and we should."*

സ്നേഹാദരങ്ങളോടെ,

**നികുതി-ധനകാര്യ**
**സ്റ്റാന്റിംഗ് കമ്മറ്റിക്കുവേണ്ടി,**

**ചെയർമാൻ**
**ടി.ജെ. വിനോദ്**
**ഡെപ്യൂട്ടി മേയർ**